കുടുംബജീവിതപരമ്പര 6

JANATHA SERVICES ERNAKULAM

# വ്യക്തിയും കുടുംബവും

കെ. പി. വർക്കി കുന്നേൽ

malankaralibrary.com

# വ്യക്തിയും കുടുംബവും

കെ. പി. വർക്കി കുന്നേൽ

10.00 ജനത തേവര

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

Distributed by:

**Janatha Book Stall**
**Thevara, Cochin-13**

Copyright:

K. P. Varkey 1987

Published by:

Janatha Services, Thevara
Cochin - 13, Mar. 1987.

**Printed at:**

Pressman, Kottayam

**Art:**

C. N. Raju, K. C. M. Press

JS 00187 SN 00262 868723 1000-1 KJP-6

malankaralibrary.com

# ആമുഖം

മാനസിക സംഘർഷത്തിന്റെയും ലൈംഗിക സ്ഫോടനത്തിന്റെയും യുഗമെന്നാണ് ഇരുപതാം നൂറ്റാണ്ട് അറിയപ്പെടുന്നത്. ജീവിതത്തിന്റെ എല്ലാ തുറകളിലും മൂല്യത്തകർച്ച ദൃശ്യമാണ്. യുഗങ്ങൾ പഴക്കമുള്ള സ്ഥാപനമാണെങ്കിലും, ദാമ്പത്യവും തുറന്ന ആക്രമണത്തിന് ഇരയായിത്തീർന്നിരിക്കുന്നു. ഈ അസാധാരണ പെരുമാറ്റങ്ങളുടേയും വെല്ലുവിളികളുടേയും പിന്നിലെല്ലാം പ്രവർത്തിക്കുന്നത് വ്യക്തിത്വസംക്ഷോഭങ്ങളാണെന്നു കാണാം. ദാമ്പത്യബന്ധം ഇത്തരം മാനസികാസ്വാസ്ഥ്യങ്ങൾക്കുള്ള സിദ്ധൗഷധമായി ചിലർ കരുതുന്നു. എന്നാൽ ജീവിതത്തിലെ ദു:ഖങ്ങളും പ്രയാസങ്ങളും ദാമ്പത്യസൗഭാഗ്യത്തെ ക്ഷയിപ്പിക്കുക മാത്രമല്ല അതു നശിപ്പിക്കുകകൂടെ ചെയ്യുന്നു. കാരണം, വൈകാരികപക്വതയില്ലാത്തവരും ചഞ്ചലചിത്തരുമായ ദമ്പതികൾക്ക് ശാശ്വതമായ ഒരു ബന്ധത്തിന് കഴിവില്ലെന്നതാണ്.

വിവാഹം ഒരു രക്ഷപ്പെടലല്ല: പരസ്പരദാനമാണ്—ജീവന്റെയും ആത്മാവിന്റെയും സ്വയം ദാനം. യഥാർത്ഥസ്നേഹമില്ലാത്തിടത്ത് ഐക്യവും പരസ്പരദാനവും വൈകാരികോൽഗ്രഥനവും സാദ്ധ്യമല്ല. സ്ത്രീപുരുഷന്മാർ പലതരത്തിലും ഭിന്നരാണെങ്കിലും മൗലികമായി ഒന്നാണ്; പരസ്പരാശ്രിതരാണ്. ആ പരസ്പരപൂരകമൂല്യമാണ് ദാമ്പത്യസംയോഗത്തിനു നിദാനം. സ്നേഹംകൂടാതെയുള്ള ദാമ്പത്യജീവിതം വെറും കൂടിച്ചേരൽ മാത്രമാണ്. സമരാംശത്തിൽ നൽകുന്ന ഒരു പ്രവണതയാണ് സ്നേഹം. തന്നെത്തന്നെ നൽകിക്കൊണ്ട് മറ്റൊരു വ്യക്തിയുടെ സ്വയം ദാനത്തെ സസന്തോഷം സ്വീകരിക്കലാണത്. ഈ പ്രക്രിയയ്ക്ക് വ്യക്തികളുടെ വൈകാരികവും ബൗദ്ധികവും ആത്മീയവുമായ വളർച്ചയും വികസനവും അനിവാര്യമാണ്. ദാമ്പത്യത്തിലൂടെ പൂർണ്ണമായി ഐക്യപ്പെട്ട് ഒരാത്മാവായിത്തീരുമ്പോൾ ക്രമത്തിൽ ഈ വികസനപ്രക്രിയയും സംഭവിക്കുന്നു. അപ്പോൾ ദാമ്പത്യജീവിതത്തിനും സ്നേഹത്തിനും പുതിയൊരു അർത്ഥവും ഉൾക്കാഴ്ചയും ദമ്പതിമാർ നേടുന്നു. അതിനാൽ, ദാമ്പത്യം വ്യക്തിത്വവികസനത്തെ തടയുന്നില്ല; പ്രത്യുത പ്രോത്സാഹിപ്പിക്കുകയും ത്വരിപ്പിക്കുകയും ചെയ്യുന്നു.

എന്നാൽ ദമ്പതിമാർ അന്യോന്യം തങ്ങളുടെ അനന്യതയും സവിശേഷ വ്യക്തിത്വവും അംഗീകരിക്കുമ്പോഴേ ഈ വികസ

malankaralibrary.com

നവും സൗഹൃദവും നടക്കുന്നുള്ളു. ഓരോ വ്യക്തിക്കും, ഭാര്യയ്ക്കും ഭർത്താവിനും, സ്വന്തം തനിമ നിലനിർത്താൻ കഴിയണം. സ്വന്തം സുഖത്തിനുവേണ്ടി അതിന്റെ വളർച്ച തടയാൻ ആർക്കും അവകാശമില്ല. മറിച്ച് അതു് വളർത്തിക്കൊണ്ടുവരാൻ പരസ്പരം സഹായിക്കേണ്ടതു് അവരുടെ കടമയാണു്.

ദമ്പതിമാർക്കു് സ്വകാര്യവും വ്യക്തിപരവുമായ ഒരു ജീവിതത്തിനു് അവകാശമില്ല. ദാമ്പത്യം സ്വാതന്ത്ര്യത്തിനുള്ള ലൈസൻസല്ല, ലൈംഗികബന്ധത്തിനുള്ള പ്രതിഫലവുമല്ല. ഭാര്യയും ഭർത്താവും തമ്മിൽ അധീനയും അധീശനും എന്ന വിവേചനവുമില്ല. അവർ തുല്യരാണു്; അതുല്യവ്യക്തികളാണു്; സുഹൃത്തുക്കളാണു്; കാമുകീകാമുകന്മാരാണു്. സമത്വവും സൗഹൃദവുമുള്ള പ്രേമജോടികളാണു്. അവർ തമ്മിലുള്ള സ്നേഹവും സൗഹൃദവും എത്രമാത്രം ആഴമേറിയതാകുന്നുവോ അത്രമാത്രം ദാമ്പത്യം സുഭദ്രവും സുദൃഢവുമായിത്തീരുന്നു.

ഈ കൃതിയിലൂടെ സമർത്ഥിക്കാൻ ശ്രമിക്കുന്നതു് സൂചിതമായ ഈ സ്നേഹധാരണയാണു്. ആധുനിക ദമ്പതിമാരിലും വിവാഹിതരാകാൻ ആഗ്രഹിക്കുന്നവരിലും ക്രമീകൃതവും സുശിക്ഷിതവുമായ ഒരു സ്നേഹബന്ധത്തിൽ ഉറച്ച വിശ്വാസമുണ്ടാക്കുകയാണു് ഇതിന്റെ പരമപ്രധാന ലക്ഷ്യം. സ്നേഹം ശരിയായി ഗ്രഹിക്കുകയും അഭ്യസിക്കുകയും ചെയ്താൽ, അതിനു് വിവാഹബന്ധങ്ങളെ രക്ഷപ്പെടുത്താനും വിവാഹസ്ഥാപനത്തെ ശാശ്വതമായി നിലനിർത്താനുമുള്ള കരുത്തും കഴിവും ഉണ്ടെന്ന വിശ്വാസവും അനുഭവവുമാണു് ഈ വാദത്തിനു് ഉപോൽബലകം. മാത്രമല്ല, അത്തരം സ്നേഹം വ്യക്തികൾക്കും ദമ്പതികൾക്കും യഥാർത്ഥ വളർച്ചയ്ക്കുള്ള സത്യസന്ധമായ ഒരു സ്രോതസ്സുകൂടെയാണു്. അതിനാൽ യുവതീയുവാക്കൾക്കു് സ്നേഹപോഷണത്തിനും വ്യക്തിഗതമായ വളർച്ചയ്ക്കുമുള്ള പ്രചോദനം ഇതിൽനിന്നും ലഭിക്കാൻ ഇടവരട്ടെ എന്നാശംസിക്കുന്നു!

തൃപ്പൂണിത്തുറ,
പുതിയകാവ്
21-2-'87

കെ. പി. വർക്കി, കുന്നേൽ

# ഉള്ളടക്കം


1. തകർന്ന ദാമ്പത്യം രക്ഷിക്കുക സാദ്ധ്യമോ?
2. വിജയകരമായ ദാമ്പത്യബന്ധങ്ങൾ
3. ദാമ്പത്യബന്ധം സജീവമാക്കാൻ ചില നിർദ്ദേശങ്ങൾ
4. അസാദ്ധ്യമായ സങ്കല്പങ്ങൾ
5. അബോധപൂർവ്വമായ ആവശ്യങ്ങൾ
6. നിശ്ശബ്ദമായ വാക്കുകൾ, സംസാരിക്കാത്ത വികാരങ്ങൾ
7. പ്രതികരണം എങ്ങനെ മെച്ചപ്പെടുത്താം?
8. സ്നേഹത്തിന്റെയും ജീവിതത്തിന്റെയും ഉററ പങ്കാളിത്തം
9. അനൗപചാരിക കരാറുകൾ
10. ദാമ്പത്യത്തിലെ ആത്മാർപ്പണം
11. ദാമ്പത്യബന്ധത്തിലെ തളർച്ചയും വളർച്ചയും
12. വ്യക്തിത്വഭാവങ്ങളും വിവാഹബന്ധങ്ങളും
13. വ്യക്തിഭാവങ്ങൾ ഭിന്നമായിരിക്കുമ്പോൾ....
14. ദമ്പതിമാർ—സുഹൃത്തുക്കളും കാമുകീകാമുകന്മാരും


malankaralibrary.com

ഒന്ന്

# തകർന്ന ദാമ്പത്യം രക്ഷിക്കുക സാദ്ധ്യമോ?

പന്ത്രണ്ടുവർഷത്തിനുമുമ്പ് ആൻഡ്രൂവിന്റെയും ബ്രിജീത്തയുടെയും വിവാഹാഘോഷങ്ങളിൽ പങ്കെടുത്തവർ ആത്മസംതൃപ്തിയോടെയാണ് മടങ്ങിയത്. വിവാഹം സ്വർഗ്ഗത്തിലാണ് തീരുമാനിക്കുന്നതെന്ന ചൊല്ല് അന്വർത്ഥമാകുന്നവിധത്തിൽ നവദമ്പതിമാർ അത്യധികം അനുരൂപരായിരുന്നു. 23 വയസ്സുള്ള ബ്രിജീത്താ നോവലുകളിൽ സാധാരണമായി വർണ്ണിക്കപ്പെടുന്ന വധുവിനെപ്പോലെ സുന്ദരിയും സുശീലയുമായിരുന്നു, പ്രശസ്തമായ ഒരു സ്ഥാപനത്തിൽ അവൾക്ക് നല്ല ജോലിയുമുണ്ടായിരുന്നു. ജോലിസ്ഥലത്തുവച്ചാണ് അവൾ ആൻഡ്രൂവിനെ കണ്ടുമുട്ടിയതും ഇഷ്ടപ്പെട്ടതും. അവൾ അഭിമാനത്തോടെ വിശേഷിപ്പിക്കാറുള്ളതുപോലെ, ആൻഡ്രൂ മറ്റേതൊരു പുരുഷനിൽനിന്നും തികച്ചും ഭിന്നനായിരുന്നു; പ്രത്യേകിച്ച്, ആദ്യദിവസങ്ങളിൽ. ഇരുപത്തഞ്ചുവയസ്സുകാരനായ അയാൾ ബ്രിജീത്തയ്ക്കു തികച്ചും അനുരൂപനായ വരനായിരുന്നു; വിവേകശാലി. ജീവിതത്തിൽ എന്താണ് തനിക്കു വേണ്ടതെന്ന് അയാൾ മനസ്സിലാക്കിയിരുന്നു—ഒരു കുടുംബവും സ്നേഹനിധിയായ ഭാര്യയും, നല്ല ഭാവിയും.

ബന്ധുക്കളെപ്പോലെതന്നെ, യുവദമ്പതികളും സന്തോഷത്തോടെ ദേവാലയത്തിൽനിന്നു പുറത്തുവന്നു—പരസ്പരം ഒന്നായിത്തീർന്നു. അംഗങ്ങളുടെ മുമ്പിൽവെ

malankaralibrary.com

ച്ച് കണ്ണുനീരും പുഞ്ചിരിയും കലർന്ന ഒരു ജീവിതമാണ് തങ്ങൾ പരസ്പരം വാഗ്ദാനം ചെയ്തതെങ്കിലും "കണ്ണുനീരിന്റെ ഈ താഴ്വരയിൽ മനുഷ്യനു പകുത്തു വച്ചിട്ടുള്ള സമ്പൂർണ്ണമായ സന്തോഷവും" അവർ തങ്ങളുടെ ദാമ്പത്യത്തിൽനിന്നു പ്രതീക്ഷിച്ചു.

എന്നാൽ, മൂന്നു കുഞ്ഞുങ്ങളുടെ മാതാപിതാക്കന്മാരാകുകയും പന്ത്രണ്ടുവർഷത്തെ ദാമ്പത്യജീവിതം നയിക്കുകയും ചെയ്തപ്പോൾ, ഈ പ്രതീക്ഷകൾക്കു ഐക്യത്തിനും മാററമുണ്ടായി. ഈ ദമ്പതിമാരെ സംബന്ധിച്ചിടത്തോളം, നാളെയുടെ സുന്ദരവാഗ്ദാനങ്ങൾ, ശിഥിലീകരണത്തിന്റെയും പരാജയത്തിന്റെയും നിഷ്പ്രഭമായ വ്യാജലോകമായിത്തീർന്നു. ആദ്യകാലത്തു് അവക്കു പങ്കുവയ്ക്കാൻ ധാരാളമുണ്ടായിരുന്നു. വളരെയേറെക്കാര്യങ്ങൾ; പറഞ്ഞാലും പറഞ്ഞാലും തീരാത്തവിഷയങ്ങൾ! ഇപ്പോൾ കുട്ടികളുടെ കാര്യത്തിൽ തക്കിക്കാനോ വീട്ടുകാര്യങ്ങളെക്കുറിച്ചു് കലഹിക്കാനോ മാത്രമാണു് അവർ വായ തുറക്കുന്നതു്. അവർ പരസ്പരം ആരോപണങ്ങൾ നടത്തുന്നു.

ആൻഡ്രുവിനു് ബ്രിജീത്തയുടെ ഗൃഹഭരണത്തെക്കുറിച്ചു പരാതിയുണ്ടു്. അവൾ കുട്ടികളെ ഉപദ്രവിക്കുകയും നിയന്ത്രണമില്ലാതെ അഴിച്ചുവിട്ടിരിക്കുകയും ചെയ്യുന്നതിൽ കടുത്ത പ്രതിഷേധമുണ്ടു്. ആൻഡ്രുവിന്റെ രാത്രിജോലിയെപ്പററിയുള്ള ആക്ഷേപശരങ്ങൾ പ്രയോഗിച്ചു് അവൾ തിരിച്ചടിക്കുന്നു. കുഞ്ഞുങ്ങൾക്കു് പിതാവിനെപ്പോലും തിരിച്ചറിയാൻ കഴിയുന്നില്ലെന്നു് അവൾ പരിഹസിക്കുന്നു.

ഈ ദമ്പതികളിൽ ഇപ്പോൾ പൊതുവായി കാണുന്ന ഒരേ ഒരു സ്വഭാവം, പരസ്പരം വികാരങ്ങളെ വ്രണപ്പെടുത്താനുള്ള അവരുടെ കഴിവു മാത്രമാണു്. മററു ചില അഭിലാഷകരെപ്പോലെ തൊഴിൽരംഗം വളരെവേഗം പിടിച്ചടക്കാൻ ആൻഡ്രുവിനു കഴിയുന്നില്ല. താനൊരു കഴിവില്ലാത്തവനും പരാജിതനുമാണെന്നു് ആയാൾ വി

malankaralibrary.com

പരിഭവിക്കുന്നു. ഒരു കാര്യത്തിലും മുൻകൈയെടുത്തു പ്രവർത്തിക്കാനുള്ള അയാളുടെ കഴിവില്ലായ്മയെ ബ്രിജീത്തയും നിന്ദിക്കുന്നു. ''അമ്മയും സഹോദരിമാരും ലാളിച്ചു വഷളാക്കിയ ഉപയോഗശൂന്യനായ മനുഷ്യൻ! അവർ അയാളുടെ കൈകാലുകളുടെ വളർച്ചമാത്രമാണ് നോക്കിയതു്'' അവൾ പുച്ഛിക്കുന്നു.

അതേസമയം, ആൻഡ്രുവിനു മനസ്സിലാക്കാൻ കഴിഞ്ഞതുപോലെ ബ്രിജീത്ത വെറുമൊരു ശരാശരി കുടുംബിനിമാത്രമായിരുന്നു. ''ഞങ്ങൾ വെറുമൊരു ചവറുകുനയിലാണ് ജീവിക്കുന്നതു'' അയാൾ പറയുന്നു. ''കാരണം, ദിവസത്തിൽ ഏറിയപങ്കും അവൾ സ്നേഹിതകളുമായി സംസാരിച്ചുകഴിയുന്നു'' കുടുംബത്തെ താങ്ങിനിറുത്തുന്നതു താനാണെന്ന് അവൾ അഹങ്കരിക്കുന്നു. ആൻഡ്രു ക്ലബ്ബിൽ ചീട്ടുകളിക്കുമ്പോൾ കുടുംബഭരണം മുഴുവൻ നടത്തുന്നതു താനാണല്ലോ!

അവർക്കിടയിൽ മുമ്പും തർക്കങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ അതു് ഭീതിജനകമായി വളർന്നതു് ഇപ്പോൾ മാത്രമാണ്. ഭാര്യ ഇല്ലെങ്കിൽ ജീവിക്കാനാവില്ലെന്ന് ആൻഡ്രുവും ആൻഡ്രുവിനെക്കൂടാതെ എങ്ങനെ കഴിയുമെന്ന് ബ്രിജീത്തയും വിചാരിച്ചിരുന്നു. എന്നാൽ ഇപ്പോൾ തങ്ങൾക്ക് ഒന്നിച്ചു കഴിയാനാകുമോ എന്ന് അവർ സംശയിക്കുന്നു.

ആൻഡ്രു ഇപ്പോൾ അമിതമായി മദ്യപിക്കുന്നു. ഓഫീസിൽ രാത്രിയാകുംവരെ കഴിച്ചുകൂട്ടുന്നു. വീട്ടിൽപ്പോയി ഭാര്യയെയും കുഞ്ഞുങ്ങളെയും നേരിടുന്നതിനേക്കാൾ അയാൾക്ക് തന്റെ സുന്ദരിയായ സെക്രട്ടറിയുടെ സാമീപ്യമാണിഷ്ടം. ഇക്കാര്യം അയാൾക്കുതന്നെ ബോധ്യമുള്ളതാണ്. എങ്കിലും പരസ്യമായി ചോദിച്ചാൽ അതംഗീകരിക്കാൻ അയാൾ വിസമ്മതിക്കും.

ബ്രിജീത്തയിലും ചില പരിവർത്തനങ്ങളുണ്ടായി. അവൾ അടുത്തൊരു കോളേജിൽ സായാഹ്നക്ലാസ്സിൽ ചേർന്നു. വിവാഹാനന്തരമുള്ള ജീവിതത്തെപ്പറ്റി കൂട്ട

malankaralibrary.com

ത്തി ചിന്തിക്കാനും തുടങ്ങി. സ്ത്രീവിമോചന പ്രസ്ഥാനക്കാരിൽനിന്നു് 'വ്യക്തിത്വം', 'അനന്യത', ആത്മസാക്ഷാത്കാരം' തുടങ്ങിയ പദങ്ങൾ കടമെടുത്തു് ഈയിടെയവൾ സംസാരിക്കാനും തുടങ്ങിയിരിക്കുന്നു. അടുത്തൊരുദിവസം അവൾ പുതിയ വസ്ത്രങ്ങൾ വാങ്ങി. അവളുടെ കേശാലങ്കാരശൈലി മാററി. ക്ലാസ്സുകഴിഞ്ഞു നേരെപോകുന്നതു് വിവാഹമോചിതയായ ഒരു സ്നേഹിതയെ കണ്ടു സംസാരിക്കാനാണു്. ഏറെസമയം അവൾ അവിടെ ചെലവഴിക്കുന്നു—"എല്ലാം അല്പം തമാശക്കുവേണ്ടിയാണു്" അവൾ പറയുന്നു. അവൾ ഇപ്പോഴും ആൻഡ്രുവിനെ സ്നേഹിക്കുന്നുണ്ടോ? ആൻഡ്രുവിനു് അറിയില്ല. അവൾക്കും തീർച്ചയില്ല.

ആൻഡ്രുവിനെയും ബ്രിജീത്തയെയും സംബന്ധിച്ച വ്യക്തിപരമായ യഥാർത്ഥപ്രശ്നം, അവരുടെ ദാമ്പത്യം നിലനിർത്താൻ കഴിയുമോ എന്നതല്ല, വിവാഹത്തെത്തന്നെ അതിജീവിക്കാൻ കഴിയുന്നതെങ്ങനെയെന്നാണു്. എന്താണു് ദാമ്പത്യത്തിൽ സംഭവിക്കുന്നതു്? ഇന്നലെക്കണ്ട സ്വപ്നങ്ങൾക്കു് എന്തുസംഭവിച്ചു? ഇത്തരം ഗാർഹികപ്രശ്നങ്ങൾ ഈയിടെ ചില പത്രമാസികകളിലും സ്ഥലം പിടിച്ചു തുടങ്ങിയിട്ടുണ്ടല്ലോ.

കാലഘട്ടത്തിന്റെ ഈ പ്രവണതകൾ പ്രദോതക്ഷണത്തോടൊപ്പം നമ്മുടെ സംഭാഷണത്തിലും കടന്നുകൂടാറുണ്ടല്ലോ. 'ജോർജിന്റെയും ഭാര്യയുടെയും കഥ നിങ്ങളറിഞ്ഞോ? നമ്മുടെ മാഗിയില്ലേ അവൾ ടോമിച്ചനെ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞല്ലോ. ഏതായാലും രാജനും രജനിയും ഒരുമിച്ചുതന്നെ കഴിയുന്നുണ്ടു്'

ദാമ്പത്യത്തകർച്ചയിൽ ദുഃഖിച്ചുകഴിയുന്ന സ്ത്രീപുരുഷന്മാരുടെ കഥകൾ നാം ധാരാളം കേൾക്കുന്നുണ്ടു്. അവരുടെ കഥ സംഭവബഹുലമാകാം. അവർ നമ്മുടെ സുഹൃത്തുക്കളോ പരിചയക്കാരോ ആകാം. അല്ലെങ്കിൽ അവർ നമ്മുടെ ബന്ധുക്കളാകാം. ചിലപ്പോൾ അയൽപക്കക്കാരാവാം. ദാമ്പത്യബന്ധം തകർന്ന സ്ത്രീപുരുഷ

malankaralibrary.com

ന്മാർ ജീവിക്കുന്നത്". അല്ല, ഇതു വായിക്കുന്ന നിങ്ങളുടെ ദാമ്പത്യജീവിതത്തിൽതന്നെ കുറവുകൾ ഉണ്ടായിരുന്നില്ലേ. അവയിൽ ചിലതെല്ലാം ഇപ്പോഴും ബാക്കി നിൽക്കുന്നുണ്ടാകുമല്ലോ. എന്നാൽ ഇതിനുമുമ്പൊരിക്കലും, ഇത്രയധികം, ഇത്ര വ്യാപകമായ തകർച്ചകൾ സംഭവിച്ചിട്ടുണ്ടാകുകയില്ല.

ഇതിന്റെ അർത്ഥം, സുദൃഢവും ആരോഗ്യകരവുമായ ദാമ്പത്യബന്ധമുള്ള കുടുംബങ്ങളില്ലെന്നല്ല, എല്ലാ ഭാര്യാഭർത്തൃബന്ധങ്ങളും പരാജയപ്പെടുന്നുവെന്നും പറയാനാവില്ല. എന്നാൽ ചില ദാമ്പത്യബന്ധങ്ങൾ—ഒരുപക്ഷേ ഒട്ടുവളരെ ബന്ധങ്ങൾ—ശക്തവും ദുസ്സഹവുമായ സംഘർഷത്തിൻ കീഴിലാണ്". നിരവധി ബന്ധങ്ങൾ തകർന്നു പോകുന്നുമുണ്ട്". ഏററവും സാധാരണ സ്ഥിതിവിവരക്കണക്കനുസരിച്ച്" നാലു വിവാഹത്തിൽ ഒന്ന്" മോചനത്തിൽ അവസാനിക്കുന്നു. എന്നാൽ മററു മൂന്നു ബന്ധങ്ങളെപ്പററി വ്യക്തമായൊന്നും നമുക്കറിഞ്ഞുകൂടാ. അവശേഷിക്കുന്ന മററു മൂന്നു വൈവാഹികബന്ധങ്ങളും "സന്തുഷ്ടവിവാഹങ്ങൾ" എന്ന പേരിന്" അർഹമാണോ?

ഇക്കാര്യത്തിൽ ഏതാനും വർഷങ്ങൾക്കുമുമ്പ്" മിഡ്" വെസ്റ്റേൺ യൂണിവേഴ്"സിററി നടത്തിയ ഗവേഷണം കൂടുതൽ വെളിച്ചം നൽകുന്നു. വിപുലമായ മൂല്യപരിശോധനയുടെ അടിസ്ഥാനത്തിൽ, ഓരോ പന്ത്രണ്ടു വിവാഹങ്ങളിൽ നാലെണ്ണം വിവാഹമോചനത്തിൽ പര്യവസാനിക്കുന്നതായി അതു സൂചിപ്പിക്കുന്നു. പന്ത്രണ്ടിൽ ആറു ബന്ധങ്ങളിൽ ദമ്പതിമാർ ബാഹ്യതലത്തിൽ മാത്രം സംതൃപ്തി പങ്കിടുന്നവരാണ്". അവർക്കിടയിലെ പരസ്"പരബന്ധത്തിൽ ഒരു "ഒഴിഞ്ഞു നില്"ക്കൽ" മനോഭാവം കാണാം— മാനുഷികാവശ്യങ്ങൾ പൂർത്തീകരിക്കാനാവാത്ത ദാമ്പത്യ ബന്ധമാണത്". സർവേ ചെയ്ത ഓരോ പന്ത്രണ്ടുവിവാഹബന്ധത്തിൽ വെറും രണ്ടെണ്ണം മാത്രമാണ്" "സമഗ്രം" അല്ലെങ്കിൽ "സന്തുഷ്ട ദാമ്പത്യബന്ധം" എന്ന നിലയിൽ വ്യാഖ്യാ

malankaralibrary.com

നിക്കപ്പെട്ടുള്ളു്. അവിടെ, ഭാര്യയും ഭർത്താവും വ്യക്തികളെന്നനിലയിൽ തങ്ങളുടെ ബന്ധത്തിൽ വളർച്ച പ്രാപിക്കുകയും സൗഭാഗ്യത്തിൽ സമ്പന്നതനേടുകയും ചെയ്യുന്നു.

യഥാർത്ഥജീവിത സാഹചര്യത്തിൽ, ഓരോ അസംതൃപ്തവിവാഹബന്ധത്തിന്റെയും അർത്ഥം, ശിഥിലമായ ഒരു കുടുംബം, തകർന്ന രണ്ടു് ഹൃദയങ്ങൾ എന്നാണ്— അതായതു്, അസന്തുഷ്ടരും കടുത്ത ഏകാന്തത അനുഭവിക്കുന്നവരുമായ രണ്ടു വ്യക്തികൾ; ജീവിതത്തിന്റെ ഏററവും മഹത്തായ നിമിഷങ്ങൾ തിരിച്ചറിയാൻ എങ്ങനെയോ പരാജയപ്പെട്ട രണ്ടു് ആത്മാക്കൾ. ഇതിനു് മറെറാരു അർത്ഥകല്പനകൂടി നൽകാൻ കഴിയും; ശാരീരികവും മാനസികവുമായി മാതാപിതാക്കളുടെ സാന്നിദ്ധ്യം നഷ്ടപ്പെട്ട നിസ്സഹായരായ കൊച്ചുകുഞ്ഞുങ്ങൾ. ശിഥിലമായ കുടുംബം എന്നാൽ, സ്വഭാവരൂപവൽക്കരണത്തിന്റെ നിർണ്ണായക സന്ദർഭത്തിൽ ഉറപ്പും സുരക്ഷിതത്വവും സ്നേഹവും പ്രദാനം ചെയ്യുന്ന കുടുംബസാഹചര്യങ്ങൾ നഷ്ടപ്പെട്ട കൊച്ചുകുട്ടികൾ എന്നാണു മനസ്സിലാക്കേണ്ടതു്. ഈ കുട്ടികൾ വളർന്നുവരുന്നതു് തങ്ങളുടെ അരക്ഷിതത്വവും ഭയവും പേറിക്കൊണ്ടാണു്. അവർ വിവാഹിതരാകുന്നതും ആ ഉത്കണ്ഠകളും ഭയാശങ്കകളും വഹിച്ചുകൊണ്ടാണു്. വൈറസിനെപ്പോലെ, പരാജിത വിവാഹബന്ധങ്ങൾ അനന്തരതലമുറയിലെ ബന്ധങ്ങളിലേയ്ക്കുകൂടി രോഗബീജങ്ങളെ സംക്രമിപ്പിക്കുന്നു; മാനസികവും ശാരീരികവുമായി വിഷമാലിന്യങ്ങൾ കടത്തിവിടുന്നു.

malankaralibrary.com

രണ്ട്

## വിജയകരമായ ദാമ്പത്യബന്ധങ്ങൾ

സ്ത്രീയും പുരുഷനും തമ്മിൽ മനുഷ്യോചിതമായ ഉററബന്ധവും സൗഹൃദവും രൂപപ്പെടുത്തുകയാണെങ്കിൽ മാത്രമേ വിജയകരമായ ദാമ്പത്യം നിലവിൽവരു. വിചിത്രമെന്നു പറയട്ടെ, മനുഷ്യരെ ഏകാന്തതയും വിരക്തിയും പൊതിഞ്ഞുനിൽക്കുന്നു. ആൾക്കൂട്ടത്തിൽ പോലും ഏകാന്തപഥികരായ ആളുകളെ നമുക്കു കാണാം. ആളുകൾക്ക് പരസ്പരം ബന്ധപ്പെടാൻപോലും പ്രയാസമനുഭവപ്പെടുന്നു. അതിനാൽ, ഇന്ന് അസ്ഥിരമായ വിവാഹബന്ധങ്ങൾ കണ്ടെത്തുന്നതിൽ യാതൊരാശ്ചര്യവുമില്ല. എന്തെന്നാൽ, വൈവാഹികസംയോജനത്തിന്റെ വിജയവും പരാജയവും അന്തിമമായി ആശ്രയിച്ചുനിൽക്കുന്നത്, ആ ബന്ധത്തിൽ ഉൾപ്പെടുന്ന വ്യക്തികളെയാണ് —ഉററ ഒരു മനുഷ്യബന്ധം സ്ഥാപിക്കാനും നിലനിറുത്താനുമുള്ള അവരുടെ കഴിവിനെ അവലംബിച്ചുനിൽക്കുന്നു.

സമകാലിക വിവാഹബന്ധങ്ങളുടെ അസ്ഥിരതയ്ക്ക്, സാംസ്കാരിക പ്രവണതകളും സംഭാവന ചെയ്യുന്നുണ്ട്. നിരവധി സാമൂഹ്യപരിവർത്തനങ്ങൾ വിവാഹത്തിന്റെ മുഖച്ഛായയെത്തന്നെ സ്വാധീനിച്ചിട്ടുണ്ട്. അത്തരം മാററങ്ങളൊന്നുംതന്നെ, പരമ്പരാഗത കുടുംബധർമ്മങ്ങളുടെ പരിപോഷണത്തിന് സഹായകവുമല്ല. പഴയ സമൂഹത്തിൽ ദാമ്പത്യബന്ധം അനവധി സേവന

malankaralibrary.com

ങ്ങൾ നിർവഹിച്ചിരുന്നു. എന്നാൽ, ആ സേവനങ്ങൾ ഇന്നു് മററു ചില സ്ഥാപനങ്ങൾ ഏറെറടുത്തിരിക്കുന്നു. വില്ല്യം എഫ്. ഒഗ്ബേണിനെപ്പോലുള്ള കുടുംബ–സമുദായ ശാസ്ത്രജ്ഞന്മാർ പരിവർത്തനവിധേയമായ ഏഴു ധർമ്മങ്ങളെ ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണമായി, 'അതിജീവനം' അവയിലൊന്നാണ്. പുരാതന എസ്കിമോകൾക്ക് ജീവിതമത്സരത്തിൽ വിജയിക്കുന്നതിനും, മത്സരത്തെ അതിജീവിക്കുന്നതിനും ഭാര്യയുടെ സഹായം ആവശ്യമായിരുന്നു. അവൾ കടൽനായയുടെ ചർമ്മം സംഭരിച്ച് മൃദുവാക്കി ഭർത്താവിനു വസ്ത്രങ്ങൾ ഉണ്ടാക്കുന്നു. ആർട്ടിക് പ്രദേശത്തെ കൊടുംതണുപ്പിൽനിന്നും രക്ഷനേടാൻ അയാൾക്ക് അതു് ആവശ്യമായിരുന്നു. അയാൾ അവൾക്ക് ഭക്ഷിക്കുവാനുള്ള മാംസം സമ്പാദിക്കാനായി ധ്രുവക്കരടിയെ വേട്ടയാടുന്നു. ഇങ്ങനെ അവർക്ക് അന്യോന്യം ആവശ്യമുണ്ട്. അവളില്ലെങ്കിൽ അയാൾ തണുത്തു മരവിക്കുന്നു. അയാളുടെ അഭാവത്തിൽ അവൾ പട്ടിണികൊണ്ടു മരിക്കുന്നു. എന്നാൽ ആധുനിക നഗരവാസികളെ സംബന്ധിച്ചിടത്തോളം, ജീവിതമത്സരത്തിലെ നിലനില്പിനു് വിവാഹിതരാകേണ്ട ആവശ്യംപോലുമില്ല. അവന് മാർക്കററിൽനിന്നും ഭക്ഷണവും വസ്ത്രവും വാങ്ങാം.

ദാമ്പത്യപരിവർത്തനങ്ങളുടെ മറെറാരു മണ്ഡലമാണ് വിദ്യാഭ്യാസ സേവനങ്ങളുടെ പുരോഗതി. മുൻ കാലങ്ങളിൽ കുടുംബവും കുടുംബാംഗങ്ങളുമായിരുന്നു പ്രാഥമിക പഠനത്തിനുള്ള കേന്ദ്രം. അവിടെനിന്നുതന്നെ സാംസ്കാരിക മൂല്യങ്ങളും അഭ്യസിക്കുന്നു. ഇന്നു്, കുടുംബത്തിൻെറ വിദ്യാഭ്യാസധർമ്മം ഡേ കെയർ സെൻറർ, വിദ്യാലയങ്ങൾ, ടെലിവിഷൻ, റേഡിയോ തുടങ്ങിയ സ്ഥാപനങ്ങൾ ഏറെറടുക്കുന്നു.

കഴിഞ്ഞകാലങ്ങളിൽ, കുടുംബത്തിന് വളരെ നിർണ്ണായകമായ മറെറാരു ജോലികൂടി ഉണ്ടായിരുന്നു —വ്യക്തിത്വവികസനം. വ്യക്തികൾ കുടുംബത്തിൻെറ തണ

malankaralibrary.com

ലിൽ സുരക്ഷിതരായിരുന്നു. എന്തെന്നാൽ, തങ്ങൾ ആരായിരുന്നുവെന്നും എവിടെനിന്നാണ് വരുന്നതെന്നും അവർ മനസ്സിലാക്കിയിരുന്നു. സംഗീതാത്മകമായ വസന്തോത്സവത്തിൽ മാതാപിതാക്കന്മാർ മരിച്ചു, ഏകാകിനിയായ ഒരു യുവതിയുടെ കഥയുണ്ട്. അവൾ സഞ്ചരിക്കുന്ന ഒരു സർക്കസ്സുകമ്പനിയിൽ ചേർന്നു. അതിലെ ഒരു അംഗത്തിൽ അവൾ താൻ വളർന്നുവന്ന തന്റെ ജന്മനഗരമായ മീരാ എന്ന പട്ടണത്തെ വികാര തീവ്രതയോടെ അനുസ്മരിച്ചുകൊണ്ടു പാടുന്നു: ''മീരായിൽ ഞാൻ ഏററവും ഇഷ്ടപ്പെട്ടിരുന്നതു് എന്താണെന്നോ?–എല്ലാവരും എന്റെ പേരു മനസ്സിലാക്കിയിരുന്നു!'' ഇന്നു് ഇതെല്ലാം അപ്പാടെ മാറി. ആർക്കും ആരുടേയും പേരറിയില്ല. പരസ്പരമറിയില്ല. വ്യക്തിപരമായ അനന്യതയുടെ ഒരു ഉറവിടമെന്നനിലയിൽ എങ്ങും എവിടെയും കുടുംബനാമം ആരും പരിഗണിക്കുന്നില്ല. ഭിന്നമതവിശ്വാസികളെ, ഭിന്നജനവർഗ്ഗങ്ങളെ തിരിച്ചറിയാനുള്ള തായ്‌വേരുകളും നാം മുറിച്ചുകളഞ്ഞു.

ഇപ്രകാരം കുടുംബബന്ധങ്ങളും ധർമ്മങ്ങളും മാറിയിട്ടുണ്ടെങ്കിലും, വളരെയേറെ ദാമ്പത്യബന്ധങ്ങൾ ഇന്നും വിജയകരമാണ്. അവയെയാണ് സാമൂഹ്യമനഃശാസ്ത്രജ്ഞന്മാരും ഗവേഷകന്മാരും സമഗ്രം അല്ലെങ്കിൽ 'ആന്തരിക വിവാഹങ്ങൾ' അല്ലെങ്കിൽ 'സന്തുഷ്ടബന്ധങ്ങൾ' എന്നുവിളിക്കുന്നതു്. ഈ വിജയത്തിന്റെ ഉറവിടം ദമ്പതികൾ തമ്മിൽ നിലനിൽക്കുന്ന സ്നേഹബന്ധം അല്ലെങ്കിൽ സംയോഗമാണെന്നു കാണാം. അവർ അന്യോന്യമറിയുന്നു. പരസ്പരം സന്തോഷിപ്പിക്കുന്നു. തങ്ങളുടെ വിവാഹജീവിതത്തിൽ ആനന്ദം കണ്ടെത്തുന്നു. സന്തുഷ്ടിയും സംതൃപ്തിയും കാണുന്നു. അവർക്കു് ജീവിതത്തോടു സംപ്രീതിയുണ്ടു്. 'പ്രബലന്മാരായ അമേരിക്കക്കാർ' എന്ന ഒരു പഠനത്തിൽ, 'ആന്തരിക വിവാഹ'ങ്ങളുടെ ഗണിതത്തിൽ ഉൾപ്പെടുന്ന ചില ദമ്പതികൾ തങ്ങളുടെ സ്വന്തം അനുഭവങ്ങൾ രേഖപ്പെടുത്തി

malankaralibrary.com

യിട്ടുണ്ട്. ഒരു ഭാര്യ തന്റെ രണ്ടാം വിവാഹത്തെക്കുറിച്ച് ഇങ്ങനെ വിവരിക്കുന്നു:

''അതേ, ഞങ്ങൾ തമ്മിൽ വിവാഹത്തിന്റെ മുദ്രയുള്ള ഒരു വിവാഹമാണ് നടത്തിയത്. ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾക്കറിയാമോ? ധാരാളം ആളുകൾ—എന്റെ ആദ്യവിവാഹത്തിൽ ഞാനും—എത്രയുണ്ട് നിലനില്പിന്റെ പിളർപ്പുകളിന്മേലാണ് സ്പർശിക്കുന്നത്—യഥാർത്ഥത്തിൽ ദാമ്പത്യത്തിൽ പ്രവേശിക്കുന്നില്ല. ഇതു വെറും തമാശയായി തോന്നാം. എന്നാൽ എന്റെ പാചകപ്പുസ്തകത്തിൽ ഉപ്പിലിട്ടു സൂക്ഷിക്കുന്നതും, വാസനദ്രവ്യങ്ങൾ ചേർത്ത് കറികൾ രുചികരമാക്കുന്നതും തമ്മിലുള്ള വ്യത്യാസം വിവരിക്കുന്നുണ്ട്. അച്ചാറിൽ ചേർക്കുന്ന മസാലദ്രവ്യങ്ങൾ അവയുടെ വ്യക്തിത്വം തന്നതായി നിലനിർത്തുന്നുവെന്ന് നിങ്ങൾക്കറിയാമല്ലോ—അല്പമാണ് കലർത്തുന്നതെങ്കിൽക്കൂടി. അല്ലെങ്കിൽ അവ മററുള്ളവയെ അതിശയിച്ചുനില്ക്കുന്നു. എന്നാൽ വിവാഹത്തിലെ ചേരുവയുടെ സ്ഥിതി ഇതല്ല. വിവാഹിതർ കൂടിക്കലർന്ന് പരസ്പരം സംയോജിച്ച് പുതിയ ഒന്നായി മാറുന്നു. അവരുടെ ഭിന്ന വ്യക്തിത്വങ്ങൾ നഷ്ടമാകുന്നു. അതേ, ഞാനറിയുന്ന ധാരാളമാളുകൾ വാസ്തവത്തിൽ ഇപ്പോഴും വിവാഹിതരായിട്ടില്ല. വെറുതെ ഉപ്പിലിട്ടു സൂക്ഷിക്കുന്നവർ മാത്രം!''

ഒരു ശാസ്ത്രജ്ഞൻ തന്റെ ദാമ്പത്യവീക്ഷണം ഇങ്ങനെ ആവിഷ്ക്കരിക്കുന്നു: ''... ഇപ്പോൾ ഞാനും ഭാര്യയും തമ്മിൽ അഭിപ്രായഭിന്നതകളില്ല എന്നതിന് അർത്ഥമില്ല. ചിലപ്പോൾ രൂക്ഷമായ ഭിന്നതകൾതന്നെ ഉണ്ടാകാറുണ്ട്. അല്ലെങ്കിൽ ഞാൻ എന്റെ ചില ആഗ്രഹങ്ങൾ അബോധമനസ്സിൽ പൂഴ്ത്തിവെച്ചിട്ടില്ല എന്നർത്ഥമില്ല. കാരണം, അവ പങ്കിടാൻ അവൾ തയ്യാറായിരുന്നില്ല. ഞാൻ പറഞ്ഞുവരുന്നത്, എനിക്കു ദാമ്പത്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭിന്ന അസ്തിത്വമോ അല്ലെങ്കിൽ മറെറന്തെങ്കിലും വ്യക്തിത്വമോ ഉള്ളതായി

malankaralibrary.com

ഞാൻ പരിഗണിക്കുന്നില്ല എന്നുമാത്രമാണ്. എനിക്കു സ്വയം പ്രാധാന്യമുണ്ടെന്ന് മററുള്ളവർ വിചാരിക്കുന്നതിൽ ഞാൻ ലജ്ജിതനുമായിരുന്നു. എനിക്കു് കഴിയുന്നു പോലെ ഞാൻ എന്റെ ജോലി നിർവ്വഹിച്ചു. എന്നെ സംബന്ധിച്ചിടത്തോളം, എന്റെ പ്രവൎത്തനങ്ങൾ അവളിൽ അന്യായമായ പരിത്യക്തവികാരം ഉണ്ടാക്കുന്നതായി മനസ്സിലാകുന്ന ഏതു നിമിഷവും അതു് ഉപേക്ഷിക്കാൻ ഞാൻ നിശ്ചയിച്ചിരുന്നു. എന്റെ അധികാരവും ജോലിയും പാതാളത്തിലേക്കു് വലിച്ചെറിയാൻപോലും എനിക്കു പ്രയാസമുണ്ടായിരുന്നില്ല. ഞങ്ങളുടെ ബന്ധം ഞങ്ങൾക്കു് അമൂല്യമായിരുന്നു....''

ഈ ബന്ധങ്ങളും ആൻഡ്രുദമ്പതികളുടെ ദാമ്പത്യബന്ധവും തമ്മിലുള്ള വ്യത്യാസം എന്താണ്? എന്തുകൊണ്ടാണ് ചില വൈവാഹികബന്ധങ്ങൾ പുഷ്ടിപ്പെടുകയും മററു ചിലതു് പരാജയപ്പെടുകയും ചെയ്യുന്നതു്? ഒരു പ്രശസ്ത എഴുത്തുകാരിയായ ആമിഗ്രോസ് ഈ വ്യത്യാസം നിഗൂഢമായ ചില ''എക്സ്'' ഘടക''ത്തിൽ സ്ഥിതിചെയ്യുന്നതായി വിശ്വസിക്കുന്നു. വ്യക്തിയുടെ സ്വഭാവ—പ്രകൃതികൾ നിർണ്ണയിക്കുന്ന ഒരു ക്രോമോസോമാണ് 'എക്സ്'' ഘടകം. ഈ ഘടകം ചില വിവാഹങ്ങളിൽ പ്രത്യക്ഷപ്പെടുന്നുവെങ്കിൽ, മററു ചില വിവാഹങ്ങളിൽ സന്നിഹിതമാകുന്നില്ല.

''എക്സ്'' ഘടകത്തിലുള്ള എന്റെ അന്ധമായ വിശ്വാസം, 'പ്രവൎത്തനക്ഷമമായ' ഒരു വിവാഹ സങ്കല്പത്തിലേക്കു് എന്നെ നയിക്കുന്നു. ഇന്നു വളരെ ജനസമ്മതിയുള്ളതും മതാത്മകധാരണയുള്ളതുമായ ഒരു ആശയമാണിതു്. ഇന്നു് ഒരു വിവാഹബന്ധം നമ്മുടെ മനസ്സിലേക്കു കൊണ്ടുവരുന്ന ദാരുണമായ ചിത്രം എന്താണ്? പ്രയത്നശീലരായ ദമ്പതികൾ പരസ്പരം പല്ലു കടിച്ചുപിടിക്കുന്നു. സാക്ഷികളും പ്രമാണങ്ങളും ഹാജരാക്കി വേർപിരിയുന്നതിനു് സ്ഥിരോത്സാഹത്തോടേ പ്രയത്നിക്കുന്നു. അന്യോന്യം പുറംതിരിഞ്ഞുനിന്നു് യാ

malankaralibrary.com

ളൊരു സമ്പോധമോ ആഹ്ലാദമോ അല്ലെങ്കിൽ അന്യോന്യധാരണയോ കൂടാതെ അളന്നു തൂക്കിയുള്ള ചില വാക്കുകൾ മാത്രം ശ്രദ്ധിക്കുന്നു. എന്നാൽ വിവാഹിതരായിരിക്കാനുള്ള "'ശിക്ഷണം'—സ്വാഭാവികവും വികസനാത്മകവുമായ ഒരു പ്രക്രിയ—ആകർഷകമാണ്; അതു് ജ്ഞാനമുണ്ടാക്കുന്നു, പ്രത്യേകിച്ചു ബന്ധത്തിൽ നിസ്സാരമായ പ്രശ്നങ്ങൾ ഉള്ളവർക്ക്. വളരെയധികം ആളുകൾ അവകാശപ്പെടുന്നതുപോലെ, ആത്മാവും ശരീരവും തമ്മിലുള്ള ഐക്യമാണ് വിവാഹബന്ധമെങ്കിൽ അതു ഒരു മത്സരക്കളികൂടിയാണു്. നിങ്ങൾക്ക് ഒരു കളി അഭ്യസിക്കുവാൻ കഴിയുമല്ലോ. ചലനങ്ങളും സമഗ്രമായ സമരതന്ത്രങ്ങളും പഠിക്കാൻ നിങ്ങൾക്കു് കഴിഞ്ഞാൽ നല്ലൊരു കളിക്കാരനായിത്തീരാനും കഴിയും.''

ചില വിവാഹബന്ധങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നതിനു കാരണം ഇണകൾ അന്യോന്യം വ്യത്യസ്തരായിരിക്കുന്നതുകൊണ്ടാകാം. എന്നാൽ ഇതു അത്രയധികം നിഗൂഢമാണെന്നു പറയാനാവില്ല. ചിലർക്കു് പഠിക്കാനുള്ള താല്പര്യമുണ്ടു്. അങ്ങനെ ശിക്ഷണത്തിലൂടെ വളരാൻ അവർ പ്രാപ്തരാകുന്നു. എന്നാൽ ചിലർക്ക് പഠിക്കാനുള്ള പ്രചോദനമില്ല. അവർ ഒന്നും പഠിക്കുന്നുമില്ല. അതിനു ശ്രമിക്കുന്നുമില്ല. പ്രവർത്തനനിരതരാകുന്നുമില്ല. അതിനാൽ അവർ വളരുന്നില്ല. അവരുടെ ബന്ധം മുരടിക്കുകയും ചെയ്യുന്നു. പുരുഷനിൽ പങ്കാളികൾ പരസ്പരം പലതും പരിത്യജിക്കാനും പഠിക്കാനും സന്നദ്ധരാകുമ്പോൾ മാത്രമേ കാര്യക്ഷമമായ ഒരു ദാമ്പത്യബന്ധം ഉണ്ടാകുന്നുള്ളു.

malankaralibrary.com

## മൂന്നു്

# ദാമ്പത്യബന്ധം സജീവമാക്കാൻ ചില നിർദ്ദേശങ്ങൾ

ആൻഡ്രുവിന്റെയും ബ്രിജീത്തയുടെയും ദാമ്പത്യജീവിതത്തിന്റെ നിർണ്ണായകമായ ഈ സന്ദിഗ്ദ്ധഘട്ടത്തിൽപ്പോലും അതിനെ രക്ഷിക്കാനും നിലനിർത്താനും കഴിയും. ആ ബന്ധം സജീവമായി നിലനിർത്താനുള്ള അവരുടെ അഭിലാഷത്തെയും, കഴിവനുസരിച്ചു് അതിനുവേണ്ടി പ്രവർത്തിക്കുന്നതിനെയുമാണു് അതു് ആശ്രയിച്ചിരിക്കുക. ദമ്പതികൾ എന്നനിലയിലുള്ള അവരുടെ ചില പ്രവൃത്തികൾ സ്വയം മാററുകയും, അവയുടെ വളർച്ചയ്ക്കു് അനുയോജ്യമായ രീതിയിൽ സ്വയം ക്രമീകരിക്കുകയും ചെയ്യാൻ അവർ സന്നദ്ധരാകേണ്ടതുമുണ്ടു്.

ഇതു് നിർവഹിക്കുക അത്ര എളുപ്പമല്ല. പ്രയത്നം ആവശ്യമാണു്. ആൻഡ്രൂവിനോടു സഹതാപവും സഹഭാവവുമുള്ള ചില സ്നേഹിതന്മാർ ബ്രിജീത്തായോടു ഒരു ''രണ്ടാം മധുവിധു''വിനു് തേക്കടിയിലോ ഊട്ടിയിലോ കൊണ്ടുപോകാൻ പ്രേരിപ്പിച്ചു—കുഞ്ഞുങ്ങളുടെ ശല്യങ്ങളിൽനിന്നും കുടുംബസംഘർഷങ്ങളിൽനിന്നുമുള്ള ഈ അകൽച്ച അവരെ തമ്മിലടുപ്പിക്കുമെന്നു് അവർ പ്രതീക്ഷിച്ചു. ഒഴിവുകാലത്തു പോകാമെന്നു് ആൻഡ്രൂ സമ്മതിച്ചു. ''അതിനുള്ള സമയം കഴിഞ്ഞു'' എന്നുപറഞ്ഞു് ബ്രിജീത്ത ആ നിർദ്ദേശം തിരസ്കരിച്ചു. ഇതിനിടയ്ക്കു് ഒരു സന്ദർശനത്തിനുവന്ന ബ്രിജീത്തയുടെ അമ്മ

malankaralibrary.com

അസ്വാഭാവികവും മോശവുമായ അവരുടെ ബന്ധം മ ണത്തറിഞ്ഞു. അവർ തന്ത്രപൂർവം ഒരു ''മാര്യേജ് എൻ കൗണ്ടറു''മായി ബന്ധപ്പെടാൻ മകളോടു നിർദ്ദേശിച്ചു. ബ്രിജീത്തയ്ക്കു് ആൻഡ്രൂവിനോടു് പ്രതികൂലവികാരങ്ങ ളുണ്ടായിരുന്നതെങ്കിലും, തങ്ങളുടെ പ്രയാസങ്ങളുടെ മുഖ്യകാരണം, കുട്ടികളോടുള്ള വികാരപരമായ അവരു ടെ ബന്ധമാണെന്നു് അറിയാമായിരുന്നു. അതിനാൽ മാര്യേജ് എൻ കൗണ്ടറിൽ സജീവമായി പ്രവർത്തിക്കു ന്ന ഏതാനും ദമ്പതികളെ കണ്ടു് അവർ വിവരങ്ങൾ അന്വേഷിച്ചു. അവരെല്ലാവരും അതിൽ ചേരാൻ അവ ളെ പ്രോത്സാഹിപ്പിച്ചു. വാരാന്ത്യങ്ങളിലെ എൻകൗണ്ട റിലെ പങ്കാളിത്വം, തങ്ങളുടെ വിവാഹബന്ധങ്ങളെ പുഷ്കലമാക്കിയതായി അവർ വെളിപ്പെടുത്തി. ആ പ്രസ്ഥാനം, നല്ലവിവാഹങ്ങളെ ഏററവും നല്ലതാക്കി തീർക്കുന്നതിനു് പിന്തുണ നൽകുന്നതായി ആ ദമ്പതി കൾ അവളെ ബോദ്ധ്യപ്പെടുത്തി. അതു് കുഴപ്പം നിറ ഞ്ഞ ബന്ധങ്ങൾക്കുള്ള ചികിത്സയല്ലെങ്കിലും, ചില ക്രമീകരണങ്ങൾക്കും മാററങ്ങൾക്കും അതു് സഹായി ക്കാതിരിക്കില്ലെന്നു് അവർ പറഞ്ഞു.

ഇതിനിടയിൽ, അവസാന ആശ്രയസങ്കേതമെന്ന നിലയിൽ ആൻഡ്രു ഒരു വിവാഹകൗൺസലറെ സമീ പിച്ചു. ഉപബോധകൻ (കൗൺസലർ) ആൻഡ്രുവി ന്റെ വ്യക്തിപരമായ പ്രയാസങ്ങൾ മനസ്സിലാക്കുകയും അയാളുടെ വികാരങ്ങൾ അംഗീകരിക്കുകയും ചെയ്തു. അപ്പോൾ അയാൾക്കു് കൂടുതൽ ആത്മവിശ്വാസമുണ്ടാ യി. താനും ബ്രിജീത്തയും തമ്മിലുള്ള സംഘർഷങ്ങളെ കുറിച്ചു് അയാൾ വിവരിച്ചു. ഒരു ദീർഘനിശ്വാസ ത്തോടെ അയാൾ ഉപസംഹരിച്ചു: ''എന്താണു് തെ റ്റുപററിയതെന്നറിയുവാൻ എന്തുവേണമെങ്കിലും ഞാൻ ഉപേക്ഷിക്കാം.

ആദ്യമായി വിവാഹ കൗൺസലിംഗിനു് സമീ പിക്കുമ്പോൾ, മിക്കവാറും ആളുകൾക്കു് എന്താണു് തെ

malankaralibrary.com

റെറന്നും വാസ്തവത്തിൽ അറിയാനാവില്ലെന്ന കാര്യം ഉപബോധകൻ ആൻഡ്രുവിനെ ഓർമ്മിപ്പിച്ചു. അടിസ്ഥാനപ്രശ്നം ചൂണ്ടികാണിക്കാനും അവർക്ക കഴിയാറില്ല. വിവാഹ കൗൺസലിംഗിനെ പഴയ രീതിയിലുള്ള ഒരു സാമാന്ന വണ്ടിചക്രത്തോട് ഉപമിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: ''ആ ചക്രത്തിന്റെ അരികുപാളികൾ അടർന്നുപോകുന്നു. അതുപോലെ, കാലാകാലങ്ങളിൽ നിരവധി വിവാഹബന്ധങ്ങളെ ചില ഉത്കണ്ഠകൾ പീഡിപ്പിക്കുന്നു — അമ്മായിയമ്മ, നാത്തൂൻമാർ, ബന്ധുക്കൾ തുടങ്ങിയ പ്രശ്നങ്ങൾ, മദ്യപാനം, അവിശ്വസ്തത, സാമ്പത്തികപ്രയാസങ്ങൾ, ലൈംഗികക്രമീകരണങ്ങൾ അല്ലെങ്കിൽ ഓരോരുത്തരുടെയും ധർമ്മങ്ങൾ. അരികുപാളിയിൽ എത്രമാത്രം കേടുവരുന്നുവെന്നതു് ഒരു പ്രശ്നമേയല്ല. അവയെല്ലാം വണ്ടിച്ചക്രത്തിന്റെ മുഖ്യകേന്ദ്രസ്ഥാനത്തു വന്നടിയുന്നു — ആ കേന്ദ്രസ്ഥാനമാണ് മുഴുവൻ 'ദാമ്പത്യചക്ര'ത്തെയും ഭ്രമണം ചെയ്യിക്കുന്നതു്.

''കുടുംബജീവിതത്തെപ്പററി പഠിപ്പിക്കുന്ന ധാരാളം അദ്ധ്യാപകരും, ധാരാളം വിവാഹഉപബോധകരും ഉള്ളതുപോലെതന്നെ ആ ചക്രത്തിന്റെ കേന്ദ്രത്തിന് ഭിന്നമായ നിരവധി പേരുകളുമുണ്ടു്'' ആ വിദഗ്ധൻ തുടർന്നു പറഞ്ഞു ''ചിലർ ഈ കേന്ദ്രസ്ഥാനത്തെ 'പ്രതീക്ഷകൾ' എന്നു വിളിക്കുന്നു. ചില ആളുകൾ 'പക്വത' എന്ന പദം ഉപയോഗിക്കുന്നു. മററുചിലർ, ദാമ്പത്യത്തിന്റെ മുഖ്യമായ താക്കോലണു് ദമ്പതികളുടെ ''ആശയവിനിമയത്തിനും വികാരങ്ങൾ പങ്കുവയ്ക്കുന്നതിനും'' ഉള്ള വ്യക്തിപരമായ പ്രാവീണ്യത്തിൽ അന്തർഭവിച്ചിരിക്കുന്നതായി അഭിപ്രായപ്പെടുന്നു. എന്നാൽ ഒരു ദാമ്പത്യബന്ധം വിജയകരമായിരിക്കുന്നതിന്, അനിവാര്യമായ മൂന്നുഘടകങ്ങൾ അതിലുണ്ടായിരിക്കണം— യഥാർത്ഥ പ്രതീക്ഷകൾ, ആശയവിനിമയം സുഗമമാക്കിതീർക്കുന്ന സാഹചര്യം, സ്നേഹിക്കുന്നതിനുള്ള കഴി

malankaralibrary.com

വു്. ഒരു വിവാഹം പരാജയപ്പെടുമ്പോൾ, ഇവയിൽ ഒന്നോ അതിലധികമോ ഘടകങ്ങളുടെ അഭാവം ആ ബന്ധത്തിലുണ്ടായിരുന്നുവെന്നു് ഉറപ്പിക്കാം.”

ആദ്യമെല്ലാം, ആൻഡ്രു ഉപബോധകൻെറ അടുത്തേക്കുപോകുന്നതു് ബ്രിജീത്തക്കു് ഇഷ്ടമായില്ല. എന്നാൽ ഏതാനും ആഴ്ച കഴിഞ്ഞപ്പോൾ, അയാളുടെ പെരുമാററത്തിൽ സമൂലമായ ഒരു പരിവർത്തനം സംഭവിച്ചതായി അവൾ ഗ്രഹിച്ചു. തന്നോടു് ഭർത്താവു് കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്നതായി അവൾക്കു തോന്നി. അയാൾ അവളുടെ സംഭാഷണങ്ങൾ ആത്മാർത്ഥമായി ശ്രദ്ധിച്ചു. അനേകവർഷങ്ങൾക്കിടയിൽ ആദ്യമായി അവളുടെ വികാരങ്ങൾക്കു് അയാൾ ചെവികൊടുക്കാൻ സന്നദ്ധനായി. അവളുടെ ജിജ്ഞാസ ഉണർന്നു. തനിക്കുകൂടി അടുത്ത കൗൺസലിംഗിൽ പങ്കെടുക്കാൻ കഴിയുമോ എന്നവൾ ആരാഞ്ഞു. ആൻഡ്രു സമ്മതിച്ചു.

ഇരുവരും ഒരുമിച്ചാണു് അടുത്താഴ്ച കൗൺസലിംഗിനു ചെന്നതു്. ആൻഡ്രു ഉപബോധകനോടു സംസാരിക്കുന്നതു് അവൾ ശ്രദ്ധാപൂർവ്വം കേട്ടു. ഇതിനുമുമ്പൊരിക്കലും തനിക്കു കാണാൻ കഴിയാതിരുന്ന തൻെറ ഭർത്താവിൻെറ മറെറാരുവശം കണ്ടെത്തിയപ്പോൾ അവൾ വിസ്മയഭരിതയായി.

അടുത്ത സമ്മേളനത്തിൽ, കൗൺസലറുടെ സഹായത്തോടെ, ആൻഡ്രുവും ബ്രിജീത്തയും, ഒരാൾക്കു് മററാളോടുള്ള വികാരമെന്തെന്നു് പറഞ്ഞു. എന്നാൽ ഇതു് ആദ്യം വേണ്ടത്ര വിജയിച്ചില്ല.

ബ്രിജീത്ത തൻെറ ശിഥിലീകരണ വികാരങ്ങൾ വെളിക്കുവിടാൻ തുടങ്ങിയപ്പോൾ, ആൻഡ്രു ആത്മരക്ഷക്കുവേണ്ടി പ്രതിരോധമുറ സ്വീകരിച്ചു. അതു് പരസ്പരം കുററാരോപണങ്ങൾ നടത്താനിടയാക്കി. ഏതാനും നിമിഷം പ്രത്യാരോപണങ്ങൾകൊണ്ടു് രംഗം ശബ്ദമുഖരിതമായി. എങ്കിലും ഈ സമയത്തു്, ഒരു സ്ത്രീയും ഭാ

malankaralibrary.com

ര്യയുമെന്ന നിലയിൽ, അവരം തന്നെക്കുറിച്ച് എന്താണ് കരുതുന്നതെന്നും, അവരുടെ എന്തു വ്യക്തിത്വമാണുള്ളതെന്നും ആൻഡ്രൂ ആദ്യമായി മനസ്സിലാക്കാൻ തുടങ്ങി.

അടുത്ത ഏതാനും ആഴ്ചകളിൽ, തങ്ങളുടെ ഓരോരുത്തരും എന്തെല്ലാം പ്രതീക്ഷകളോടെയാണ് വിവാഹജീവിതത്തിൽ പ്രവേശിച്ചതെന്ന്, അവർ സ്വയം പരിശോധിക്കാൻ തുടങ്ങി. തന്റെ ആദർശവനിത അമ്മയായിരുന്നു—അമ്മയുടെ മാതൃകയിലുള്ള ഒരു ഭാര്യയെയാണ് താൻ പ്രതീക്ഷിച്ചിരുന്നതെന്ന് ആൻഡ്രൂ സമ്മതിച്ചു. തന്റെ അമ്മ നല്ലൊരു കുടുംബിനിയും മാതൃകാ ഗൃഹസംരക്ഷകയുമായിരുന്നു—അടുക്കും ചിട്ടയും ക്രമവും പാലിക്കുന്നതിൽ നിർബ്ബന്ധബുദ്ധിയുമായിരുന്നു. അതേസമയം, തന്റെ പിതാവിൽ താൻ കണ്ട നിരവധി പരിപൂർണ്ണതകളുടെ മാനദണ്ഡങ്ങളാണ് ആൻഡ്രൂവിനോടുള്ള ആദ്യകാലാകർഷണത്തിനു തന്നെ പ്രേരിപ്പിച്ചതെന്ന് ബ്രിജീത്തയും, മനസ്സില്ലാമനസ്സോടെ സമ്മതിച്ചു. ഉപബോധകൻ അവരുടെ ബന്ധത്തിന്റെ ഒരു സചിത്രവിവരണം, രേഖപ്പെടുത്തിക്കൊണ്ടിരുന്നു—'എന്റേയും നിങ്ങളുടേയും ശക്തി' എന്ന വ്യക്തിത്വസിദ്ധാന്തമനുസരിച്ചുള്ള നടപടികളുടെ ഒരു അപഗ്രഥനം അദ്ദേഹം തയ്യാറാക്കി.

''അതാണല്ലോ, നിങ്ങളും ഞാനും മധുവിധുവിനു വേണ്ടി തുനിഞ്ഞിറങ്ങിയത്.'' ബ്രിജീത്ത ആൻഡ്രൂവിനുനേരെ തന്റെ ശരം തൊടുത്തു. ''ഒരു സമ്മാനം കൊടുത്ത് ഡാഡി തന്റെ മകളെ ഒഴിപ്പിച്ചുവിടുകയായിരുന്നുവെന്ന് ഇപ്പോഴാണ് മനസ്സിലായത്.'' ആൻഡ്രൂ തിരിച്ചടിച്ചു. ''തീർച്ചയായും'' ബ്രിജീത്ത മറുപടി പറഞ്ഞു ''ഞാൻ പ്രായപൂർത്തിയായവളാണ്, നിങ്ങളുടെ കൊച്ചുമിടുക്കിയായ പെൺകുട്ടിയല്ല'' ഇപ്രകാരം ദമ്പതിമാർ ആരോപണ പ്രത്യാരോപണങ്ങളിൽ മുഴുകി.

malankaralibrary.com

എന്നാൽ, ഒററയ്ക്കൊററയ്ക്കുള്ള കൗൺസലിംഗ് ചർച്ചകൾവഴി ഓരോരുത്തരും തങ്ങളെത്തന്നെ മനസ്സിലാക്കാൻ ആരംഭിച്ചു. തന്റെ സ്വന്തം ജീവിതവളർച്ചയുടെ അർത്ഥമെന്തെന്ന് ബ്രിജീത്ത കണ്ടുപിടിച്ചു. മററു പുരുഷന്മാരുടെ ശ്രദ്ധ പിടിച്ചുപററുന്നതിനുള്ള തന്റെ ശ്രമം സ്വന്തം അനന്യത തേടുന്നതിനുള്ള അവളുടെ ആന്തരികസമരത്തോടു ബന്ധപ്പെട്ടതാണെന്ന് അവൾ ഗ്രഹിച്ചു. ഒരു വ്യക്തി എന്ന നിലയിലുള്ള തന്റെ കുറവുകളെക്കുറിച്ചുള്ള വികാരങ്ങൾ, യഥാർത്ഥത്തിൽ ഒരു സ്ത്രീയെന്ന നിലയിലുള്ള തന്റെ അംഗീകാരത്തിന്റെ ആവശ്യത്തോടു ബന്ധപ്പെട്ടതാണെന്നും ക്രമേണ അവൾക്കു ബോദ്ധ്യമായി. ഒരു ചലിക്കുന്ന ഗൃഹനായിക അല്ലെങ്കിൽ 'കുടുംബിനി' എന്ന അംഗീകൃതമാതൃകയിൽ ബ്രിജീത്തയെപ്പററി ചിന്തിക്കാതെ, അവളെ ഒരു വ്യക്തിയെന്ന നിലയിൽ കാണാൻ ആൻഡ്രുവും പഠിച്ചു. അതായത്, പുതിയൊരു ജീവിതവും നവീനമായൊരു ഭാവവുമുള്ള ഒരു പുതിയ സ്ത്രീയായി അവളെ പരിഗണിക്കാൻ തുടങ്ങി.

ഏതാനും മാസങ്ങൾ കഴിഞ്ഞു. കൗൺസലറുടെ നിർദ്ദേശമനുസരിച്ച്, അവരുടെ വ്യക്തിപരമായ പങ്കുകളും ചുമതലകളും പുനർനിർവചിക്കുന്നതിന് സഹായകമായ ഒരു വിവാഹക്കരാർ അവർ തയ്യാറാക്കി. അതനുസരിച്ച് അവർ ഒരുമിച്ച് ജീവിക്കാൻ തുടങ്ങി. എന്നാൽ ഇപ്പോൾ കരാർ ആവശ്യമുള്ളതായി അവർ വിചാരിക്കുന്നില്ല. ആൻഡ്രു ഇപ്പോഴും, ബ്രിജീത്തയ്ക്ക് ഇഷ്ടമില്ലെങ്കിലും, കൂടുതൽ സമയം നിയമകാര്യങ്ങൾ പരിശീലിക്കുന്നതിന് ഉപയോഗിക്കുന്നു. അതിൽ അയാൾക്ക് നിർബന്ധമുണ്ട്. എങ്കിലും തന്റെ കേസുകൾ ബ്രിജീത്തയുമായി പങ്കുവയ്ക്കാൻ അയാൾ ശ്രമിക്കുന്നു. അയാൾ തന്റെ ഭാര്യയുടെ അഭിപ്രായങ്ങളും ഉപദേശങ്ങളും ഹൃദയംഗമമായി സ്വാഗതം ചെയ്യുന്നു. അവയെ മാനിക്കുന്നു. അവർ ചിലപ്പോൾ ഒരുമിച്ചു ചീട്ടുക

malankaralibrary.com

ളിക്കുന്നു. ഒരുമിച്ചു പുറത്തുപോകുന്നു. അയാൾ കൂടുതൽ സമയം വീട്ടിൽ ചെലവഴിച്ചു് കുടുംബത്തിന്റെ നാഥനും പിതാവുമെന്ന നിലയിലുള്ള തന്റെ ചുമതല നിർവഹിക്കാൻ ആരംഭിച്ചിരിക്കുന്നു. ബ്രിജീത്തായുടെ പുതിയ തൊഴിൽ അയാൾ പ്രോത്സാഹിപ്പിക്കുന്നു. ഗാർഹികവൃത്തികളിൽ അയാൾ കൂടുതൽ ശ്രദ്ധിക്കുകയും സഹായിക്കുകയും ചെയ്യാൻ തുടങ്ങിയിരിക്കുന്നു. കുട്ടികളെ കുളിപ്പിക്കുക, കുട്ടികളെ നോക്കി വീട്ടിലിരിക്കുക തുടങ്ങിയ ജോലികളിൽ ഏർപ്പെടാനും അയാൾക്കു് പ്രയാസമനുഭവപ്പെടുന്നില്ല.

ആൻഡ്രുവും ബ്രിജീത്തായും തങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുവെന്നു് ഇതിനർത്ഥമില്ല. അവർ കൂടെക്കൂടെ ഉപബോധകന്റെ സഹായം തേടുന്നു. എങ്കിലും തങ്ങളുടെ പ്രവർത്തനക്ഷമമായ ദാമ്പത്യം കൂടുതൽ തൃപ്തികരമായ നിലവാരത്തിലേക്കു് ഉയർന്നതായി കാണുന്നു. അവർ വളരാൻ ആരംഭിച്ചിട്ടുണ്ടു്—ഇരുവരും ഒരുമിച്ചുചേർന്നു്.

'വിഷമഘട്ടം' അനുഭവപ്പെടുമ്പോൾ അതു് 'അപകടവും' 'അവസരവും' ഉൾക്കൊള്ളുന്നതായി ചൈനക്കാർ പരിഗണിക്കുന്നു. ഏതാണ്ടു് ഇതുതന്നെയാണു് വിവാഹബന്ധത്തിന്റെ കാര്യവും. ആൻഡ്രുവിനെയും ബ്രിജീത്തായെയും പോലുള്ള ദമ്പതികൾ, വിവാഹജീവിതത്തിന്റെ ഒരു തലത്തിൽനിന്നു് മറ്റൊന്നിലേക്കു പ്രവേശിക്കുമ്പോൾ, ഗൗരവതരമായ സംഘർഷങ്ങളുടെയും ക്രമീകരണത്തിന്റെയും പ്രയാസമേറിയ ഘട്ടങ്ങൾ അഭിമുഖീകരിക്കുന്നു. ഇത്തരം പ്രതിസന്ധികൾ ചിലപ്പോൾ വിവാഹത്തിന്റെ തകർച്ചയ്ക്കു വഴിയൊരുക്കിയേക്കാം. അല്ലെങ്കിൽ സ്ത്രീയും പുരുഷനും എന്ന നിലയിൽ തങ്ങളുടെ ബന്ധത്തിന്റെ ചൈതന്യവും ആർജ്ജവവും സമചിത്തതയും വീണ്ടെടുക്കാനും, പരസ്പരമുള്ള തങ്ങളുടെ പ്രതിജ്ഞകൾ പുതുക്കാനുമുള്ള അനുകൂല സന്ദർഭമാക്കി ആ ഘട്ടത്തെ മാറ്റിയേക്കാം. സമകാലിക വി

malankaralibrary.com

വാഹബന്ധങ്ങൾ നിരവധി വിഷമഘട്ടങ്ങളെ തരണം ചെയ്യേണ്ടതായിവരുന്നുണ്ട്. അതുപോലെ, അത് ശാശ്വതവും അചഞ്ചലവുമായ വളർച്ചയ്ക്കും വികാസത്തിനുമുള്ള അവസരങ്ങളും പ്രദാനം ചെയ്യുന്നുണ്ട്. തങ്ങൾക്കനുഭവപ്പെടുന്ന പ്രതിസന്ധികൾ, അപകടങ്ങൾ എന്നിവയിൽ കണ്ണടക്കാതെ, അവയെ അനുകൂലസന്ദർഭങ്ങളാണെന്നു തിരിച്ചറിഞ്ഞ് ക്രിയാത്മകമായി എന്തെങ്കിലും പ്രവർത്തിക്കാൻ ദമ്പതികൾ ഇച്ഛാശക്തി പ്രകടിപ്പിക്കുകയാണെങ്കിൽ മാത്രമേ ഇത്തരം വളർച്ചയും വികാസങ്ങളും പ്രതീക്ഷിക്കാൻ കഴിയൂ.

നാല്

## അസാദ്ധ്യമായ സങ്കല്പങ്ങൾ

''രാജകുമാരൻ മേഘമാലകൾക്കിടയിലൂടെ സൂര്യാസ്തമയത്തെ ലക്ഷ്യമാക്കി ഊളിയിട്ടു സഞ്ചരിക്കുന്നതിനിടയിൽ, തന്റെ സ്നേഹവും സമ്പത്തും, അനന്തവിഹായസ്സിലെ തന്റെ കനകക്കൊട്ടാരവും രാജകുമാരിക്കു വാഗ്ദാനം ചെയ്തു; അവൾ തന്റേതു മാത്രമായിത്തീരുകയാണെങ്കിൽ. അവൾ സമ്മതിച്ചു. വിവാഹാനന്തരം, അവർ സാമ്രാജ്യഭരണത്തെക്കുറിച്ച് അന്യോന്യം ചർച്ചചെയ്തു. കൊട്ടാരം താറുമാറായി കിടക്കുന്നുവെന്ന് രാജകുമാരൻ അറിയിച്ചു. അദ്ദേഹം തുടർന്നു.

അതിന്റെ മുറികൾ വെടിപ്പാക്കണം, അതിന്റെ അനേകമായ മൂലകളിലെ പൊടി തുടച്ചു വൃത്തിയാക്കണം. അതിലെ അനേകം വിളക്കുകൾ പ്രകാശിപ്പിക്കണം, അതിന്റെ നിരവധി ചിമ്മിനികൾ ശുചിയാക്കണം, അതിന്റെ അസംഖ്യം ഇടനാഴികൾ അടിച്ചുവാ

malankaralibrary.com

ണം, അതിലെ എണ്ണമററ അന്തേവാസികളെയും സന്ദർശകരെയും തീററിപ്പോററണം; നിന്നെപ്പോലെ സുഭഗയായ ഒരു സ്ത്രീയുടെ കരങ്ങൾ ആവശ്യമാണ്. മാത്രമല്ല, എന്റെ കാലശേഷം വളരെക്കാലം രാജ്യം ഭരിക്കുന്നതിന് സമർത്ഥന്മാരായ ധാരാളം പുത്രന്മാരും നമുക്കുണ്ടാകേണ്ടതുണ്ട്. അവർക്കു പ്രായപൂർത്തിയാകുമ്പോൾ എന്നെപ്പോലെ നല്ലോരു ഭാര്യയെ കണ്ടെത്തുന്നതിൽ അവരും ഭാഗ്യവാന്മാരായിരിക്കട്ടെ എന്നു പ്രത്യാശിക്കാൻ മാത്രമേ ഇപ്പോൾ എനിക്കു കഴിയൂ.

പിന്നീട് അവർ പരസ്പരം ചുംബിച്ചു. രാജകുമാരൻ വളരെക്കാലം സന്തോഷത്തോടെ ജീവിച്ചു..... നിങ്ങൾ അതുപോലെ ആയിത്തീരണമെങ്കിൽ വളരെക്കാലം ഇനിയും കാത്തിരിക്കേണ്ടതുണ്ട്, കുട്ടികളേ''

സ്വന്തം ദാമ്പത്യത്തിലേയ്ക്ക് പുരുഷനും സ്ത്രീയും കൊണ്ടുവരുന്ന ഭിന്നമായ സ്വപ്നങ്ങളുടെയും പ്രത്യാശകളുടെയും പ്രതീക്ഷകളുടെയും സരസമായ ഒരു വിവരണമാണ് ഈ കഥ ചിത്രീകരിക്കുന്നതു്. ഈ കഥയിലെ രാജകുമാരൻ സന്തുഷ്ടിയോടുകൂടെ എന്നെന്നേയ്ക്കും ജീവിച്ചിരിക്കാം. എന്നാൽ രാജകുമാരിയോ? തന്റെ ഭാവിജീവിതം മുഴുവൻ മുറികൾ അടിച്ചുവാരിയും ഇടനാഴികൾ വൃത്തിയാക്കിയും സന്ദർശകരെ സൽക്കരിച്ചും കഴിച്ചുകൂട്ടാമെന്ന് അവൾ പ്രതീക്ഷിച്ചിരിക്കുമോ? ഭാവിയെക്കുറിച്ചുള്ള അവളുടെ പ്രതീക്ഷകൾ എന്തായിരുന്നു? അവളുടെ നവവരന്റേതുപോലുള്ള ആഗ്രഹങ്ങൾ തന്നെയായിരുന്നുവോ അവൾക്കും ഉണ്ടായിരുന്നതു്?

സൗഭാഗ്യപ്രദമായ ദാമ്പത്യജീവിതം കരുപ്പിടിപ്പിക്കുന്ന ഏററവും സുപ്രധാനഘടകങ്ങളുടെ കാര്യത്തിൽ വിദഗ്ധന്മാർ ഭിന്നാഭിപ്രായം പുലർത്തുന്നു. എങ്കിലും, മിക്കവാറും വിവാഹങ്ങളുടെ വിജയത്തിനോ പരാജയത്തിനോ കളമൊരുക്കുന്ന കാര്യങ്ങളുടെ ഒരു പട്ടികയിൽ വധൂവരന്മാരുടെ പ്രതീക്ഷകൾക്ക്—ഭാവി

malankaralibrary.com

സങ്കല്പങ്ങൾക്ക് — എല്ലാവരും തന്നെ വളരെ ഉയർന്ന സ്ഥാനം നൽകുന്നുണ്ട്. അതേസമയം തന്നെ ദമ്പതിമാരുടെ പ്രതീക്ഷകളിൽ സാർവത്രികമായി കാണുന്ന ചിന്തകൾ സാമൂഹ്യമന:ശാസ്ത്രജ്ഞരെയും ഉപബോധകരേയും അലട്ടുകയും ചെയ്യുന്നു. അവളുടെ അല്ലെങ്കിൽ അവന്റെ പങ്കാളി, ഇന്നലത്തെ തന്റെ സ്വപ്നങ്ങളുമായി പൊരുത്തപ്പെടുന്നില്ലെന്ന് ഒരു ദിവസം ഇണകൾ കണ്ടെത്തുമ്പോഴാണ്, വൈവാഹികരംഗങ്ങളും തർക്കവും പരസ്പര വൈരുദ്ധ്യവും ആരംഭിക്കുന്നതെന്നു കാണാവുന്നതാണ്. ചാർമിംഗ് രാജകുമാരൻ കണ്ടുള്ള് ഇത്തരം അസാദ്ധ്യമായ സ്വപ്നമായിരുന്നു.

സ്ത്രീകളെക്കാൾ പുരുഷന്മാർ ദാമ്പത്യജീവിതത്തിൽ പ്രവേശിച്ചശേഷമാണ് മതിമോഹവിമുക്തരായിത്തീരുന്നതെന്നതിന് സൂചനകളുണ്ട്. കാരണം, സ്ത്രീകളെക്കാൾ ഭാവിയെക്കുറിച്ചുള്ള പുരുഷ സങ്കല്പങ്ങൾ തികച്ചും യാഥാർത്ഥ്യത്തിൽ വേരൂന്നിയതല്ല. എന്നാൽ ഭാര്യയുടെയോ അല്ലെങ്കിൽ ഭർത്താവിന്റെയോ ഭാഗത്തു പ്രത്യക്ഷപ്പെടുന്ന സ്വപ്നനാശം, താമസിയാതെ മറ്റേ പങ്കാളിയെയും ബാധിക്കുന്നു. അവരുടെ ബന്ധം ചവർപ്പിലേക്കും പുളിപ്പിലേക്കും നീങ്ങുന്നു. രാജകുമാരന് തന്റെ രക്ഷാകവചങ്ങൾ നഷ്ടമാകുന്നു; രാജകുമാരി സിൻഡ്രല്ല അർദ്ധരാത്രിവരെ അടുക്കളയിൽ പാത്രം തേയ്ക്കുന്ന ഒരു ഗൃഹപരിചാരിക മാത്രമായിത്തീരുന്നു. ഒരിക്കൽ തങ്ങൾ പരസ്പരം പ്രേമബന്ധിതരാണെന്ന് അവർ കരുതിയിരുന്നു. ഇപ്പോൾ അവർ തികച്ചും അപരിചിതരാകുന്നു. അവർ ഇങ്ങനെ പറഞ്ഞേക്കാം:

"ഞാൻ കരുതിയിരുന്നതുപോലുള്ള ഒരു പുരുഷനല്ല അദ്ദേഹം." അദ്ദേഹം ഇങ്ങനെ വിചാരിക്കാം: ഒരിക്കൽ ഞാൻ പരിചയപ്പെടുകയും വിവാഹം ചെയ്യുകയും ചെയ്ത സ്ത്രീയേക്കാൾ അവൾ വ്യത്യസ്തയാണ്." ഇങ്ങനെ, യാഥാർത്ഥ്യബോധമില്ലാത്ത പ്രതീക്ഷകൾ, സുന്ദര

malankaralibrary.com

മായ സ്വപ്നങ്ങളുടെ അന്ത്യം കുറിക്കുന്നു. വിവാഹമണി സ്നേഹത്തിന്റെ മരണം മുഴക്കുന്നു.

ദൂരയാത്രയ്ക്കു പുറപ്പെടുമ്പോൾ, ആളുകൾ കുറച്ച് യാത്രാസാമാനങ്ങളും കൊണ്ടുപോവുക പതിവാണല്ലോ. ഏതാണ്ട് അതുപോലെ ദാമ്പത്യത്തിലേയ്ക്ക് ഒരുമിച്ച് യാത്ര ആരംഭിക്കുമ്പോൾ, സ്ത്രീകളും പുരുഷന്മാരും ഏതാനും സാമൂഹികവും മാനസികവുമായ 'പടക്കോപ്പുകൾ' തങ്ങളോടൊത്തു കൊണ്ടുവരുന്നു. വ്യക്തിഗതമായ ഈ സാധനസാമഗ്രികളിൽ അനേകം ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. വ്യക്തിപരമായ അനന്യത, കുടുംബചരിത്രം, പഴയകാലാനുഭവങ്ങൾ, ജീവിതസങ്കല്പങ്ങൾ, ചിലപ്പോൾ ഭയാശങ്കകളും ഉത്കണ്ഠകളും അതിലുണ്ടാകാം.

തങ്ങളുടെ സ്യൂട്ട്കേസുകളിൽ പങ്കാളികൾ നിറയ്ക്കുന്ന സ്വപ്നങ്ങളുടെ തരഭേദം നിർണ്ണയിക്കുന്നത് എന്തെല്ലാമാണ്?

1. സംസ്കാരം: ആളുകൾ ജീവിക്കുന്ന അന്തരീക്ഷം അവരെ വലയം ചെയ്യുന്ന സംസ്കാരം—അവരുടെ പ്രതീക്ഷകളോടു വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു. ആധുനിക കാലഘട്ടത്തിൽ ആനുകാലികപ്രസിദ്ധീകരണങ്ങളും, റേഡിയോ, ടെലിവിഷൻ, സിനിമ തുടങ്ങിയ മാധ്യമങ്ങളും ജനങ്ങളെ ശക്തിയായി സ്വാധീനിക്കുന്നു— യഥാർത്ഥത്തിൽ അതവർ അറിയുന്നില്ലെങ്കിലും. ഡോ. തോമസ്. എ ഹാരിസ് ദമ്പതിമാരുടെ സ്വപ്നലോകത്തെ ഇങ്ങനെ വിവരിക്കുന്നു:

"അവർ വായിക്കുന്ന ശൃംഗാരപരമായ നോവലുകളിൽനിന്ന് വിവാഹത്തെക്കുറിച്ചുള്ള ഒരു ധാരണ ദമ്പതികൾ കടമെടുക്കുന്നു. അത്തരം കല്പനാസൃഷ്ടികളിലെ ഭർത്താവിന്, പ്രശസ്തമായ ഒരു കമ്പനിയിൽ ഒരു ജൂനിയർ എക്സിക്യൂട്ടീവ് എന്ന നിലയിൽ നല്ല ഉദ്യോഗമുണ്ട്. അയാൾ എല്ലാ ദിവസവും രാത്രിയിൽ റോസാപുഷ്പങ്ങൾകൊണ്ട് നിർമ്മിച്ച പൂച്ചെണ്ട് ഭാര്യയ്ക്കു കൊ

malankaralibrary.com

ണ്ടുവരുന്നു. മെലിഞ്ഞ സുന്ദരിയായ ഭാര്യ, മിന്നിത്തിളങ്ങുന്ന ജനാലകളും മൊസൈക്ക് പാകിയ തറയുമുള്ള ആകർഷകമായ വീട്ടിൽ അയാളെ കാത്തിരിക്കുന്നു. അവിടത്തെ എല്ലാ വിളക്കുകളും പ്രകാശിക്കുന്നുണ്ടാകും. സ്റ്റീരിയോ പ്രേമജനകമായ സംഗീതം ആലപിക്കുന്നുണ്ടാകും''

സാധാരണ സ്ത്രീപുരുഷന്മാർക്ക് തനതായുള്ള ചില സിനിമാമാതൃകകളും ഈ മിഥ്യാദർശനത്തിനു സംഭാവന നൽകുന്നു. യുവതി തന്റെ ഭാവനയിലൂടെ, ബോധപൂർവമോ അബോധപൂർവമോ, തന്റെ ഭാവിവരൻ തന്റെ ഇഷ്ടതാരത്തെപ്പോലെ ശാന്തനും നിശ്ചയദാർഢ്യമുള്ളവനും പൗരുഷമുള്ളവനുമായിരിക്കണം എന്നു പ്രതീക്ഷിക്കുന്നു. അയാൾ അമിതാബച്ചനെപ്പോലെ സുന്ദരനും കമലാഹാസനെപ്പോലെ പുഞ്ചിരിയുള്ളവനും, നസീറിനെപ്പോലെ ശാന്തനുമായിരിക്കണമെന്നാഗ്രഹിക്കുന്നു. എന്നാൽ യഥാർത്ഥജീവിതത്തിൽ, അയാൾ തന്റെ ഷർട്ടും കോളറുകളും നിലത്തു വലിച്ചെറിയുന്നു; ടെലിവിഷന്റെയോ റേഡിയോയുടെയോ മുമ്പിൽ സമയം കഴിച്ചുകൂട്ടുന്നു—ഭാര്യയുമായി പ്രേമപ്രകടനത്തിനോ നർമ്മഭാഷണത്തിനോ പരസ്പരധാരണയ്ക്കോ ശ്രമിക്കാതെ. അവൾ അമ്പരക്കുന്നു.. വിഷാദനിമഗ്നയാകുന്നു.

ഭാവിവധുവിനെക്കുറിച്ചുള്ള പുരുഷന്മാരുടെ സ്വപ്നങ്ങളും, ഇതുപോലെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതാവില്ല. സീമയെപ്പോലെ അവൾ സുന്ദരിയായിരിക്കണം. ഷീലയെപ്പോലെ സാഹസികതയും ധീരതയും ഉള്ളവളാകണം. കവിയൂർ പൊന്നമ്മയെപ്പോലെ നല്ലൊരു വീട്ടമ്മയും കുടുംബിനിയുമായിരിക്കണം. ബെററി ഫെർണസ്സിനെപ്പോലെ നല്ലൊരു ശിശുമനഃശാസ്ത്രജ്ഞയും ജെയ്ൻ ഫോണ്ടയെപ്പോലെ നല്ലൊരു ആതിഥേയയും പാചകവിദഗ്ധയും ആയിരിക്കണമെന്ന് പുരുഷൻ ആഗ്രഹിക്കുന്നു. എന്നാൽ അവൾ അവരെപ്പോലെയല്ലെന്നും വെറും സാധാരണ സ്ത്രീയാണെന്നും,

malankaralibrary.com

അവളുടെ മനോഭാവങ്ങൾ നിമിഷംപ്രതി മാറിക്കൊണ്ടിരിക്കുന്നുവെന്നും അവൾ അണിഞ്ഞൊരുങ്ങാതെ കുളിമുറിയിൽനിന്നും ഇറങ്ങിവരുമ്പോൾ വെറുമൊരു 'അശ്രീകരം' ആണെന്നും കണ്ടെത്തുമ്പോൾ അയാൾ അമ്പരക്കുന്നു. അയാളുടെ അസാദ്ധ്യമായ സ്വപ്നങ്ങൾ വാടുന്നു.

2. കുടുംബചരിത്രം: ഒരാളുടെ കുടുംബപുറുപാടുകൾ, മാതാപിതാക്കന്മാരുമായുള്ള ബന്ധനിലവാരം എന്നിവയും അയാളുടെ പ്രതീക്ഷകളുടെ മാതൃക നിർണ്ണയിക്കുന്നു. ഒരു കൗൺസലിംഗ് സമ്മേളനത്തിനുവന്ന ഒരു കുമാരി ഇങ്ങനെ പ്രതിജ്ഞചെയ്തു: ''ഞാൻ ഒരിക്കലും വിവാഹം ചെയ്യുകയില്ല. കഴിഞ്ഞ പതിനേഴു വർഷങ്ങളായി ഞാൻ എന്റെ അച്ഛനമ്മമാരുടെ വിവാഹജീവിതം നിരീക്ഷിച്ചുവരികയാണ്. അവർ സദാസമയവും പരസ്പരം തർക്കിക്കുകയും തല്ലടിക്കുകയും ചെയ്യുന്നതാണ് ഞാൻ കാണുന്നതു്. മാതാപിതാക്കന്മാരുടെ ബന്ധത്തിന്റെ രീതി, സ്ത്രീപുരുഷബന്ധത്തിന്റെ ശക്തിമത്തായ മാതൃക കുട്ടികൾക്കു നൽകുന്നു. ഇതിൽനിന്നു്, തന്റെ ഭാവിപങ്കാളിയിൽനിന്നു പ്രതീക്ഷിക്കുന്ന പെരുമാററശൈലിയുടെ മഹത്തായ ഒരു ഉദാഹരണം അവർ രൂപപ്പെടുത്തുന്നു.

റൂത്തു് ഹാരിസിന്റെ 'ദശകങ്ങൾ' എന്ന നോവലിലെ ഈവ്‌ലിന് തന്റെ ഭർത്താവുമായുള്ള ബന്ധം ഒരു പ്രശ്നമായിത്തീർന്നു. തന്റെ പ്രിയതമനായ നാററുമായുള്ള ഈ പ്രതിസന്ധിക്കു് സംഭാവന നൽകിയതു് തന്റെ കുടുംബപശ്ചാത്തലമായിരുന്നുവെന്നു്, ഒരു മനഃശാസ്ത്രജ്ഞന്റെ സഹായത്തോടെ അവൾ മനസ്സിലാക്കാൻ ആരംഭിക്കുന്നു.

കൂടുതൽ കുട്ടികൾ ഉണ്ടാകുന്നതിനുള്ള തന്റെ കഴിവില്ലായ്മ ഈവ്‌ലിൻ പരിശോധിച്ചു. തന്റെ സാന്ദർഭികമായ നിർവികാരതയും, അതു് നാററിൽ വരുത്തിയ പരിണാമവും അവൾ അവലോകനംചെയ്തു.

malankaralibrary.com

തന്റെ പിതാവിൽ നിന്നു് താൻ സ്വീകരിച്ച അതേ കാര്യങ്ങൾ തന്നെയാണു് തന്റെ ഭർത്താവിൽനിന്നു് താൻ പ്രതീക്ഷിച്ചതെന്നും അവൾ മനസ്സിലാക്കി–അച്ഛനെപ്പോലെതന്നെ, ഭർത്താവിന്റെ സമ്പൂർണ്ണ വിശ്വസ്തതയും പരിപൂർണ്ണവിധേയത്വവും, തനിക്കുവേണ്ടി പാദസേവ ചെയ്യാനുള്ള സന്നദ്ധതയുമാണു് താൻ നാററിൽനിന്നും പ്രതീക്ഷിച്ചിരുന്നതെന്നറിഞ്ഞപ്പോൾ അവൾ വിസ്മയഭരിതയായി. അദ്ദേഹം ഡാഡിയും താൻ സ്വയം ശിശുവും ആയിരിക്കണമെന്നു് അവൾ ആഗ്രഹിച്ചു. ഇക്കാര്യങ്ങളെല്ലാം സംശയാതീതമായി ഗ്രഹിച്ചപ്പോൾ ഈവ്‌ലീൻ സ്വയം ഇപ്രകാരം പറഞ്ഞുപോയി: ''എന്നാൽ പിതാവും ഭർത്താവും ഭിന്നരാണു്!''

പിതാക്കന്മാരും ഭർത്താക്കന്മാരും അസദൃശരായിരിക്കുന്നതുപോലെ തന്നെ അമ്മമാരും പുത്രിമാരും ഭിന്നരാണു്. മനഃശാസ്ത്രജ്ഞനോടുള്ള ചർച്ചയിൽനിന്നു്, തന്റെ സ്വന്തം മകൾ ജോയ്സുമായുള്ള ബന്ധങ്ങളുടെ പരാജയത്തിനു് തന്റെ അമ്മയുമായുള്ള ബന്ധമാണു് സ്വാധീനം ചെലുത്തിയതെന്നും ഈവ്‌ലീൻ കണ്ടെത്തി. തന്റെ സ്വന്തം മാതാവിനോടുണ്ടായിരുന്ന ബന്ധത്തിന്റെ ശരിപ്പകർപ്പാണു് ജോയ്സുമായുള്ള തന്റെ ഇപ്പോഴത്തെ ബന്ധമെന്നു് തിരിച്ചറിഞ്ഞപ്പോൾ അവൾ സ്തബ്ധയായി. ഈവ്‌ലീനും അമ്മയും തമ്മിൽ വളരെ അകന്ന ഒരു ബന്ധം മാത്രമാണുണ്ടായിരുന്നതു്. അവർ തമ്മിൽ ഒരിക്കൽപ്പോലും ഉള്ളുതുറന്നു സംഭാഷണം നടത്തിയിട്ടില്ല. അവർ പരസ്പരം ഒരിക്കലും പൂർണ്ണ വിശ്വാസമർപ്പിച്ചിരുന്നില്ല. ഈവ്‌ലീനു് തന്റെ അമ്മ തികച്ചും ഒരു നിഗൂഢതയായിരുന്നു. അപരിചിതയായിരുന്നു. അതുപോലെ, താൻ ജോയ്സിനും ഒരു രഹസ്യമായിരിക്കും എന്നവൾ ഗ്രഹിച്ചു. ഒരു വ്യത്യാസം മാത്രമാണുണ്ടായിരുന്നതു്–കുട്ടികൾ മാതാപിതാക്കന്മാരെ അംഗീകരിച്ചിരുന്ന ഒരു കാലഘട്ടത്തിലാണു്

malankaralibrary.com

ഈവ്ലിൻ വളർന്നുവന്നതു്. തങ്ങളുടെ മാതാപിതാക്കന്മാരെ പരസ്യമായി വെറുക്കുകയും നിഷേധിക്കുകയും ചോദ്യം ചെയ്യുകയും ചെയ്താലും അംഗീകരിക്കുന്ന ഒരു കാലഘട്ടത്തിലാണു് ജേയ്സ് വളരുന്നതു് എന്നും ഈവ്ലിൻെറ വിവേകം കണ്ടെത്തി.

ഇങ്ങനെ കുടുംബപശ്ചാത്തലം, ചുററുപാടുകൾ, കുടുംബാംഗങ്ങളുമായുള്ള ബന്ധം, അച്ഛനമ്മമാരുടെ ദാമ്പത്യമാതൃക എന്നിവയെല്ലാം വ്യക്തിയിൽ അത്യധികം സ്വാധീനം ചെലുത്തുന്നു. ആ അനുഭവങ്ങൾ അവരുടെ ദാമ്പത്യബന്ധത്തിലും അസ്വാസ്ഥ്യങ്ങൾ ഉത്ഭവിപ്പിക്കുന്നു.

അഞ്ചു്

## അബോധപൂർവ്വമായ ആവശ്യങ്ങൾ

സമകാലിക സമൂഹത്തിൽ 'സഞ്ചരിക്കുന്ന പ്രണിതഹൃദയർ' സുലഭമാണു്. പക്വതയും പൂർത്തീകരിക്കപ്പെടാത്ത പഴയകാലാവശ്യങ്ങൾക്കുംവേണ്ടി പടവെട്ടിയൊരുക്കുന്ന ധാരാളം ആളുകളെ നമുക്കുകാണാം. സ്വയം മനസ്സിലാക്കാതെയാണെങ്കിൽപ്പോലും, ഈ മൗലികാവശ്യങ്ങളുടെ സാഫല്യത്തിനുള്ള ഒരു മാർഗ്ഗമെന്നനിലയിൽ ചില സ്ത്രീപുരുഷന്മാർ വിവാഹത്തെ കാണുന്നു; വിവാഹിതരാകുന്നു.

ഒരു ഉദാഹരണം: തിരക്കുള്ള ഒരു ഡോക്ടറുടെ ഏക സന്താനമായിരുന്നു ഹരി. അവൻെറ അമ്മ ഒരു സാമൂഹ്യപ്രവർത്തകയും. അവർക്കു് തൻെറ പ്രവർത്തനമേഖലയായിരുന്നു സർവപ്രധാനം. ഹരിയെ ശുശ്രൂഷിക്കാനോ അവനു സ്നേഹം പകർന്നുനൽകാനോ അവർക്കു

കഴിഞ്ഞില്ല. അമ്മയോടുള്ള ഹരിയുടെ ബന്ധത്തിൽ ഊഷ്മളതയും സ്നേഹവും നന്നേ കുറവായിരുന്നു. തീരെ അടുപ്പമില്ലാത്തതും അയഞ്ഞതും. തന്മൂലം പിൽക്കാലത്തു് മററുള്ളവരുമായി ഉററസ്നേഹബന്ധങ്ങൾ സ്ഥാപിക്കാൻ അവനു പ്രയാസമായിത്തീർന്നു. അവന്റെ കോളേജിലെ ആദ്യവർഷങ്ങൾ, അവൻതന്നെ വിവരിക്കുന്നതുപോലെ, ഒരു 'പരാജിത'ന്റേതായിരുന്നു. അവന്റെ ദുർമ്മുഖത്തോടുകൂടിയ പെരുമാററം, വസ്ത്രധാരണത്തിലെ ശോചനീയത എന്നിവയെല്ലാം ഹരിയെ സുഹൃത്തുക്കൾ കയ്യൊഴിയാൻ ഇടയാക്കി.

രജനി ഒരിടത്തരം കുടുംബത്തിലെ മൂത്ത പുത്രിയായിരുന്നു. ഇളയ സഹോദരീസഹോദരന്മാരാൽ വലയംചെയ്യപ്പെട്ട അവൾക്കു് തന്റെ യൗവ്വനാരംഭത്തിൽ തന്നെ ഒരു രണ്ടാനമ്മയും വന്നുകൂടി. എന്നാൽ അവൾ കോളേജ് ജീവിതം ആസ്വദിച്ചു. എങ്കിലും മററു സുഹൃത്തുക്കളെപ്പോലെ അവൾ സാമൂഹ്യബോധമുള്ളവളായിരുന്നില്ല. ഗാർഹികകാര്യങ്ങളോടായിരുന്നു അവൾക്കു താല്പര്യം.

ഒരു ദിവസം ഹരി അവളെ കോളേജ് കാമ്പസിൽ വച്ചു കണ്ടുമുട്ടി. ആദ്യകൂടിക്കാഴ്ചയിൽത്തന്നെ അവർ പരസ്പരം അനുരക്തരായിത്തീർന്നു. ജീവിതത്തിലാദ്യമായി, തന്റെ ഏകാന്തതയുടെയും വിഘടനത്തിന്റെയും മതിലുകൾ പൊളിക്കാൻ കഴിവുള്ള ഒരു സ്ത്രീയെ ഹരി അവളിൽ കണ്ടെത്തി. തന്റെ അപര്യാപ്തതകളും പരാജയങ്ങളും അംഗീകരിക്കുന്ന, തന്റെ ജീവിതത്തിനു് ലക്ഷ്യം നിർദ്ദേശിക്കുന്ന ഒരു വനിതയെ കണ്ടറിഞ്ഞു. തന്നെ ആശ്വസിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന, തനിക്കു് നിസ്സീമമായ സ്നേഹവും ആത്മാർത്ഥമായ ശുശ്രൂഷയും ധാരാളമായി നൽകാൻ കഴിയുന്ന ഒരാളെ അവൾ ഹരിയിലും കണ്ടുപിടിച്ചു. ഹരിക്കു് ഒരമ്മയെ ആവശ്യമുണ്ടായിരുന്നു; രജനിക്കു് തന്റെ 'നഷ്ടപ്പെട്ട കൊച്ചുകുട്ടി'യെയും. ആവശ്യം ആവശ്യത്തോടു

malankaralibrary.com

പ്രതിപ്രവർത്തിച്ചു. അവരുടെ ദാമ്പത്യജീവിതം വലിയൊരളവിൽ, പരസ്പരമുള്ള ഈ ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും അടിസ്ഥാനമാക്കിയതായിരിക്കമല്ലോ.

ഇതിൻെറ അർത്ഥം, സംസ്കാരവും, കുടുംബചരിത്രവും അല്ലെങ്കിൽ വ്യക്തിപരമായ ആവശ്യവുമാണ് ദമ്പതികളുടെ പ്രതീക്ഷകൾ ഭിന്നമായിരിക്കുന്നതിനു കാരണം എന്നാണ്. ചിലർ അമിതമായി അല്ലെങ്കിൽ ക്രമാധികമായി പ്രതീക്ഷിക്കുന്നു. മററുചിലർ പതറിപ്പോകുന്നു. ഇച്ഛിച്ചതു കിട്ടാതെവരുമ്പോൾ അവർ എല്ലാം കുഴപ്പത്തിലാകുന്നു. ഇതെല്ലാം വിവാഹത്തിൽ ഒരു സങ്കീർണ്ണാവസ്ഥ അല്ലെങ്കിൽ സംഭ്രമം ജനിപ്പിക്കുന്നു.

''ഞങ്ങൾ പരിചയപ്പെട്ടപ്പോൾ സാലി വളരെയേറെ വികാരവതിയും പ്രണയശീലയുമായിരുന്നു '' അലക്സ് ഓർമ്മിക്കുന്നു. ''തന്മൂലം, വിവാഹത്തിനുശേഷം ലൈംഗികമായി അവൾ വളരെയേറെ പ്രതികരിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. എന്നാൽ പലപ്പോഴും അവൾ മഞ്ഞുപോലെ നിർവ്വികാരയായാണ്. എൻെറ വസ്ത്രങ്ങളിൽ വരുത്തേണ്ട മാററങ്ങളെക്കുറിച്ച് അവൾ പതിവായി നിർദ്ദേശങ്ങൾ തരാൻ തുടങ്ങി. എന്നാൽ ഞാൻ അവ പരിഗണിച്ചില്ല. ഇപ്പോൾ അവൾ എന്നെ കാണുമ്പോൾ തൊട്ടതിനെല്ലാം കുററപ്പെടുത്തുന്നു.''

ഇതിനു് സാലി ഇങ്ങനെ പ്രത്യുത്തരം നൽകുന്നു: ''ഞാനൊരു നാണംകുണുങ്ങിയല്ല; എന്നാൽ സ്നേഹം എന്നതിൻെറ അർത്ഥം, സദാ ഒരു ലൈംഗിക ബോംബായി പ്രത്യക്ഷപ്പെടുകയല്ല. ആർദ്രഹൃദയം എന്നാണിതിൻെറ അർത്ഥം. അദ്ദേഹത്തിൻെറ വസ്ത്രങ്ങളെക്കുറിച്ചു പറയുകയാണെങ്കിൽ, അലക്സിനെപ്പോലെ വസ്ത്രം ധരിക്കുന്ന ഒരാൾ എന്നോട് വളരെക്കാര്യങ്ങൾ സ്വയം സംസാരിക്കുന്നതായി ഞാൻ വിചാരിക്കുന്നു.''

malankaralibrary.com

ഒരാളും ഒരിക്കലും മറെറാരു വ്യക്തിയെ പൂർണ്ണമായി മനസ്സിലാക്കുന്നില്ല—പ്രത്യേകിച്ച് വ്യത്യസ്തപശ്ചാത്തലങ്ങളിലും ഭിന്നസംസ്കാരങ്ങളിലുംനിന്നു വരുന്ന ദമ്പതിമാർ. ആചാരാനുഷ്ഠാനങ്ങൾ, സാമ്പത്തിക സാഹചര്യങ്ങൾ എന്നിവയിലും അവർ ഭിന്നരായിരിക്കും. ഇതിനുപുറമെ, സ്ത്രീപുരുഷന്മാർ ശാരീരികമായും മാനസികമായും പൊരുത്തപ്പെടുന്നവരുമല്ല. അതുപോലെ, മൂല്യങ്ങൾ, ലൈംഗികമനോഭാവങ്ങൾ, വൈകാരികാവശ്യങ്ങൾ, പ്രതീക്ഷകൾ, ലക്ഷ്യങ്ങൾ എന്നിവയിലും അവർ തമ്മിൽ അകലമുണ്ട്. ഇത്തരം ഭിന്നമായ പ്രതീക്ഷകൾ തിരിച്ചറിയാതിരിക്കുകയോ അല്ലെങ്കിൽ പരസ്പരം വാഗ്ദാനങ്ങളിൽ അലിഞ്ഞുചേരാതെ വിഘടിച്ചുനില്ക്കുകയോ ചെയ്യുമ്പോൾ, വൈവാഹികത്തകർച്ചയിലേയ്ക്ക് ഇരുകൂട്ടരും അറിയാതെ നടന്നടുക്കുന്നു.

ഭാര്യയോ ഭർത്താവോ അല്ലെങ്കിൽ ഇരുവരും പങ്കാളിയിൽനിന്ന് ക്രമാധികമായി പ്രതീക്ഷിക്കുമ്പോൾ അല്ലെങ്കിൽ യഥാർത്ഥത്തിൽ ഒരാൾക്കു സാദ്ധ്യമാകുന്നതിലധികം ആഗ്രഹിക്കുമ്പോൾ, അവരുടെ പ്രതീക്ഷകൾ അമിതമോ അല്ലെങ്കിൽ യാഥാർത്ഥ്യമില്ലാത്തതോ ആണെന്നു പറയാം. ചാർമിംഗ് രാജകുമാരൻ തന്റെ ആഗ്രഹങ്ങൾ നവവധുവിനോട്ട് പറഞ്ഞപ്പോൾ, വാസ്തവത്തിൽ തന്റെ ഭാര്യ ആരായിരിക്കണമെന്നതിനെക്കാൾ, തന്റെ സ്വന്തം പ്രതീക്ഷകൾ വെളിപ്പെടുത്തുകയാണ് ചെയ്തത്, ഭാര്യയുടെ പങ്ക് വെറുമൊരു ഗൃഹപരിചാരികയുടെയും അമ്മയുടെയുമാണെന്നാണ് അദ്ദേഹം ധരിച്ചിരുന്നതെന്നും അതിൽനിന്നു മനസ്സിലാക്കാം.

സമകാലിക സ്ത്രീയുടെ പങ്ക് രാജകുമാരന്റെ ഈ സങ്കുചിത വീക്ഷണത്തിന് പാകിയതാണോ? അവളുടെ പ്രതീക്ഷകൾ ഇതിൽനിന്നു വ്യത്യസ്തമാകുമ്പോൾ എന്തുസംഭവിക്കും? തന്റെ പിതാവിന്റെ ഒരു കാർബൺകോപ്പിയായിരിക്കണം ഭാര്യ എന്ന ഈവ്ലിന്റെ പ്രത്യാശ യാഥാർത്ഥ്യത്തോടു പൊരുത്തപ്പെടുന്ന

malankaralibrary.com

തായിരുന്നുവോ? അവളുടെ രഹസ്യസ്വപ്നങ്ങൾ പൂർത്തീകരിക്കാൻ നാററ് അപ്രാപ്തനായപ്പോൾ എന്താണ് സംഭവിച്ചത്?

ദാമ്പത്യജീവിതലക്ഷ്യങ്ങളെ സംബന്ധിച്ച് സുവ്യക്തമായ ധാരണ ദമ്പതികൾക്കുണ്ടാകണം. പ്രത്യേകിച്ച്, വൈവാഹികസന്തോഷത്തെക്കുറിച്ച് ഒരറിവില്ലെങ്കിൽ അവരുടെ പ്രതീക്ഷകൾ പതറിപ്പോകുന്നു. കുടുംബജീവിതത്തെക്കുറിച്ചുള്ള സമ്മേളനങ്ങളിൽ, 'വിവാഹജീവിതത്തിൽനിന്ന് നിങ്ങൾ പ്രധാനമായി ആഗ്രഹിക്കുന്നതെന്താണ്?' എന്ന് യുവദമ്പതിമാരോടു ചോദിക്കുമ്പോൾ, എല്ലാവരും തന്നെ ഏകദേശം ഒരേ ഉത്തരം നൽകുന്നു — ''സന്തുഷ്ടരായി ജീവിക്കുക എന്നതാണ് ഞങ്ങളുടെ ആഗ്രഹം.'' ഇക്കാലത്തു് വിവാഹബന്ധങ്ങൾ പൊട്ടിത്തകരുന്നതിന്റെ പ്രധാനകാരണം, ദാമ്പത്യഭദ്രതയ്ക്കുപകരം വൈവാഹികസന്തോഷം അന്വേഷിക്കുന്നതാണെന്ന് ഡോ. റിച്ചാർഡ്. എച്ച്. കെമർ പറയുന്നു. തീർച്ചയായും, ദാമ്പത്യജീവിതം സന്തോഷം നേടുന്നതിനുള്ള ഒരു മാർഗ്ഗമെന്നനിലയിൽ തന്നെ നാം കാണണം; ''കണ്ണുനീരിന്റെ ഈ താഴ്‌വരയിൽ മനുഷ്യന് നീക്കിവച്ചിട്ടുള്ള ഐഹികസന്തോഷങ്ങളുടെ പൂർണ്ണ അളവ്'' നാം പ്രതീക്ഷിക്കണം.

എന്നാൽ സന്തോഷം എന്നതിന്റെ അർത്ഥം പല ദമ്പതിമാരേയും കുഴപ്പത്തിലാക്കുന്നു. ഡോ. റിച്ചാർഡ് കെമർ ഇങ്ങനെ നിരീക്ഷിക്കുന്നു. ....''വിവാഹത്തോടുകൂടെ ഈ സന്തോഷം വരണമെന്ന് പലപ്പോഴും പലരും പ്രതീക്ഷിക്കുന്നു. എന്നാൽ ജനങ്ങൾ നിലനില്പിന് ആവശ്യമായതിൽ കൂടുതൽ ഒട്ടും അദ്ധ്വാനിക്കേണ്ട ആവശ്യമില്ല. സന്തോഷം ഇന്ന് മുമ്പത്തേക്കാൾ കൂടുതൽ യഥാർത്ഥ്യബോധമുള്ള ഒരു ലക്ഷ്യമാണ്. എന്നാൽ പ്രധാന പ്രശ്നം ആ സന്തോഷം എങ്ങനെ നേടാമെന്നതാണ്. എന്നാൽ അതുണ്ടാകുന്നതിന് ഒന്നും നൽകാതെതന്നെ വിവാഹത്തിൽനിന്ന് ഓരോ പങ്കാളിയും സമൃദ്ധമായ

malankaralibrary.com

സന്തോഷം പ്രതീക്ഷിക്കുന്നു. അപ്പോഴാം ഓരോരുത്തരും നിരാശരാകുന്നു. വിവാഹം നല്ലനാ ഒരു ബന്ധമാണ്— പ്രത്യേകിച്ച് ശിശുക്കൾ ഉണ്ടായശേഷം. ഇതിന് ഒരിക്കലും മാററമുണ്ടായിട്ടില്ല. നൂറു നൂററാണ്ടുകൾക്കുമുമ്പെന്നപോലെ, ഇന്നും ഇതൊരു സത്യമാണ്.''

നല്ല ഒരു കാറോ, ഒരു സ്ത്രീയെയോ വാങ്ങിയാൽ സ്വന്തം ജീവിതം സമ്പന്നമാകുമെന്നു വിശ്വസിക്കാനാണ് പല ആളുകളും അഭ്യസിപ്പിക്കപ്പെട്ടുന്നത്—ഒരു ഉല്പന്നമെന്ന നിലയിൽ ആളുകൾ ദാമ്പത്യസൗഭാഗ്യത്തെ കണക്കാക്കുന്നു. മുൻകൂട്ടി തയ്യാറാക്കി വച്ചിട്ടുള്ള സംതൃപ്തിയുടെ ഭാണ്ഡം വിവാഹലൈസൻസിനു ബദലായി സ്വായത്തമാക്കാമെന്ന് അവർ അന്ധമായി പ്രതീക്ഷിക്കുന്നു. എന്നാൽ സന്തോഷം ഒരു മനുഷ്യാനുഭവമാണ്. ദാമ്പത്യയോഗത്തിലേക്ക് പങ്കാളികൾ തങ്ങളുടെ വ്യക്തിപരമായ മൂലധനം ഇറക്കാൻ ഒരുങ്ങുകയാണെങ്കിൽ മാത്രമേ ആ അനുഭൂതി ഉണ്ടാക്കാനാവൂ. ദാമ്പത്യബന്ധം അഗാധവും സുദൃഢവുമാക്കി നിലനിർത്തുന്നതിന് ആത്മാർത്ഥമായി ഒരുമിച്ചു പ്രവർത്തിക്കുന്നവർക്കു മാത്രമേ ദാമ്പത്യസൗഭാഗ്യം സിദ്ധിക്കുകയുള്ളൂ. എങ്കിലും പരിപൂർണ്ണ സംതൃപ്തിയും സൗഭാഗ്യവും ആർക്കും ഉറപ്പുവരുത്താനാവില്ല—സന്തോഷം ആർജിക്കാനുള്ള ശ്രമത്തിൽ നിഷ്ഠയോടെ പ്രവർത്തിക്കാൻ മാത്രമേ കഴിയൂ.

സൗഭാഗ്യകരമായ ഒരു ദാമ്പത്യബന്ധത്തിലെ സുപ്രധാന ഘടകം പ്രതീക്ഷകളല്ല രണ്ടു വ്യക്തികൾ കൂട്ടായി തങ്ങളുടെ സ്വപ്നങ്ങൾ സമഞ്ജസമായി സമന്വയിക്കുന്നതാണ്, അവരുടെ ഭാവിയെ സംബന്ധിച്ച കല്പനാസൃഷ്ടികളല്ല ദമ്പതിമാരുടെ സ്വന്തം ജീവിതത്തിലെ സജീവ പങ്കാളിത്തമാണ്. അതുകൊണ്ട് വിവാഹത്തിനൊരുങ്ങുന്നവർ അല്ലെങ്കിൽ വിവാഹിതർ, തങ്ങളുടെ ഒരുമിച്ചുള്ള ജീവിതത്തിലേയ്ക്ക് ഇരുവരും കൊണ്ടുവരുന്ന പ്രതീക്ഷകളെ സത്യസന്ധമായി പരിശോധിച്ച് ഉചിതവും സാദ്ധ്യവുമായ ഇനങ്ങൾ ഏതെ

malankaralibrary.com

തെന്ന് തിരിച്ചുകാണേണ്ടതു് വളരെ പ്രധാനമാണ്. കാലാകാലങ്ങളിൽ അവ പുനർനിർണ്ണയിക്കുന്നതിനും കണ്ടെത്തുന്നതിനുമുള്ള അവസരങ്ങൾ സംജാതമാകുന്നതു് ദാമ്പത്യവിജയത്തിന് അനിവാര്യവുമാണ്.

വിവാഹത്തിനുമുമ്പ് പ്രതിസ്രുത വധൂവരന്മാർക്ക് കൗൺസലിംഗ് കോഴ്സുകൾവഴി പ്രതീക്ഷകളുടെ പരസ്പരമുള്ള പങ്കാളിത്തം ഉറപ്പാക്കാനും പ്രത്യാശകൾ സമീകരിക്കുവാനും കഴിയും. വിവാഹിതർക്ക് മാര്യേജ് എൻകൗണ്ടറുമായി ബന്ധപ്പെട്ട് തങ്ങളുടെ പ്രതീക്ഷകളും പ്രത്യാശകളും ആവശ്യങ്ങളും ആഗ്രഹങ്ങളും പങ്കുവക്കാൻ കഴിയും.

എന്നാൽ ദമ്പതിമാർക്ക് സ്വയം അനൗപചാരിക മാർഗ്ഗത്തിലൂടെ കൂടുതൽ സത്യസന്ധമായി പ്രായോഗികമായവ മാത്രം തെരഞ്ഞെടുത്തുകൊണ്ട്, ഈ പ്രതീക്ഷകളെ സമീകരിക്കാനും സമയോചിതമാക്കാനും കഴിയും. പ്രതിസന്ധിഘട്ടങ്ങൾ നല്ലൊരവസരം അവർക്ക് പ്രദാനം ചെയ്യുന്നു. ഉദാഹരണമായി, ദമ്പതിമാരിൽ ഒരാൾ വളരെയധികം തിരക്കുള്ളവനാണ്. അല്ലെങ്കിൽ ക്ഷീണിതനോ ക്ഷീണിതയോ ആണ്. അല്ലെങ്കിൽ വളരെയേറെ താമസിച്ചു വന്നതുകൊണ്ട് അന്ന് അമ്മയ്ക്കു് കുഞ്ഞിനെ കുളിപ്പിക്കാതെ ഉറക്കാനയയ്ക്കേണ്ടിവന്നു. അപ്പോഴെല്ലാം സ്വാഭാവികമായും ഒരു തർക്കം ഉത്ഭവിക്കാം.

തർക്കം അവസാനിച്ചുകഴിയുമ്പോൾ, അതിന്റെ കാരണം മറന്നുപോകുന്നതിനുമുമ്പ് ''ഈ സംഗതിയിലേക്കു നയിച്ച എന്തു കാര്യങ്ങളാണ് കഴിഞ്ഞ 24 മണിക്കൂറിൽ എനിക്കു സംഭവിച്ചതു്.'' എന്ന പ്രശ്നത്തെക്കുറിച്ച് ഭാര്യയും ഭർത്താവും ഓരോ ലിസ്റ്റ് തയ്യാറാക്കുക. അതിനുശേഷം അവർക്ക് അവ അന്യോന്യം താരതമ്യപ്പെടുത്താൻ കഴിയും. 'എനിക്ക് നിങ്ങൾ ഉണ്ടാക്കിയ പ്രശ്നങ്ങൾ, ഞാൻ കാരണം നിങ്ങൾക്കുണ്ടായ പ്രശ്നങ്ങൾ, ഞാൻ നിങ്ങളിൽനിന്ന് എന്തു പ്രതീക്ഷിച്ചു, എന്നിൽനിന്ന് നിങ്ങൾ എന്തു പ്രതീക്ഷിക്കുന്നുവെന്ന്

malankaralibrary.com

ഞാൻ വിചാരിച്ചു.' ഇങ്ങനെയുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ പരിശോധിച്ചുനോക്കുക.

പങ്കാളികളുടെ അഭിപ്രായം ഭിന്നമാകുമ്പോൾ 'പ്രായോഗികമായി രണ്ടിലൊന്നു്'' തെരഞ്ഞെടുക്കുന്നതു് പൊരുത്തമുണ്ടാകുന്നതിനുള്ള മറ്റൊരു പ്രായോഗികമാർഗ്ഗമാണു്. ഉദാഹരണമായി ദമ്പതിമാരിലൊരാൾ, ''നമ്മുടെ പത്താം വിവാഹവാർഷികംവരെ നമുക്കു കുഞ്ഞുങ്ങളൊന്നും വേണ്ട'' എന്നു പറയുന്നുവെന്നിരിക്കട്ടെ. 'നമ്മുടെ വിവാഹം എന്തുപോലെ ആയിത്തീരും. എന്റെ പങ്കു് എന്തായിരിക്കണമെന്നാണു ഞാൻ വിചാരിക്കുന്നതു്? എന്തായിരിക്കണം എന്റെ ഭർത്താവിന്റെ അല്ലെങ്കിൽ ഭാര്യയുടെ പങ്കു്?' ഇത്തരം ചോദ്യങ്ങളുടെ ഉത്തരങ്ങൾ താരതമ്യപ്പെടുത്തിക്കൊണ്ടു് അഭിപ്രായസമന്വയം ഉണ്ടാക്കുകയും സാദ്ധ്യമായ ഭാവി നിർണ്ണയിക്കുകയും ചെയ്യാം.

വേറൊരു പ്രശ്നം എടുക്കാം. 'ഭർത്താവു് ജോലിക്കുവേണ്ടി പുറത്തുപോയി താമസിക്കേണ്ടിവരികയാണെങ്കിൽ എന്തു സംഭവിക്കും.' നമ്മുടെ കുട്ടികളിലൊന്നു്, 'ഒരു അസാധാരണ ശിശു' ആണെങ്കിൽ എന്തു്? എന്താണു ഭാര്യയുടെ പങ്കു്? ഭർത്താവിന്റെ പങ്കു് എന്തായിരിക്കണം? എന്നാൽ ഇത്തരം പ്രശ്നങ്ങൾക്കു് 'ഉടൻ ഉത്തരം' കണ്ടെത്തുന്നതിനു് കഴിഞ്ഞെന്നു വരില്ല. മറിച്ചു്, മൂല്യങ്ങളും മുൻഗണനകളും കണക്കിലെടുത്തു് ഭാവി പ്രതീക്ഷകളിൽ യാഥാർത്ഥ്യബോധത്തോടുകൂടെ പങ്കാളികൾക്കു് പങ്കുചേരാൻ കഴിയുന്നു. ഓരോരുത്തർക്കും തങ്ങളുടെ ആഗ്രഹങ്ങൾ വെളിപ്പെടുത്താനും അവസരം നൽകുന്നു. ഈ സഹകരണവും പങ്കാളിത്തവും സരച്ചേർച്ചയും അവരുടെ ദാമ്പത്യജീവിതം സൗഭാഗ്യപ്രദമാക്കാൻ ഉപകരിക്കാതിരിക്കില്ല.

നാളത്തെ പ്രഭാതം, പ്രശാന്തമോ ഇരുളടഞ്ഞതോ എന്നു തീരുമാനിക്കുന്നതു് വലിയയളവിൽ, ഇരുവരും ദാമ്പത്യജീവിതത്തിലേക്കു് കൊണ്ടുവരുന്ന പ്രതീ

malankaralibrary.com

ക്ഷകളുണ്ട്. നാളത്തെ സന്തോഷത്തെക്കുറിച്ചുള്ള അവരുടെ ഭാവിസ്വപ്നങ്ങളും, ഭീതിജനകമായ ദുഃസ്വപ്നങ്ങളുമല്ലെങ്കിൽ സത്യസന്ധമായ പ്രത്യാശകളായോ, തീരുന്നില്ല, ഇന്ന് സ്വന്തം പങ്കിനെക്കുറിച്ചുള്ള പരസ്പരപ്രതീക്ഷകളിലെ അവരുടെ പങ്കാളിത്തമാണ്; അവരുടെ കർത്തവ്യങ്ങളെയും വൈവാഹിക മുൻഗണനകളെയുംകുറിച്ചുള്ള പരസ്പര ധാരണകളുണ്ട്. ഏതു പ്രശ്നത്തിലായാലും വിട്ടുവീഴ്ചയും പങ്കാളിത്തത്തിനുമുള്ള ഇണകളുടെ കഴിവിനെ ആശ്രയിച്ചിരിക്കും ദാമ്പത്യസൗഭാഗ്യം.

ആറ്

## നിശബ്ദമായ വാക്കുകൾ, സംസാരിക്കാത്ത വികാരങ്ങൾ

വിവാഹത്തിനു മുമ്പ്, ആനിയും സിജിയും വളരെയധികം സംസാരിച്ചു. അവർക്കു പൊതുതാല്പര്യമുള്ള കാര്യങ്ങളെക്കുറിച്ച് അവർ ശാന്തമായും അനായാസമായും സംഭാഷണം നടത്തി-സുഹൃത്തുക്കൾ, സെക്സ്, സിനിമകൾ, കായിക വിനോദങ്ങൾ എന്നിവയെക്കുറിച്ചെല്ലാം. ഭാവിയെക്കുറിച്ചും അവർ സംസാരിക്കുക പതിവായിരുന്നു. വളരെയേറെ കാര്യങ്ങൾ പറയാനും, വളരെയധികം കാര്യങ്ങളിൽ ഒരുമിച്ചു പങ്കെടുക്കാനും അവർ ശ്രദ്ധിച്ചു. ഈ ആശയവിനിമയംവഴി പരസ്പരം മനസ്സിലാക്കാനും പങ്കാളിത്തം ഉറപ്പിക്കാനും അവർക്കു കഴിഞ്ഞു.

സിജി മെഡിക്കൽ പ്രതിനിധി അധ്യാപകനും ആനി ഒരു ക്ലാർക്കുമായിരുന്നു. അവർ വിവാഹിതരായിട്ട് ഇപ്പോൾ ഏതാണ്ടു മാ

malankaralibrary.com

സങ്ങളായി. ഈ ആഴ്ചയിൽ ആനിയുടെ മാതാപിതാക്കന്മാരെ സന്ദർശിക്കാൻ അവർ തീരുമാനിച്ചു. അയാളുടെ ഏററവും നല്ല പാൻറ്സും ഷർട്ടും ധരിക്കാൻ അവൾ അയാളെ പ്രേരിപ്പിച്ചു. ഏററവും ആകർഷകമായ നല്ല വസ്ത്രത്തിൽ ഏററവും സുന്ദരനും സുമുഖനുമായി ബന്ധുക്കളുടെ മുമ്പിൽ തൻെറ പ്രിയതമനെ അവതരിപ്പിക്കണമെന്നു് ആ സുമംഗലി സ്വമനസ്സാ നിശ്ചയിച്ചിരുന്നു.

എന്നാൽ മററെതൊരു പുരുഷനെയും പോലെതന്നെ സിജി, അവളുടെ വികാരത്തേക്കാൾ വാക്കുകൾ മുഖവിലയ്ക്കെടുത്തു. അതിനാൽ മോടിയിൽ വസ്ത്രം ധരിക്കുന്നതിനുള്ള ആനിയുടെ നിഷ്കർഷയും വൈകാരികചിന്താഗതിയും അയാൾ ശ്രദ്ധിച്ചില്ല. ആനിയുടെ വികാരങ്ങൾക്കും ഇച്ഛകൾക്കും കാര്യമായ പ്രതികരണം നൽകാതെ, പത്രത്തിൽ കണ്ണുനട്ടുകൊണ്ടു് അയാൾ പറഞ്ഞു: ''ഓ, നമ്മൾ നിൻെറ അപ്പനമ്മമാരുടെ അടുത്തേയ്ക്കല്ലേ പോകുന്നതു്........... ഈ വസ്ത്രങ്ങൾതന്നെ ധാരാളം മതിയാകും''

എന്നാൽ അവളുടെ വാക്കുകൾക്കുപിന്നിൽ ഒരു സന്ദേശമുണ്ടായിരുന്നു. സ്ത്രീയെന്നനിലയിൽ ആ വികാരങ്ങളോടു് അവൾക്കു് പ്രത്യേക പ്രതിപത്തിതന്നെയുണ്ടു്. എന്നാൽ സിജിയുടെ ഉത്തരത്തിൽ ഇത്തരമൊരു വൈകാരിക മനഃസ്ഥിതി അഥവാ മൂല്യവികാരം അവൾക്കു കാണാൻകഴിഞ്ഞില്ല. ''ഇവ ധാരാളം മതിയാകും'' എന്ന അലക്ഷ്യമായ സിജിയുടെ ഉത്തരം, അയാൾ ഇതൊരു അപ്രധാന സന്ദർഭമാണെന്നു് കണക്കാക്കുന്നതായി അവൾക്കുതോന്നി. അയാൾ യഥാർത്ഥത്തിൽ നിശ്ശബ്ദമായി ഇങ്ങനെ സംസാരിക്കുന്നുവെന്നു് അവൾ കരുതി. ''നിനക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഞാൻ ഈ വസ്ത്രമാണു് ധരിക്കാൻ പോകുന്നതു്. ഞാൻ നിൻെറയോ നിൻെറ മാതാവിൻെറയോ വികാരങ്ങൾക്കു് യാതൊരു പരിഗണനയും നൽകുന്നില്ല.''

malankaralibrary.com

ആനി കരയാൻ തുടങ്ങി. എന്താണു തെററായി നടന്നതെന്നു് സിജി ചോദിക്കുന്നു. ''ഒന്നുമില്ല'' ആനി പ്രതിവചിക്കുന്നു. താൻ അന്യായമായി എന്താണു് പറഞ്ഞതെന്നു് അത്ഭുതത്തോടുകൂടെ ചിന്തിച്ചുകൊണ്ടു് സിജി സ്തബ്ധനായിരിക്കുന്നു. തനിക്കൊരിക്കലും സ്ത്രീയെ മനസ്സിലാക്കാൻ കഴിയില്ലെന്നു് നിശ്ശബ്ദമായി അയാൾ ചിന്തിക്കുന്നു.

വിവാഹത്തിൽ പ്രവേശിക്കുമ്പോൾ തങ്ങൾക്കു് ആശയവിനിമയത്തിനു പൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നു് ദമ്പതിമാർ വിശ്വസിക്കുന്നു. അവർക്കു് ആദ്യാഴ്ചകളിലും, ആദ്യമാസങ്ങളിലും ധാരാളം സംസാരിക്കാനുണ്ടാകും. പിന്നീടു്, ആനിക്കും സിജിക്കും അനുഭവപ്പെട്ടതുപോലെ ആശയവിനിമയത്തിൽ ഒരു സ്തംഭനമുണ്ടാകുന്നു. അവിടെ സംഭാഷണം പൂർണ്ണമായി നിലയ്ക്കുന്നു. എന്നാൽ ചില ദമ്പതിമാരെ സംബന്ധിച്ചിടത്തോളം ക്രമേണ സംഭാഷണം തന്നെ വിരളമായിത്തീരുന്നു. ഒന്നിനെക്കുറിച്ചും സംസാരിക്കാനില്ലെന്നു് അവർ വിചാരിക്കുന്നു. വിരസതയും മുഷിപ്പും ക്രമത്തിൽ ഉറയ്ക്കുന്നു. നാററിന്റെയും ഈവ്‌ലീന്റെയും ഇടയിൽ ക്രമമായി സംഭവിച്ച സൗഹൃദക്ഷയം, റൂത്തു് ഹാമിസു് ഇങ്ങനെ ആവിഷ്കരിക്കുന്നു.

വിവാഹത്തിന്റെ ആദ്യദിവസങ്ങളിൽ നാററു് മണിക്കൂറുകളോളം അവളോടു സംസാരിക്കുക പതിവായിരുന്നു. അയാൾ പരിപൂർണ്ണവിശ്വാസത്തോടെ തന്റെ സ്വപ്നങ്ങൾ, ആശകൾ, ഭയങ്ങൾ, അരക്ഷിതത്വങ്ങൾ എന്നിങ്ങനെയുള്ള തന്റെ അന്തരംഗരഹസ്യങ്ങൾ പുറത്തുവിട്ടു. അർദ്ധരാത്രിവരെ കരങ്ങൾ പരസ്പരം കോർത്തുപിടിച്ചും ഗതങ്ങളെക്കുറിച്ചും തങ്ങളുടെ ഭാവിയെക്കുറിച്ചും അവർ സംസാരിച്ചു. എന്നാൽ, ഇപ്പോൾ നാററിന്റെ സ്വപ്നങ്ങളെക്കുറിച്ചും ഭയങ്ങളെക്കുറിച്ചും ആശകളെക്കുറിച്ചും ഈവ്‌ലീന് ഒന്നുംതന്നെ അറിയില്ല. കാരണം, അയാൾ അവയെപ്പററി അവളോടു പറയാറില്ല. എന്തു

malankaralibrary.com

കൊണ്ടാണ് തന്നോടു കൂടുതലൊന്നും സംസാരിക്കാത്തതെന്ന് അവൾ നാഥനോടു ചോദിക്കുമ്പോൾ, അയാൾ തലയാട്ടിക്കൊണ്ടു പറയുന്നു: 'ഞാൻ എല്ലാം നിന്നോടു സംസാരിച്ചിട്ടുണ്ടല്ലോ' എന്ന്. അവൾക്ക് ഉത്തരം മുട്ടുന്നു. ശരിയാണ്.... എല്ലാകാര്യങ്ങളെക്കുറിച്ചും അവർ സംസാരിച്ചിട്ടുണ്ട്. എന്നാൽ അവർ സംസാരിച്ച കാര്യങ്ങൾ തന്റെ ഭർത്താവിനോടു താൻ വളരെ അടുത്തു എന്ന വികാരം ഈവ്‌ലിനുണ്ടായില്ല. സാവധാനത്തിൽ തങ്ങളുടെ ജീവിതം ശാശ്വതമായി വേർപെടുകയായിരുന്നുവെന്ന് നിസ്സഹായതയോടെ ഈവ്‌ലിൻ ഗ്രഹിച്ചു. അവളുടെ നേത്രങ്ങൾ സജലമായി.

എന്തുകൊണ്ടാണ് സംഭാഷണത്തിൽ ഇതുപോലെ ജീർണ്ണത സംഭവിക്കുന്നതു്? എന്താണ് തെററായി നടക്കുന്നതു്? അതിൽ നിരവധി കാരണങ്ങൾ അന്തർഭവിച്ചിട്ടുണ്ടാകാം. അവയിൽ ചിലതു് സാംസ്കാരികമാണ്. കുട്ടികളുടെ സംഭാഷണം ഇക്കാര്യത്തിൽ നമുക്കു ചില സൂചനകൾ നൽകുന്നു. കൊച്ചുപെൺകുട്ടികൾ സുഹൃത്തുക്കളോടു ധാരാളം സംസാരിക്കാൻ താൽപര്യം കാണിക്കുന്നു. പ്രധാനവും അപ്രധാനവുമായ അനവധി കാര്യങ്ങൾ അവർ സംസാരിക്കുന്നു. നേരെമറിച്ചു്, ആൺകുട്ടികൾ കളികളെക്കുറിച്ചും യന്ത്രങ്ങളെക്കുറിച്ചും വസ്തുക്കളെക്കുറിച്ചും സംസാരിക്കുന്നു. ഇങ്ങനെ ഒരേ സാഹചര്യത്തിൽതന്നെ ബാലികാബാലന്മാർ വ്യത്യസ്ത നിലപാടു സ്വീകരിക്കുന്നു. ആൺകുട്ടികൾക്കു പൊതുവായ കാര്യങ്ങളിലും പെൺകുട്ടികൾക്കു വ്യക്തിപരമായ കാര്യങ്ങളിലുമാണ് താൽപര്യം.

പുരുഷന്മാർ ജോലിക്കുപോകുമ്പോൾ ദിവസം മുഴുവൻ പ്രായമായവരോടുകൂടെ ചെലവഴിക്കുന്നു. ധാരാളം സംസാരിക്കുന്നു. വീട്ടിൽ തിരിച്ചെത്തുമ്പോൾ, അല്പം സമാധാനവും ശാന്തിയും വിശ്രമവും അവർ പ്രതീക്ഷിക്കുന്നു. എന്നാൽ ജോലിക്കു പുറത്തുപോകാത്ത സ്ത്രീകൾ, ദിവസം മുഴുവനും ഏകാന്തരാണ്. വസ്തുക്കളോടു മാത്ര

malankaralibrary.com

മാണ് അവർക്ക് സമ്പർക്കം. അതിനാൽ, ഭർത്താക്കന്മാർ വീട്ടിൽ കാലുകുത്തുമ്പോഴും തന്നെ സംഭാഷണം ആരംഭിക്കാൻ അവർ ജാഗ്രത പുലർത്തുന്നു.

ആശയവിനിമയ രീതികളെപ്പോലെതന്നെ എന്തുകൊണ്ട് സംസാരിക്കണം എന്നതിനെക്കുറിച്ചുള്ള ധാരണയും സ്ത്രീപുരുഷന്മാർക്കുണ്ടാകണം. ആനിയെയും സജിയെയുംപോലുള്ള ദമ്പതിമാർ, വിവാഹത്തിലൂടെയാണ് ആദ്യമായി ഉററ സൗഹൃദയബന്ധം അനുഭവിക്കുന്നത്. അവർ ആദ്യമെല്ലാം ശാന്തമായി, സ്വതന്ത്രമായി സംസാരിച്ചേക്കാം. എന്നാൽ യഥാർത്ഥസംഭാഷണം വ്യത്യസ്തമാണ്; വളരെ പ്രയാസവുമാണ്. വാക്കുകൾമാത്രമല്ല, വികാരപരമായ മനോഭാവങ്ങളും പ്രാധാന്യമാണ്. അതോടൊപ്പം വാചികമല്ലാത്ത ആശയവിനിമയം ഗ്രഹിക്കുന്നതിനും ദമ്പതിമാർക്ക് കഴിയണം.

വാചികവും വാചികമല്ലാത്തതുമായ സംഭാഷണശൈലി ദമ്പതിമാർ ഗ്രഹിക്കേണ്ടതാണ്. വാക്കുകൾ മുഖേന സന്ദേശം കൈമാറുക എന്നാണ് വാച്യമായ സംഭാഷണം. ''എനിക്കൊരു കപ്പ് കാപ്പിവേണം,'' ''ഈ പത്രത്തിന്റെ ആദ്യപേജ് എവിടെയാണ്?'' ഇങ്ങനെ പദങ്ങൾ പ്രയോഗിച്ചും ലഘുവായ സന്ദേശങ്ങൾ നല്കുന്ന രീതിയാണവ. നമ്മുടെ ആശയവിനിമയത്തിൽ ഈ രീതിക്ക് വളരെയേറെ പ്രാധാന്യമുണ്ട്. എന്നാൽ നമ്മുടെ ആശയവിനിമയത്തിൽ വെറും 30% മാത്രമാണ് വാചികമെന്ന് ഗവേഷണങ്ങൾ വെളിപ്പെടുത്തുന്നു. ഇതിന്റെ അർത്ഥം, നാം മററുള്ളവരുമായി കൈമാറുന്ന സന്ദേശങ്ങളുടെ 70 ശതമാനവും വാക്കുകൾ കൂടാതെയുള്ളവയാണെന്നാണ്, ഇത്തരം സംഭാഷണമാണ് വാചികമല്ലാത്ത ആശയവിനിമയം എന്നപേരിൽ അറിയപ്പെടുന്നത്.

വാചികമല്ലാത്ത സംഭാഷണം അനേകംതരത്തിൽ സംഭവിക്കുന്നുണ്ട്. ചിലപ്പോൾ അതു വാക്കുകളുടെ പിന്നിലുള്ള വൈകാരികമനോഭാവമാകാം — അതായിരി

malankaralibrary.com

ക്കും നാം അപരനു കൈമാറാനുദ്ദേശിക്കുന്ന യഥാർത്ഥ സന്ദേശം. ഉദാഹരണമായി ഒരു കോളേജ് ചാപ്ലിന് അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് ഇങ്ങനെ ഒരു സന്ദേശം അയയ്ക്കുന്നുവെന്നു കരുതുക: ''ചാർലി ഇത്രയധികം പ്രായമായിട്ടും നിങ്ങൾക്ക് അതു് വീണ്ടും ചെയ്യാൻ കഴിഞ്ഞു!''

അന്നത്തെ ഒരു സ്പോർട്സ് ലേഖനത്തിൽ കോളേജിനു് ചാമ്പ്യൻപദവി ലഭിച്ചതിനെ ആസ്പദമാക്കിയാണു് ആ ഫോൺസന്ദേശം. സുഹൃത്തിന്റെ അഭിനന്ദന സന്ദേശത്തിൽ ചാപ്ലിൻ സന്തുഷ്ടനായിത്തീർന്നു. എന്തെന്നാൽ ആ വാക്കുകളിലൂടെ സഹവൈദികൻ പ്രകടിപ്പിക്കുന്ന അഭിനന്ദനത്തിന്റെയും ആദരവിന്റെയും വികാരങ്ങൾ അദ്ദേഹം കേൾക്കുന്നു. എന്നാൽ, ഇതേ പുരോഹിതനെ വിളിച്ചു്, ഒരു ബിഷപ്പ് ഇതേ ശൈലിയിൽ മറ്റൊരു സന്ദർഭത്തിൽ സംസാരിച്ചാൽ, പ്രതികരണം വ്യത്യസ്തമായിരിക്കും! ഇതിന്റെ സാരം, ഒരു ആശയപ്രകടനത്തിനു്, വ്യക്തമായും വാക്കുകളുടെ ഉള്ളടക്കത്തിൽനിന്നും തികച്ചും ഭിന്നമായ അർത്ഥം ലഭിക്കുമെന്നാണു്. അതുകൊണ്ടാണു് ചില സന്ദർഭത്തിൽ ഒരു പുരുഷൻ തന്നെ സ്നേഹിക്കുന്നുവെന്നു പറയുമ്പോൾ ഒരു സ്ത്രീ കരയുന്നതു്. കാരണം, അയാളുടെ സംസാരത്തിന്റെ പിന്നിൽ വിരസമായ, ബോറടിക്കുന്ന, വികാരങ്ങളെ മാനിക്കാത്ത ഒരാശയമാണു് അവൾ കേൾക്കുന്നതു്. മറ്റൊരുദാഹരണം: ഒരു പുരുഷൻ വിലകൂടിയ ഒരു സമ്മാനം നല്കി ഭാര്യയെ ആശ്ചര്യപ്പെടുത്തുന്നു. അല്ലെങ്കിൽ ഏതെങ്കിലും കളിവാക്കു് പ്രയോഗിക്കുന്നു. അപ്പോൾ അവൾ സാഹ്ലാദം പറയുന്നു: ''ഞാൻ നിങ്ങളെ വെറുക്കുന്നു'' എന്നാൽ അവളുടെ വാക്കുകൾ വെറുപ്പിന്റേതല്ല, സ്നേഹത്തിന്റേതാണെന്നു് അയാൾ മനസ്സിലാക്കുന്നു.

കൈകാലുകളും മുഖത്തിന്റെ ചലനവും, അംഗവിക്ഷേപങ്ങളും ഉപയോഗിച്ചും നമ്മുടെ ഇംഗിതം നമുക്കു്

malankaralibrary.com

മറെറാരാളെ മനസ്സിലാക്കാൻ കഴിയുമല്ലോ. മററനേകം മാർഗ്ഗങ്ങളിൽക്കൂടിയും നമുക്ക് പരസ്പരം നിശ്ശബ്ദമായി സന്ദേശങ്ങൾ കൈമാറാൻ കഴിയുന്നുണ്ട്. ഭാര്യ എന്തെങ്കിലും ആവശ്യമുന്നയിക്കുമ്പോൾ, ഒരു ഭർത്താവ് നിശ്ശബ്ദമായി തന്റെ കസേരയിൽ വിശ്രമിച്ചുകൊണ്ട് മച്ചിലേക്കു തുറിച്ചുനോക്കുന്നു. അല്ലെങ്കിൽ കരങ്ങൾ തലയിൽവച്ച് മയങ്ങുന്നു. ഈ രീതിയിൽ അയാൾ ഇങ്ങനെ പറയുന്നതായി മനസ്സിലാക്കാം: ''ഞാൻ അത്ര വാങ്ങുന്നില്ല.'' അല്ലെങ്കിൽ ''നിനക്കു അതിനെന്നെ നിർബന്ധിക്കാനാവില്ല.''

ദമ്പതിമാർ തങ്ങളുടെ സ്വകാര്യഭാഷ ഉപയോഗിക്കുന്നതായി ആനി റൂയിഫേ പ്രസ്താവിക്കുന്നു:

''സന്ദേശം നൽകുന്നതിന് സ്ത്രീക്കും പുരുഷനും ധാരാളം നിശ്ശബ്ദമാർഗ്ഗങ്ങൾ ഉണ്ട്. തടി കൂടുതൽ വേണമെന്നാഗ്രഹിക്കുന്ന ഭാര്യ, മറെറാരു സ്ത്രീക്ക് തടിവെയ്ക്കുന്നതായി പറയുന്നു. അല്ലെങ്കിൽ തലമുടി കറുപ്പിക്കാൻ ആഗ്രഹിക്കുന്നവൾ തന്റെ നരച്ച മുടി കാണിക്കുന്നു. ഇങ്ങനെ നേരിട്ട് ആവശ്യപ്പെടാൻ മടിക്കുന്ന കാര്യങ്ങൾ, മററുതരത്തിൽ ഉന്നയിക്കുന്നു.

ഒരു മനുഷ്യന് വളരെയധികം സമയം ഭാര്യയോടുകൂടി കഴിച്ചുകൂട്ടാൻ കഴിയാത്തപ്പോൾ അയാൾ സുഹൃത്തുക്കളെ ഗോൾഫ് കളിക്കാൻ വീട്ടിലേയ്ക്കു കൊണ്ടുവരുന്നു. ഒരു സ്ത്രീ ഭർത്താവിന് ഏററവും ഇഷ്ടപ്പെട്ട കറി പാചകംചെയ്യുന്നതുവഴി അയാളോടുള്ള തന്റെ സ്നേഹത്തിന്റെ സൂചന നല്കുന്നു. ഒരു പുരുഷന് ഒരു വിനോദപരിപാടി ആസൂത്രണംചെയ്തുകൊണ്ടോ, സിനിമാ ടിക്കററുകൾ മുൻകൂട്ടി വാങ്ങിക്കൊണ്ടോ തന്റെ ഭാര്യയോടുള്ള സ്നേഹം പ്രകാശിപ്പിക്കാം. ഒരു ഭർത്താവ് എപ്പോഴും ക്ഷീണിതനായി പ്രത്യക്ഷപ്പെടുന്നു. അല്ലെങ്കിൽ സുഹൃത്തുക്കളുമായി പുറത്തുകഴിക്കുന്നു. ഈ മാർഗ്ഗങ്ങൾവഴി അയാൾ ഭാര്യയോടു ഇങ്ങനെ പറയുന്നു: ''ഞാൻ സ്വയം നിന്നിൽനിന്ന് അകന്നുനില്ക്കുകയാണ്. എനിക്കത്

ചെയ്യാതിരിക്കാൻ കഴിയില്ല. ഞാൻ ഒഴുക്കിനൊത്തു നീങ്ങാനാണു് ശ്രമിക്കുന്നതു്.

എന്നാൽ ദമ്പതിമാർക്കിടയിൽ ഏററവും കൂടുതൽ വാചികമല്ലാത്ത ആശയവിനിമയം നടക്കുന്നതു് സെക്സിനെ സംബന്ധിച്ചാണെന്നു തോന്നുന്നു. ''ഞാൻ അവളോടു് സ്നേഹം പ്രകടിപ്പിക്കാൻ ആഗ്രഹിച്ചു.'' ഒരു ഭർത്താവു് പറയുന്നു. ''എന്നാൽ 'ഇന്നു രാത്രി വേണ്ട' എന്നവൾ എന്നോടു പറഞ്ഞു. ഞാൻ നിരാശയോടെ ഉറങ്ങാൻ പോയി. എന്നാൽ അവൾ അർദ്ധരാത്രി വരെ ഉണർന്നിരുന്നു കരയുകയായിരുന്നു.''

താൻ പറഞ്ഞ വാക്കുകളുടെ പിന്നിലുള്ള യഥാർത്ഥ സന്ദേശം ഭർത്താവിനു ഗ്രഹിക്കാൻ കഴിയാതിരുന്നതുകൊണ്ടാണു് അവൾ കരഞ്ഞതു്. അയാൾ എല്ലാവിധ എതിർപ്പുകളെയും തരണംചെയ്തു്, തന്റെ ആഗ്രഹത്തിനുവേണ്ടി നിർബന്ധം പിടിക്കുന്നതുകൊണ്ടാണു് താൻ അയാൾക്കു വഴങ്ങിയതെന്നു് ഭർത്താവു മനസ്സിലാക്കണമെന്നു് അവൾ വിചാരിച്ചു! പാവം ഭർത്താവുണ്ടോ അതറിയുന്നു!

സ്ത്രീപുരുഷന്മാർക്കിടയിലുള്ള 70 ശതമാനം ആശയവിനിമയവും ഇത്തരത്തിലുള്ളതാണു്. ചിലർക്കു് ഇതിൽ പ്രത്യേക വാസനതന്നെയുണ്ടു്, തന്റെ ഭാര്യ ഒരു നുണ പറഞ്ഞാൽ, കേവലം ഒററ നോട്ടത്തിൽതന്നെ അതു തനിക്കു മനസ്സിലായി എന്നു് അവളെ ബോദ്ധ്യപ്പെടുത്താൻ ചിലർക്കു കഴിയും.

എന്നാൽ ദമ്പതിമാർക്കിടയിൽ ആശയവിനിമയ സങ്കേതങ്ങൾക്കുവേണ്ടി കണ്ടുവരുന്ന അമിതമായ താല്പര്യത്തെ മിസ്സിസ്സ് ആനി റൂയിഫേ വിമർശിക്കുന്നു. ''സന്ദേശസംപ്രേഷണം സാങ്കേതികവിദ്യയ്ക്കു് അവകാശപ്പെട്ടതാണു്. ദമ്പതിമാർക്കു് കിടക്കയിൽവച്ചു് പരസ്പരം നന്നായി സംസാരിക്കാനും സ്നേഹിക്കാനും കഴിയും; മല്ലടിക്കാനും, ദുർമ്മുഖം കാട്ടാനും, തിരി

malankaralibrary.com

പ്പുടിക്കാനും, മന്ത്രിക്കാനും, ചിരിക്കാനും കഴിയും. സന്ദേശങ്ങളുടെ വിനിമയം പബ്ളിക് റിലേഷൻസ് കാർക്കും ധനതത്വശാസ്ത്രജ്ഞന്മാർക്കും വിട്ടുകൊടുക്കുകയാണുവേണ്ടതു്.''

## ഏഴ്

# പ്രതികരണം എങ്ങനെ ഭേദപ്പെടുത്താം?

ദമ്പതികൾ തമ്മിലുള്ള ഫലപ്രദമായ ആശയവിനിമയത്തിൽ പരസ്പരം പ്രതികരിക്കുന്നരീതി സുപ്രധാനമായ ഒരു ഘടകമാണ്. അതു ഭേദപ്പെടുത്തുന്നതിനുള്ള ചില നിർദ്ദേശങ്ങൾ പരിശോധിക്കാം:

1. വികാരങ്ങളെപ്പററി ബോധമുള്ളവരാകുക

സംഭാഷണങ്ങളിൽ നാം ഉപയോഗിക്കുന്ന പദങ്ങളുടെ പിന്നിലുള്ള വൈകാരികമനോഭാവം ശ്രദ്ധിക്കേണ്ടതു് വളരെ പ്രധാനമാണ്. ഒരു ഭാര്യ ദിവസേന അത്താഴത്തിനെന്തുവേണമെന്ന് ആരായുമ്പോൾ അതു കൊണ്ടു്, അവൾ എന്താണ് അർത്ഥമാക്കുന്നതെന്നു ഞാൻ അത്ഭുതപ്പെടുന്നു' എന്നു് ഒരാൾക്കു് പറയാൻ കഴിഞ്ഞാൽ, പതിവിലേറെ അയാൾ ഭാര്യയെ ശ്രദ്ധിക്കുന്നുണ്ടെന്നു പറയാൻ കഴിയും. തിയോഡോർ റെയ്ക് ഇതിനെ ''മൂന്നാം കണ്ണ്'' എന്നു വിളിക്കുന്നു. ഇതിന്റെ അർത്ഥം, ഒരു വ്യക്തിയുടെ വികാരങ്ങളോടു നാം പ്രതികരിക്കാൻ ശ്രമിക്കണമെന്നാണ്. പ്രത്യേകിച്ചു്— വാക്കുകളിൽനിന്നും അതു വ്യത്യസ്തമായിരിക്കുമ്പോൾ.

ഒരമ്മ തന്റെ പതിനൊന്നുവയസ്സുള്ള മകൻ ബോബിനോടുകൂടെ കടയിലേക്കു പുറപ്പെട്ടു. അതിന് അല്പം

malankaralibrary.com

മുമ്പ്, അവൻ ചെയ്യാൻ മറന്നുപോയ എന്തോ കാര്യത്തിന് അവന്റെ അച്ഛൻ അവനെ വഴക്കുപറഞ്ഞു. അമ്മയും മകനും കടയിലേയ്ക്കു നടക്കുന്നതിനിടയിൽ ബോബൻ പറഞ്ഞു: ''ഈ വീട്ടിലെ എല്ലാവരും എന്നെ വെറുക്കുന്നു.''

എന്നാൽ അവന്റെ അമ്മ ഇപ്രകാരം പ്രതികരിച്ചു. ''നിന്നെ ആരും ശ്രദ്ധിക്കുന്നില്ലെന്നു നീ വിചാരിക്കുന്നതുപോലെ തോന്നുന്നു. ശരിയാണോ?'' ഈ പ്രതികരണം അവന്റെ വികാരത്തെ തൃപ്തിയാക്കിയില്ല. ''ബോബൻ, ഞങ്ങളെല്ലാം നിന്നെ സ്നേഹിക്കുന്നു.'' എന്നുപറഞ്ഞ് അവന് സ്നേഹത്തിന്റെ സ്ഥിരീകരണം നൽകുന്നതിനുപകരം അവ്യക്തമായ ഉത്തരമാണ് അവർ നൽകിയത്. അതിന്റെ ഫലമായി അവന് സ്നേഹത്തെപ്പറ്റി ഉറപ്പു ലഭിച്ചില്ല. അവനും അമ്മയും നിശ്ശബ്ദരായി കടയിലേയ്ക്കു നടന്നുപോയി. അങ്ങനെ സ്നേഹം ഊട്ടിയുറപ്പിക്കാനുള്ള ഒരു അമൂല്യനിമിഷം കടന്നുപോയി.

ഇത്തരത്തിൽ ദാമ്പത്യജീവിതത്തിൽ അനേകം അനർഘനിമിഷങ്ങൾ നാം പാഴാക്കുന്നുണ്ട്—യഥാർത്ഥത്തിൽ ഉദ്ദേശിക്കാത്ത പദങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടാണ് അതു സംഭവിക്കുന്നത്. പങ്കാളികൾക്ക് ഗുപ്തമായ വികാരങ്ങൾ ശ്രവിക്കാൻ കഴിയുന്നില്ലെങ്കിൽ, വെറും വാക്കുകൾക്കുമാത്രമാണ് പ്രതികരണം നൽകുന്നതെങ്കിൽ, ജീവിതത്തിലെ അമൂല്യമായ നിരവധി സന്ദർഭങ്ങൾ അവർ നഷ്ടപ്പെടുത്തുകയായിരിക്കും ഫലം.

തന്റെ ഭാര്യ കുളിമുറിയിലെ കണ്ണാടിയുടെ മുമ്പിൽ നിന്ന് വളരെയേറെ സമയം ഗാഢമായി ചിന്തിക്കുന്നതായി ഒരു ഭർത്താവു കാണുന്നു. കാരണം, നരച്ച രണ്ടു തലമുടികൾ അവൾ കണ്ടുപിടിക്കുന്നു. തന്റെ യൗവ്വനം നശിക്കാൻ ആരംഭിച്ചതായി അവൾ കരുതുന്നു. ചിലഭർത്താക്കന്മാർ ഇതിന് ഇങ്ങനെ പ്രതികരിക്കുന്നു. ''കൊള്ളാം, അത് നിന്നെ വിഷമിപ്പിക്കുന്നെങ്കിൽ,

malankaralibrary.com

എന്തുകൊണ്ട് നിന്റെ മുടി നിനക്ക 'ഡൈ' ചെയ്തുകൂടാ?'' എന്നാൽ ധാരണാശേഷിയുള്ള ഒരാൾക്ക് ഒരു പരസ്യത്തിലെ വാക്കുകൾ കടമെടുത്ത് ഇങ്ങനെ പ്രതികരിക്കാൻ കഴിയും: ''ഹണി, നിനക്ക പ്രായം വർദ്ധിക്കുകയല്ല, നീ ചെറുപ്പക്കാരിയാവുകയാണ്!''

നാം ഫലപ്രദമായ ആശയവിനിമയം ആഗ്രഹിക്കുന്നുവെങ്കിൽ, നമ്മുടെ സ്വന്തം വാക്കുകളുടെ പിന്നിലുള്ള മനോഭാവം ശ്രദ്ധിക്കാൻ ശ്രമിക്കണം. നമുക്ക് നമ്മുടെ വികാരങ്ങളുമായി ബന്ധമുണ്ടായിരിക്കണം. അവ വാചികമായി പങ്കുവയ്ക്കാനുള്ള സന്നദ്ധതയും ഉണ്ടാകണം. നമ്മൾ അറിഞ്ഞാലും ഇല്ലെങ്കിലും, നാം ഉദ്ദേശിച്ചാലും ഇല്ലെങ്കിലും, അത്തരം വികാരങ്ങൾ വാചികമല്ലാത്ത രീതിയിൽ നാം പുറത്തുവിടുന്നുണ്ട്—പ്രത്യേകിച്ച് അവ നിഷേധാത്മക വികാരങ്ങളാണെങ്കിൽ. വികാരങ്ങൾ അടിച്ചമർത്തുകയും അവ നിലനില്ക്കുന്നില്ലെന്ന് നാം അഭിനയിക്കുകയും ചെയ്യുന്നുവെങ്കിലും, അവ നാം പലതരത്തിലും പുറത്തുവിടുന്നുണ്ടാകും. മാത്രമല്ല, നിഷേധവികാരങ്ങൾക്ക് ഉള്ളിൽവച്ചുതന്നെ പൊട്ടിയൊലിക്കുന്ന വ്രണമായിത്തീരാൻ കഴിയും. മുഴുവൻ ബന്ധത്തെയും ക്ഷയിപ്പിക്കാനും അന്തിമമായി നശിപ്പിക്കാനും അതു കാരണമാകുകയും ചെയ്യും.

2. പരസ്പരവിരുദ്ധമായ പ്രതികരണം ഒഴിവാക്കുക.

ടോണി പത്രംവായനയിൽ എല്ലാം മറന്നിരിക്കുന്നു. മേരി അയാളുടെ കസേരയുടെ പിന്നിൽനിന്ന് സംസാരിക്കുന്നു. അയാൾ ശ്രദ്ധിക്കുന്നതായി തോന്നുന്നില്ല. ''ടോണി, ഞാൻ പറയുന്നത് നിങ്ങൾ കേൾക്കുന്നുണ്ടോ!'' മേരി ചോദിക്കുന്നു. അയാൾ പത്രത്തിന്റെ പേജ്കളിൽത്തന്നെ കണ്ണുകളുറപ്പിച്ചുകൊണ്ട് പറയുന്നു: ''എയ്, ഞാൻ ശ്രദ്ധിക്കുന്നുണ്ട്. ഞാൻ ശ്രദ്ധിക്കുന്നുണ്ട്''' ഇപ്രകാരം, ചെയ്യുന്ന പ്രവൃത്തിക്ക വിപ

malankaralibrary.com

രീതമായി ഒരാൾ സംസാരിക്കുമ്പോൾ പരസ്പരമുള്ള ആശയവിനിമയം തകരുന്നു.

ദമ്പതിമാരുടെ സംഭാഷണം ടോണിയുടേതുപോലെ ദ്വയാർത്ഥ സന്ദേശവിനിമയരീതി സ്വീകരിക്കുന്നതുകൊണ്ടാണ്, പ്രശ്നകുടുംബങ്ങൾ ഉണ്ടാകുന്നതെന്ന് വിർജീനിയാ സെററ്യർ അഭിപ്രായപ്പെടുന്നു. ഒരു വ്യക്തി ഇത്തരം ഇരട്ടസന്ദേശരീതി കേൾക്കുമ്പോൾ നാലുതരം പ്രതികരണങ്ങൾക്ക് സാധ്യതയുണ്ടെന്ന് സെററ്യർ നിർദ്ദേശിക്കുന്നു: വാക്കുകൾ ശ്രദ്ധിക്കുകയും വാചികമല്ലാത്തവ അവഗണിക്കുകയും ചെയ്യുക; വാചികമല്ലാത്തവയ്ക്ക് പ്രതികരിക്കുകയും വാക്കുകളെ അവഗണിക്കുകയും ചെയ്യുക; മുഴുവൻ സന്ദേശവും തിരസ്കരിക്കുക; നമ്മൾ ഒരു ഇരട്ട ആശയം കേൾക്കുകയാണെന്ന വസ്തുതയിലേയ്ക്ക് മനസ്സുതിരിക്കുകയും നമ്മൾ അവ്യക്തതയിലകപ്പെട്ടുവെന്ന് പറയുകയും ചെയ്യുക.

ഈ നാലു തരത്തിലുള്ള പ്രതികരണങ്ങളിൽ രണ്ടാമത്തേതും നാലാമത്തേതും മാത്രമാണ് ആശയവിനിമയം തുടരാൻ പ്രോത്സാഹിപ്പിക്കുന്നുള്ളു. അതുകൊണ്ട് വാക്കുകളെ അവഗണിച്ച് നേരിട്ട് മനോഭാവത്തിനോട് പ്രതികരിക്കുകയാണ് തമ്മിൽ ഭേദം. കടയിലേയ്ക്ക് മകനോടൊപ്പം പോയ അമ്മ ചെയ്തതുപോലെ.

3. നല്ല ആശയവിനിമയത്തിന് വിശ്വാസത്തിന്റെ അന്തരീക്ഷം ആവശ്യമാണ്.

നമ്മുടെ വീട്ടിലുള്ള ചെടികൾക്ക് നല്ല ശുശ്രൂഷയും ശ്രദ്ധയും ആവശ്യമാണ്. ധാരാളം വെള്ളവും വേണ്ടത്ര സൂര്യപ്രകാശവും നല്ല ഇനം മണ്ണും അതിന്റെ വളർച്ചയ്ക്ക് ആവശ്യമാണെന്നു നമുക്കറിയാം. അവ വളരാൻ ശരിയായ കാലാവസ്ഥയും കൂടിയേ തീരൂ. അതുപോലെ, ഭർത്താവും ഭാര്യയും തമ്മിലുള്ള ആശയവിനിമയത്തിനും ശരിയായ തരത്തിലുള്ള 'വളക്കൂറുള്ള മണ്ണ്' ആവശ്യമാണ്–ശരിയായ കാലാവസ്ഥയും, ആശയവിനി

malankaralibrary.com

മയത്തിന്റെ മണ്ണ് സുരക്ഷിതത്വമാണ്; അതിന്റെ കാലാവസ്ഥ വിശ്വാസമാണ്. നമ്മുടെ വികാരങ്ങൾ ദുർബ്ബലമായ പുഷ്പങ്ങളെപ്പോലെയാണ്. അവ നാം അംഗീകരിച്ചില്ലെങ്കിൽ, നിരാകരണത്തിന്റെ ശീതളമായ വാതിലുകൾ തുറക്കാൻ നാം നിർബന്ധിതരാകും. വികാരപുഷ്പങ്ങൾ വളരെ വേഗത്തിൽ വാടുകയും ഉണങ്ങുകയും ചെയ്യും. ചിലപ്പോൾ വീണ്ടുമൊരിക്കലും അവ വിടർന്ന് ശോഭ പരത്തുകയുമില്ല.

ആശയവിനിമയത്തിലെ ഏറ്റവും വലിയ പ്രതിബന്ധം ഭയമാണ്. ചില ആളുകൾ വികാരങ്ങൾ പങ്കുവയ്ക്കാറില്ല. കാരണം, അവർ നിരാകരണം ഭയപ്പെടുന്നു. താൻ പറയുന്ന വാക്കുകൾ തന്റെ സുരക്ഷിതത്വത്തെ ഭീഷണിപ്പെടുത്തുമോ എന്നവർ സംശയിക്കുന്നു. അതു് വാദപ്രതിവാദത്തിന് ഇടയാക്കുമോ എന്ന് ആശങ്കിക്കുന്നു. അതു് മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുമോ എന്ന് ഉത്ക്കണ്ഠപ്പെടുന്നു. അവ: അപരന്റെ സ്നേഹം നഷ്ടപ്പെടുത്തുമോ എന്ന ഭീതികൊണ്ട് ഉഴലുന്നു.

വികാരങ്ങൾ പങ്കുവയ്ക്കുന്നതിൽ പല ഭർത്താക്കന്മാരും വെറുപ്പുള്ളവരാണെന്ന് ഭാര്യമാർ ആക്ഷേപിക്കുന്നു. പലരും അതു ശരിയാണെന്നു സമ്മതിക്കുന്നുമുണ്ട്. വികാരങ്ങൾ പങ്കുവയ്ക്കുന്നതു് കൂടുതൽ കുഴപ്പങ്ങൾക്കു കാരണമാകുന്നതായി ഭർത്താക്കന്മാരും പറയുന്നു. തങ്ങളുടെ വികാരങ്ങൾ അപര്യാപ്തമെന്ന നിലയിൽ ഭാര്യമാർ തള്ളിക്കളയുന്നു. അല്ലെങ്കിൽ അല്പസമയത്തേക്കു മാത്രം അവ അംഗീകരിക്കുന്നു. എന്നാൽ വേറൊരു സന്ദർഭത്തിൽ ആ വികാരങ്ങൾ അവർക്കെതിരായിത്തന്നെ ഭാര്യമാർ ഉപയോഗിക്കുന്നു. തങ്ങളെ തല്ലാനുള്ള വടിയായി പ്രയോജനപ്പെടുത്തുന്നു.

പുരുഷന്മാരെ സംബന്ധിച്ചിടത്തോളം വികാരങ്ങൾ പങ്കുവയ്ക്കുന്നതിൽ വ്യക്തിപരമായ ചില തടസ്സങ്ങളുണ്ടെന്നതു് പരമാർത്ഥമാണ്. അവർ ജോലിചെയ്യു

malankaralibrary.com

ന്ന ചില ഓഫീസ്സുകളിലും വ്യവസായശാലകളിലും അവിശ്വാസത്തിന്റെയും സംശയത്തിന്റെയും അന്തരീക്ഷം നിലനിൽക്കുന്നു. ഇത്തരം വൈകാരിക സമ്മർദ്ദത്തിന്റെയും അവിശ്വാസത്തിന്റെയും സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ഒരാൾക്ക് വീട്ടിലും നിരുപാധികവിശ്വാസം കണ്ടെത്താൻ പ്രയാസമായിരിക്കും. അതിനാൽ വൈകുന്നേരം സ്വന്തം വികാരങ്ങൾ ഭാര്യമാരോട് വെളിപ്പെടുത്താൻ പലർക്കും കഴിഞ്ഞെന്നു വരില്ല. പകരം കോപവും ഈർഷ്യയുമായിരിക്കും അവർ പ്രകടിപ്പിക്കുക. 'അങ്ങാടിയിൽ തോറ്റതിന് അമ്മയോട്' എന്ന പഴഞ്ചൊല്ല് ഇവിടെ അന്വർത്ഥമാകത്തക്ക വിധത്തിൽ അവർ പ്രതികരിക്കുന്നു.

നമ്മുടെ ഹൃദയങ്ങളിൽ അംഗീകരണത്തിനും അഭിനന്ദനത്തിനും അതിയായ കൊതിയുണ്ട്. നമ്മെ മനസ്സിലാക്കുന്നവരെ കണ്ടുപിടിക്കാൻ നാം ആഗ്രഹിക്കുന്നു. നമ്മൾ ആയിരിക്കുന്നതുപോലെ, നമ്മുടെ കുറ്റങ്ങളോടും പരാജയങ്ങളോടും കൂടി നമ്മെ സ്വീകരിക്കുന്നവരെ കാണാൻ നാം അതിയായി ആശിക്കുന്നു. അതിനാൽ നാം കണ്ടുമുട്ടുന്നവരുടെ മുഖങ്ങളിൽ, അല്ലെങ്കിൽ നമ്മുടെ ജീവിതപങ്കാളിയുടെമുഖത്ത് നാം സ്നേഹത്തിന്റെയും ധാരണയുടെയും പ്രകാശനാളം അന്വേഷിക്കുന്നു. നാം അവരോട് മനസ്സിൽ ഇങ്ങനെ ചോദിക്കുന്നുണ്ടാകും: ''എന്നെ ഞാനായി സ്വീകരിക്കുന്ന ഒരുവനാണോ നിങ്ങൾ? എനിക്ക് യഥാർത്ഥത്തിൽ വിശ്വസിക്കാൻ കഴിയുന്ന ഒരാളാണോ നിങ്ങൾ?''

ഈ ലോകത്തിൽ ഇത്തരത്തിലുള്ള അംഗീകാരവും വിശ്വാസവും നാം നമ്മുടെ പങ്കാളിയിൽ കണ്ടെത്തുന്നെങ്കിൽ മാത്രമേ ദാമ്പത്യം സൗഭാഗ്യപ്രദമാകാൻ കഴിയൂ. അന്യോന്യം ആത്മസമർപ്പണത്തിന് ഒരുങ്ങുന്ന ദമ്പതിമാർക്ക് അതിനു കഴിയും. അവർ അനുഗൃഹീതരാണ്. അത്തരം സമ്പൂർണ്ണസമർപ്പണം കൂടാതെ, വിശ്വാസം

malankaralibrary.com

കൂടാതെ, ഒരിക്കലും ആശയവിനിമയം ഫലപ്രദമായി സംഭവിക്കുന്നില്ല!

4. സത്യസന്ധമായ സംഭാഷണം വിവേകം ഉൾക്കൊള്ളുന്നു.

ദാമ്പത്യബന്ധത്തിലെ ഫലപ്രദമായ ആശയവിനിമയം എന്നതിന്റെ സാരമെന്താണ്? ഭാര്യയും ഭർത്താവും പരിപൂർണ്ണവും സമ്പൂർണ്ണവുമായി സത്യസന്ധരായിരിക്കുകയും ഒന്നും മറച്ചുവയ്ക്കാതെ ഉള്ളുതുറന്നു അന്യോന്യമുള്ള വികാരങ്ങൾ കൈമാറുകയും ചെയ്യുക എന്നതാണ് അതിന്റെ അർത്ഥം. ഒരു ഭാര്യക്കും ഭർത്താവിനും എല്ലാം അന്യോന്യം പങ്കുവയ്ക്കുവാനും പരസ്പരം കൈമാറാനും കഴിവുണ്ടായിരിക്കണം.

എന്നാൽ ഇരുവശങ്ങളിലും മുറിവേല്പിക്കാൻ കഴിയുന്ന ഇരുതലവാളാണ് ഈ ആത്മാർത്ഥത. ഒരുവശം സംഘർഷം സ്വച്ഛമാക്കുന്നു, വികാരങ്ങൾ അടിച്ചമർത്താതെ പുറത്തേയ്ക്കു പ്രവഹിപ്പിക്കുന്നു. അതു് ദമ്പതിമാരെ അവരുടെ യഥാർത്ഥനിലയിൽ പരസ്പരം ഗ്രഹിക്കാൻ സഹായിക്കുന്നു. ശൈശവത്തിന്റെ മുഖംമൂടികളും ചാപല്യങ്ങളും വലിച്ചെറിയാനും അതവരെ പ്രാപ്തരാക്കുന്നു. എന്നാൽ മറുവശത്തിനു് ആത്മാർത്ഥതയെ മുറിപ്പെടുത്താൻ കഴിയും—അതാണ് ക്രൂരമായ നിഷ്കാപട്യം. അതിനു ചിലപ്പോൾ ആക്രമണത്തിന്റെ സ്വഭാവം സ്വീകരിക്കാൻ കഴിയും. അല്ലെങ്കിൽ ഘോരമായ വാക്സമരം ഉണ്ടാക്കാനും അതിനു കഴിയും.

വികാരങ്ങളുടെ സമഗ്രപങ്കാളിത്തത്തിൽ, പൂർണ്ണ വിശ്വസ്തതയും തുറന്ന മനസ്സും ഒരു ആദർശമാണ്—അതു് പക്വതയുടെയും ആത്മസാത്ക്കരിക്കപ്പെട്ട വ്യക്തിത്വത്തെയും ആശ്രയിച്ചിരിക്കുന്നു. നമ്മിൽ ഭൂരിഭാഗവും യഥാർത്ഥത്തിൽ നിരവധി കുററങ്ങളും കുറവുകളുമുള്ളവരാണല്ലോ. നമ്മൾ മററുള്ളവരെ മുറിപ്പെടുത്തുവാൻ കഴിവുള്ളവരുമാണ്. അതുപോലെതന്നെ എല്ലാം സഹിക്കാനു

malankaralibrary.com

ള്ള കഴിവും നമുക്കു കുറവാണ്. എങ്കിലും, ദാമ്പത്യംപോലുള്ള ഏററവും അടുത്ത ഒരു ബന്ധത്തിൽ, നാം ക്രമേണ നമ്മുടെ തെററുകളും പോരായ്മകളും അന്യോന്യം ഗ്രഹിക്കുന്നു. പങ്കാളിയെ ഏററവും വേദനിപ്പിക്കുന്ന ന്യൂനതയും നമുക്കറിയാം. അതുകൊണ്ട്, എപ്പോഴും എല്ലാ കാര്യങ്ങളും തുറന്നചർച്ചയ്ക്കു വിധേയമാക്കുന്നതു് പ്രായോഗികമല്ല. ഇണയുടെ പ്രണയത്തിൽനിന്നു പുടകതം പ്രവഹിപ്പിക്കുന്ന കാര്യങ്ങൾ സംസാരിക്കാതിരിക്കുന്നതിൽ യാതൊരു തെററുമില്ല. ഭർത്താവ് ഭാര്യയ്ക്കു് ജന്മദിനസമ്മാനമായി വാങ്ങിയ സാരിയുടെ നിറം അവൾക്കു് ഇഷ്ടപ്പെട്ടില്ലെന്നുവരാം. അതു് ഒരുപക്ഷേ, അവളുടെ ഭർത്താവിനു് കൂടുതൽ ഇണങ്ങുന്നതുമാകാം. എന്നാൽ അതിന്റെ നിറമാകണമെന്നും അതിനോടു ബന്ധപ്പെട്ട തുറന്ന സംഭാഷണവും, ഭർത്താവിന്റെ ഉദ്ദേശ്യശുദ്ധിയെ തന്നെ ചോദ്യംചെയ്യുന്നതും അനാവശ്യമായ വേദന അയാൾക്കുണ്ടാക്കുന്നതുമായിരിക്കും. ഒരു ഭർത്താവിനു് തന്റെ ഓഫീസ് സെക്രട്ടറിയോടു് ആരോഗ്യകരവും ഔദ്യോഗികവുമായ നല്ല ബന്ധമുണ്ടാകാം—തന്നെ സഹായിക്കാനുള്ള അവളുടെ സന്നദ്ധതയും അവളുടെ വ്യക്തിഗതമായ കഴിവുകളും അയാൾക്കു് അഭിനന്ദനാർഹമായും തോന്നാം. എന്നാൽ വീട്ടിൽ ഭാര്യയുടെ മുമ്പിൽ വച്ചു് അവളെ പരസ്യമായി പ്രശംസിക്കുന്നതിൽ അയാൾ കുറേക്കൂടി ശ്രദ്ധാലുവായിരിക്കണം—പ്രത്യേകിച്ചു്, ആ ബന്ധം അംഗീകരിക്കുന്നതിൽ ഭാര്യ വിഷമം കാണിക്കുന്നുണ്ടെങ്കിൽ.

അക്രമാസക്തതയും വാങ്മയവുമായ കൊടുങ്കാററുകൾവഴി ദമ്പതിമാർ ദാമ്പത്യജീവിതത്തിനു മുഷ്ടിപ്രഹരമേല്പിക്കുന്നു. ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള ഏററവും സുരക്ഷിതമായ ബന്ധത്തെപ്പോലും പക്വമല്ലാത്ത ആശയവിനിമയത്തിനു തകർക്കാൻ കഴിയും. എന്നാൽ വിവാഹത്തെ നിലനിറുത്താൻ പര്യാപ്തമായ ഏകകാര്യം ദമ്പതിമാരുടെ സംയോഗമാണ്—ഭാര്യാഭ

ത്താക്കന്മാർക്കിടയിലുള്ള സ്നേഹത്തിന്റെയും ഐക്യത്തിന്റെയും വളർച്ച; പ്രത്യേകിച്ചും, അവർതമ്മിൽ പറയുന്ന വാക്കുകൾ.

വാക്കുകൾ ആശ്വസിപ്പിക്കുന്നു; ശാന്തി നൽകുന്നു. ചിലതു് ചിരിയും സന്തോഷവും കൊണ്ടുവരുന്നു. ചിലതു് പ്രത്യാശ പ്രചോദിപ്പിക്കുകയും ശ്രദ്ധ ഉണർത്തുകയും ചെയ്യുന്നു. അതേസമയംതന്നെ ചിലതു് ദുഃഖത്തിന്റെ നിമിഷങ്ങളും നിരാശയുടെ സന്ദർഭങ്ങളും സൃഷ്ടിക്കുന്നു. എങ്കിലും, സ്ത്രീയും പുരുഷനും സംസാരിക്കുന്ന വാക്കുകൾ അമൂല്യമാണ്. തീർച്ചയായും അവ നിശ്ശബ്ദതയുടെ സ്വരമാണ്—ആ 'നിശ്ശബ്ദമായ സ്വരത്തിന്' ആയിരം കഥകൾ പറയാനും കഴിയും. ''ഞാൻ നിങ്ങളെ സ്നേഹിക്കുന്നു'' എന്ന ഈണമുള്ള വാക്കുകൾ, ഒരായിരം കേട്ടാൽ മടുപ്പില്ലാത്ത വാക്കുകൾ, പറയാനും അതിനു കഴിയും. അതിനാൽ ദമ്പതിമാർക്ക് അന്യോന്യം ''തായവാചികം അഴൽ മോചകം,'' എന്ന് ഹൃദയംഗമമായി പറയാൻ കഴിയുന്നവിധത്തിൽ ആശയവിനിമയം നടത്താൻ കഴിയണം.

malankaralibrary.com

## എട്ട്

# സ്നേഹത്തിന്റെയും ജീവിതത്തിന്റെയും ഉററ പങ്കാളിത്തം

നമ്മുടെ നിത്യജീവിതത്തിലെ എല്ലാ അംശങ്ങളേയും ഇന്ന് കൺസ്യൂമറിസം സ്വാധീനിക്കുന്നു. നമ്മുടെ മനുഷ്യബന്ധങ്ങളിൽപ്പോലും 'ന്യായമായ വില' എന്ന മനഃസ്ഥിതിയാണ് നിലവിലിരിക്കുന്നത്. അബോധപൂർവ്വമായിത്തന്നെ നാം പരസ്പരം കമ്പോളവിലയുടെ നാടകൊണ്ടു ബന്ധിപ്പിക്കുന്ന ഒരു സംസ്കാരം വളർത്തിയെടുക്കുന്നു. നാം നമ്മുടെ സേവനത്തിനും സ്നേഹത്തിനും പ്രതിഫലം ഇച്ഛിക്കുന്നു. ശരിയായ വില നൽകുകയാണെങ്കിൽ മാത്രമേ നാം മററുള്ളവരോട് പ്രതികരിക്കുന്നതിന് തയ്യാറാകുന്നുള്ളു. ഈ കൺസ്യൂമറിസത്തിന്റെ പശ്ചാത്തലത്തിൽ വിവാഹബന്ധത്തെ നാം ഒരു ''50-50 അനുപാതത്തിൽ'' കാണുന്നു. അല്ലെങ്കിൽ 'അവകാശങ്ങളും ചുമതലകളും' എന്ന സങ്കേതംകൊണ്ട് വിവരിക്കാൻ ശ്രമിക്കുന്നു. ഇതിന്റെ ഫലമായി ചില ദമ്പതിമാർ ദേവാലയത്തിലേയ്ക്കു നടക്കുന്നതിനുമുമ്പ് വിശദമായ കരാറുകൾ എഴുതിവയ്ക്കുന്നു. ആ ലിഖിത കരാറുകളിൽ പങ്കാളികളുടെ അവകാശങ്ങൾ, ചുമതലകൾ, പങ്കുകൾ, കർത്തവ്യങ്ങൾ എന്നിവ രേഖപ്പെടുത്തുന്നു. വിവാഹത്തിനു മുമ്പ് ജാക്വിലിൻ കെന്നഡിയും അന്തരിച്ച അരിസ്റ്റോട്ടിൽ ഓനാസിസും തമ്മിൽ ഉണ്ടാക്കിയ കരാറിൽ 170 ഇനങ്ങൾ ഉണ്ടായിരുന്നതായി നാം പത്രത്തിൽ വായിച്ചതാണല്ലോ.

malankaralibrary.com

ഇത്തരം വിവാഹക്കാറുകൾ ഭാര്യാഭർത്തൃബന്ധത്തിന്റെ മുഴുവൻ മേഖലയേയും സ്പർശിക്കുന്നു—ഭണം, ഗാർഹികജോലികൾ, സെക്സ്, കുട്ടികൾ, വിശ്വസ്തത, ചിലകരാറുകൾ വെറും 'ജോലിവിതരണങ്ങൾ' മാത്രമായിത്തീർന്നേക്കാം........'' ഞായറാഴ്ച അത്താഴമൊഴികെ, എല്ലാദിവസവും സുനിത ഡിന്നർ ഒരുക്കും. ഞായറാഴ്ച അത്താഴം തോമസ് തയ്യാറാക്കും. സുനിത വീട്ടിലില്ലാത്ത ദിവസങ്ങളിൽ ഭക്ഷണം പാകംചെയ്യേണ്ട ചുമതല തോമസിനായിരിക്കും. വീട്ടിലേയ്ക്കു വിരുന്നുകാരെ ക്ഷണിക്കുന്ന ആൾ ഷോപ്പിംഗ് നടത്തുകയും ഭക്ഷണം ഒരുക്കുകയും വേണം. ആ ക്ഷണം സുനിതയും തോമസും കൂടിയാണ് നടത്തുന്നതെങ്കിൽ ഡിന്നറിന്റെ ചുമതലകൾ തുല്യമായി പങ്കിടും.....''

ഗ്രിഗറിയുടെയും കരോളിന്റെയും ഉദാഹരണം പരിശോധിക്കാം. വിവാഹം കഴിഞ്ഞ് ഏതാനം വർഷങ്ങൾ കഴിഞ്ഞപ്പോഴാണ് അവർ കരാറുണ്ടാക്കിയത്. ഗ്രിഗറി ഒരു കോളേജ് അദ്ധ്യാപകനും കരോൾ ഒരു കമ്പനിയിലെ ടൈപ്പിസ്റ്റുമായിരുന്നു. വിവാഹാനന്തരവും അവർ ജോലി തുടർന്നുപോന്നു. അവരുടെ വിവാഹത്തിന്റെ ആദ്യവർഷങ്ങൾ തികച്ചും ക്ഷേമകരവും സൗഭാഗ്യകരവുമായിരുന്നു. ജോലികഴിഞ്ഞ്, സായഹ്നങ്ങളിൽ അവർ ഒരുമിച്ച് ഭക്ഷണം പാകംചെയ്തു. ഗാർഹികജോലികളിൽ ഇരുവരും സഹകരിച്ചു. ഇടയ്ക്കിടയ്ക്ക് അവർ വിരുന്നുകാരെ സ്വീകരിച്ചു. വാരാന്ത്യങ്ങൾ അവർ ഒരുമിച്ചു ചെലവഴിച്ചു. നദീതീരങ്ങളിലും ബീച്ചുകളിലും സംസാരിച്ചുകൊണ്ട് അവർ നടന്നു. ഇങ്ങനെ മൂന്നുവർഷങ്ങൾ ശാന്തമായി കടന്നുപോയി.

നാലാംവർഷം അവർക്ക് ഒരു കുഞ്ഞു ജനിച്ചു—നല്ലൊരോമനക്കുട്ടൻ. ഒന്നര കൊല്ലംകൂടി കഴിഞ്ഞപ്പോൾ അവനൊരു കുഞ്ഞു സഹോദരികൂടെ ഉണ്ടായി. പെട്ടെന്ന്, കരോളിന്റെ ജീവിതം തികച്ചും വിഷമസ്ഥിതിയിലായിത്തീർന്നു. പുത്രന്റെ ജനനത്തോടുകൂടെ അവൾ

malankaralibrary.com

ജോലി ഉപേക്ഷിച്ചു. കുടുംബസംരക്ഷണവും ശിശുപരിപാലനവും ഗാർഹികചുമതലകളും അവൾ ഏറ്റെടുത്തു. കുട്ടിയോടു് വളരെയധികം സ്നേഹം ഉണ്ടായിരുന്നതുകൊണ്ടോ അല്ലെങ്കിൽ 'ഒരു നല്ല അമ്മ'യായിരിക്കാൻ ആഗ്രഹിച്ചതുകൊണ്ടോ അല്ല അവൾ ജോലി ഉപേക്ഷിച്ചതു്. വർദ്ധിച്ചുവന്ന കുടുംബാവശ്യങ്ങളും നിരന്തരമായ ശിശുപരിചരണവും കുടുംബത്തിൽ സ്വയം തളച്ചിടാൻ അവളെ നിർബന്ധിതയാക്കിയതാണു്.

അവൾക്കു് വീട്ടിനുപുറത്തുള്ള ജീവിതമാണു് സുപരിചിതം. സഹപ്രവർത്തകരുമായുള്ള സഹവാസവും പ്രായപൂർത്തി വന്നവരോടുള്ള സൗഹൃദവും വളരെയധികം അവൾ ആസ്വദിച്ചിരുന്നു. ജോലി അവളുടെ സർഗ്ഗശേഷിക്കു് സഹായകരവുമായിരുന്നു. എന്നാൽ ഇപ്പോൾ അവൾക്കു് ശുഷ്കമായ നിമിഷങ്ങളാണു് കഴിച്ചുകൂട്ടേണ്ടിവരുന്നതു്. നാലുമതിലുകൾക്കുള്ളിൽ താൻ വീർപ്പുമുട്ടുന്നതായി അവൾക്കു തോന്നി. രണ്ടു കുസൃതിക്കുട്ടികളോടുകൂടെ ദിവസം മുഴുവൻ അവൾക്കു് മല്ലടിക്കേണ്ടിവരുന്നു—വളർന്നു വരുന്ന കുട്ടികളുടെ ശാഠ്യങ്ങളും വികൃതികളും സഹിച്ചുകൊണ്ടു്, പ്രഭാതം മുതൽ രാത്രിവരെ പ്രായപൂർത്തിയായവരുടെ സമ്പർക്കമില്ലാതെ, ഒരിക്കലും അവസാനിക്കാത്ത വീട്ടുജോലികളും കുട്ടികളുടെ ആവശ്യങ്ങളുമായി ഏററുമുട്ടി അവൾ കഴിഞ്ഞുകൂടി.

വിരസമായ ഈ ദിനചര്യ അവൾക്കു് കുട്ടികളോടു് നീരസമുണ്ടാക്കി. അതേസമയംതന്നെ, തന്റെ നീരസങ്ങളോടു് അവൾക്കു് കുററബോധവും തോന്നി. കാരണം, 'നല്ല' അമ്മമാർ ആ വിധത്തിൽ ചിന്തിക്കാറില്ലെന്നു് കരോളിനറിയാം. മിക്കസമയവും അവൾ ഗ്രിഗറിയോടും തന്റെ നീരസം പ്രകടിപ്പിച്ചു. കുട്ടികളുടെ വരവു് ഗ്രിഗറിയുടെ ജീവിതത്തിൽ ഒട്ടുംതന്നെ മാററമുണ്ടാക്കിയില്ല. എന്നാൽ കരോളിന്റെ ജീവിതം വിട്ടുവീഴ്ചയില്ലാത്ത വിധത്തിൽ മാറിപ്പോയി. ഇപ്പോൾ അർദ്ധരാത്രിവരെ കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു സ്ത്രീയു

malankaralibrary.com

ടെ ജീവിതമായി അതു പരിണമിച്ചു. ഇപ്പോൾ അവളുടെ പങ്കാളിത്തം, കേവലം ഒരു ഭൃത്യയുടേതും, കുട്ടികളെ ശുശ്രൂഷിച്ചു വളർത്തുന്ന പരിചാരികയുടേതും, അടിച്ചുതളിക്കാരിയുടേതും, ചുരുങ്ങിയനിമിഷത്തിൽ ഭക്ഷണം പാചകംചെയ്യുന്നവളുടേതും വീട്ടിനുള്ളിൽ തളച്ചിട്ടിരിക്കുന്ന ഒരു വീട്ടുകാവൽക്കാരിയുടേതും ആയിത്തീർന്നിരിക്കുന്നു. താൻ ഇത്തരം ജോലികൾക്ക് നിയമിക്കപ്പെട്ടവളാണോ എന്നുപോലും അവൾക്കു തോന്നി!

എന്നാൽ കരോളിന്റെ പ്രശ്നങ്ങൾ ഗ്രിഗറി മനസ്സിലാക്കിയിരുന്നുവെങ്കിൽ, അവളുടെ പുതിയ ഈ പങ്കാളിത്തത്തിലേക്കുള്ള അവസ്ഥാന്തരം കുറച്ചുകൂടെ എളുപ്പമാകുമായിരുന്നു. അയാൾ കുട്ടികളെ ഒന്നു കുളിപ്പിക്കാനോ അവരെ ഒന്നെടുത്ത് ഉറക്കാനോ സന്നദ്ധനായിരുന്നെങ്കിൽ, പ്രത്യേകിച്ചും. എന്നാൽ ഗ്രിഗറിയെ സംബന്ധിച്ചിടത്തോളം കോളേജിലെ ദിവസംമുഴുവൻ നീണ്ടുനില്ക്കുന്ന ജോലിക്കുശേഷം അത്തരം ഗാർഹികവൃത്തികൾ പൊരുത്തപ്പെട്ടുപോകുന്നതായിരുന്നില്ല; ഒരു ഭർത്താവിന്റെ ചുമതലയായിരുന്നില്ല.

ഒരുദിവസം കരോൾ പൊട്ടിത്തെറിച്ചു. അന്നവൾക്ക് ക്രമത്തിലേറെ വിഷമവും അധ്വാനഭാരവും അനുഭവപ്പെട്ട ദിവസമാണ്. അവൾ ഗ്രിഗറിയോട് കുട്ടികൾ വാരിവിതറിയിട്ടിരിക്കുന്ന കളിക്കോപ്പുകളും ഭക്ഷണാവശിഷ്ടങ്ങളും കടലാസ്സുതുണ്ടുകളും പെറുക്കിയെടുത്തുകളയാൻ ആവശ്യപ്പെട്ടു. എന്നാൽ ഗ്രിഗറി ഒരു കള്ളപ്പുഞ്ചിരിയോടുകൂടെ പറഞ്ഞു: ''ദിവസംമുഴുവൻ ടെലിവിഷന്റെ മുമ്പിലിരുന്നാൽ വൃത്തിയായൊരു വീട് നിനക്കു പ്രതീക്ഷിക്കാനാവില്ല!''

അവൾ തന്റെ കഠിനമായ അമർഷം കടിച്ചമർത്തി. അല്പം നർമ്മരസം കലർത്തിയും എന്നാൽ കാര്യമായും കരോൾ പ്രതികരിച്ചു. ''എല്ലാ ത്യാഗങ്ങളും ഞാനാണ് സഹിക്കുന്നത്. നിങ്ങൾ യാതൊന്നും ചെയ്യുന്നില്ല; സ്വ

ഖമായി ചാരിയിരുന്ന് പത്രം വായിക്കുകയല്ലാതെ! ഒരു വീടു സൂക്ഷിക്കുന്നതും കുട്ടികളെ വളർത്തുന്നതും എത്ര മാത്രം തമാശയാണെന്ന് ഇനി നിങ്ങൾക്കു കാണാം. നാളെ ഞാൻ തിരികെ ജോലിയിൽ പ്രവേശിക്കുകയാണ്!'' അവരുടെ വിവാഹ ജീവിതത്തിലാദ്യമായി അന്നു രാത്രി ഗ്രിഗറി തനിയെയാണ് ഉറങ്ങാൻ പോയത്.

പിറേറ ദിവസം പ്രഭാതത്തിൽ കരോൾ വീടുവിട്ടിറങ്ങി. ജോലിക്കു ചെയ്യാനല്ല ഒരു അഭിഭാഷകനെ കാണാനാണ് അവൾ പോയത്. ഭാഗ്യവശാൽ, അവളുടെ വക്കീൽ അവരുടെ ഒരു കുടുംബസുഹൃത്തായിരുന്നു. അയാൾക്ക് കരോളിന്റെ സ്ഥിതിയിൽ സഹതാപം തോന്നി. എന്നാൽ വേർപാടിനു ശ്രമിക്കുന്നതിനുമുമ്പ്, കരോളും ഗ്രിഗറിയും അന്യോന്യമുള്ള അവരുടെ പങ്കുകളും ചുമതലകളും സത്യസന്ധമായി പുനർനിർണ്ണയം ചെയ്യണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അതായത്, അവരുടെ വികാരങ്ങൾ പരിശോധിക്കുന്നതിനും മൂല്യനിർണ്ണയം ചെയ്യുന്നതിനും ഒരു പുതിയ ശ്രമം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ആ വിലയിരുത്തലിന്റെ ഫലമായി ഏതാനും ആഴ്ചകൾക്കുള്ളിൽ ഒരു ലിഖിതകരാർ ഉണ്ടായി—അഭിഭാഷക സുഹൃത്ത് സാക്ഷിയായി. അതിൽ അവരുടെ അന്യോന്യമുള്ള 'അവകാശങ്ങളും ചുമതലകളും' വിശദീകരിച്ചിരുന്നു.

ഇപ്പോഴും കരോൾതന്നെയാണ് പാചകം നിർവ്വഹിക്കുന്നത്. എന്നാൽ ഗാർഹികവൃത്തികളിൽ സഹായിക്കാൻ ഒരു ഭൃത്യയെക്കൂടെ ഗ്രിഗറി നിയമിച്ചു. ഗ്രിഗറിക്ക് ശനിയാഴ്ച 'ഒഴിവാണ്', കരോളിന് എല്ലാ ഞായറാഴ്ചയും. ആഴ്ചയിൽ മൂന്നുദിവസം അത്താഴം ഒരുക്കേണ്ടതും കുട്ടികളെ കുളിപ്പിക്കേണ്ടതും ഗ്രിഗറിയുടെ കർത്തവ്യമാണ്. അപ്പോൾ കരോൾ വായിക്കുകയോ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യും.

malankaralibrary.com

അവൾക്കു് ഒരു പാർട്ടു് ടൈം ജോലിയും ഒരു ഓഫീസിൽ തരപ്പെട്ടു.

ആദ്യമെല്ലാം അവർ അക്ഷരാർത്ഥത്തിൽ അവരുടെ കരൾ പിന്തുടർന്നുപോന്നു. ഇപ്പോൾ അതവർക്കു് ഹൃദിസ്ഥമാണു്. അവരുടെ ജോലികൾ സാങ്കേതികമായി മാറിവരുന്നതും ഓരോന്നിന്റെയും പ്രയാസങ്ങൾ തിരിച്ചറിയാനും അവർക്കു കഴിയുന്നുണ്ടു്. ഗ്രിഗറിക്കു് ഇതിനിടെ ഏതോ ആവശ്യത്തിനു് പട്ടണത്തിനുവെളിയിൽ പോകേണ്ടിവന്നു. അന്നു് കാരൻ ജോലിക്കു പോകാതെ വീട്ടിലിരുന്നു് കാര്യങ്ങൾ നോക്കി. അതിനടുത്ത ഒഴിവുദിവസം ഉച്ചതിരിഞ്ഞനേരത്തു് ഗ്രിഗറി കുട്ടികളെ മൃഗശാല കാണിക്കാൻ കൊണ്ടുപോയി. അപ്പോൾ കാരൻ സുഹൃത്തിനോടൊപ്പം ഷോപ്പിംഗിനു പോയി.

ഒൻപതു്

## അനൗപചാരിക കരാറുകൾ

വൈവാഹിക പെരുമാറ്റങ്ങളിൽ സംഘർഷം ഉണ്ടാകുന്ന മേഖലകളെ സംബന്ധിച്ചു് ദമ്പതിമാർ അനൗപചാരിക കരാർ ഉണ്ടാക്കുന്നതു്, പ്രശ്നവിവാഹബന്ധങ്ങൾക്കു് ഒരു സാങ്കേതികപരിഹാരമായിരിക്കുമെന്നു് കുടുംബന്യായാധിപന്മാരും ഉപദേഷ്ടാക്കന്മാരും നിർദ്ദേശിക്കാറുണ്ടു്.

കാലങ്ങൾ പലതാണു്. കഴിഞ്ഞ കാലത്തിനു വിപരീതമായി ഇന്നു്, പല സ്ത്രീകളും തങ്ങളുടെ ഗാർഹിക ചുമതലകൾ വ്യത്യസ്തനിലയിൽ കാണുന്നു. വീട്ടുജോലികൾ സ്ത്രീപുരുഷവ്യത്യാസമന്യേ അടിസ്ഥാനമാ

malankaralibrary.com

ക്കി തരംതിരിക്കുന്നതിനെ അവർ ചോദ്യംചെയ്യുന്നു. സ്ത്രീവിമോചന പ്രസ്ഥാനത്തിന്റെ വക്താവായ മിസ്സിസ്സ് അലിക്സ് കേറ്റ്സ് ഷുൽമാനിനെപ്പോലെ, വനിതകൾ ''ഭാര്യക്കും ഭർത്താവിനും തങ്ങളുടെ കുട്ടികളുടെയും വീട്ടിന്റെയും ചുമതലകൾ തുല്യമാണ്'' എന്നു വിശ്വസിക്കുന്നു. അതായത്, ഗാർഹികവൃത്തികളും ചുമതലകളും ''ലിംഗഭേദത്തിനനുസരിച്ചല്ല, നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങളും ഇഷ്ടങ്ങളും സന്ദർഭങ്ങളും'' അനുസരിച്ചാണ് വിഭജിക്കേണ്ടതെന്ന് ഈ സ്ത്രീകൾ കരുതുന്നു, വൈവാഹിക കരാറുകളുടെ അടിസ്ഥാനതത്ത്വം, 'സമത്വവും സ്വയം നിർണ്ണയവും' ആയിരിക്കണമെന്ന് ഷുൽമാൻ നിർദ്ദേശിക്കുന്നു. ഇതിന് ഉപോദ്ബലകമായി താനും ഭർത്താവും ഒന്നിച്ചു തയ്യാറാക്കിയിട്ടുള്ള കുടുംബചുമതലകളെക്കുറിച്ചുള്ള പരസ്പര പങ്കാളിത്തം അവർ ചൂണ്ടിക്കാണിക്കുന്നു.

കുറേക്കൂടെ ഗഹനമായ കാരണങ്ങളാലും ഈ വാദത്തെ പ്രബലപ്പെടുത്തുന്നതായി കാണാം. ചില യുവദമ്പതിമാർ, തങ്ങളുടെ സ്വന്തം മാതാപിതാക്കന്മാരുടെ ദുഃഖകരമായ ദാമ്പത്യപരാജയങ്ങളെ ചൂണ്ടിക്കാണിക്കുന്നു. വ്യക്തിപരമായി വളർന്നുവരാൻ അനുയോജ്യമായ ഒരു വൈവാഹിക കാലാവസ്ഥയുടെ അഭാവവും അവർ ചൂണ്ടിക്കാണിക്കുന്നു. ആരെയും നിരുപാധികം വിശ്വസിക്കാനാവില്ലെന്ന് അവർ കരുതുന്നു. വ്യക്തിപരമായ അടുപ്പത്തിനുള്ള ആവശ്യത്തിനും, [illegible] വികസനത്തിനും ഇടയിൽ അവർ വല്ലാതെ ഞെരിഞ്ഞമരുന്നു. അതുകൊണ്ട്, ഈ വിഷമഘട്ടം അഭേദ്യമായ ഒരു കരാർ വഴിയായ് തരണം ചെയ്യാൻ അവർ ശ്രമിക്കുന്നു—പാശ്ചാത്യനാട്ടിൽ, ഒരു 'ഇൻഷ്വറൻസ് പോളിസി' പോലെ പരാജയത്തിന്റെ അപകടം ഇതു കരാർ കുറയ്ക്കുന്നതായി അവർ വിശ്വസിക്കുന്നു. അങ്ങനെ വിവാഹപങ്കാളിത്തം ഒരു '50–50 അനുപാതത്തിൽ' അവർ കാണുന്നു.

malankaralibrary.com

"കരാർ" എന്നതു്, ഒരു സാമ്പത്തിക സാങ്കേതിക സംജ്ഞയാണെങ്കിലും, മനുഷ്യബന്ധങ്ങളുടെ ഒരു ഉൾക്കാഴ്ച നമുക്കേകാൻ സഹായകരമാണു്. പ്രത്യേകിച്ചു്, ദാമ്പത്യംപോലെ രണ്ടുവ്യക്തികൾ തമ്മിൽ ഏററവും അടുത്ത ഒരു ബന്ധത്തിൽ. വിവാഹകൗൺസലർമാർ വിവിധതരം ദാമ്പത്യകരാറുകളെക്കുറിച്ചു് ചർച്ച നടത്തുന്നുണ്ടു്—മാനസികകരാർ, സാമൂഹ്യകരാർ എന്നിങ്ങനെ. ഈ കരാർകൊണ്ടു് ഒരു ബന്ധം ഉറക്കണമെന്നു് ചിലർ പറയുന്നു. ചിലപ്പോൾ അതു് ദാമ്പത്യം 'അടച്ചുകളയുന്നു' എന്നും ചിലർ ആക്ഷേപിക്കുന്നു. എങ്കിലും, എല്ലാ ദാമ്പത്യബന്ധത്തിലും അതിന്റെ സ്വന്തം ഒരു കരാർ നമുക്കു കാണാം. അതു് ചിലപ്പോൾ അനൗപചാരികമായിരിക്കാം. അല്ലെങ്കിൽ മുൻകൂട്ടി പ്രസ്താവിക്കാത്തതാകാം. ചിലപ്പോൾ അതു് ഗുപ്തമോ അല്ലെങ്കിൽ നിഗൂഢമോ ആകാം.

വിവാഹത്തിൽ പ്രവേശിക്കുന്ന വ്യക്തികൾ, അവരോടു ബന്ധപ്പെട്ടതും അവർക്കു താല്പര്യമുള്ളതുമായ മാതൃകകൾ, പങ്കുകൾ, പ്രതീക്ഷകൾ, സാമൂഹ്യബന്ധങ്ങൾ എന്നിങ്ങനെ ചില ധാരണകളും ഊഹങ്ങളും ദാമ്പത്യത്തിലേയ്ക്കു കൊണ്ടുവരുന്നു. എന്നാൽ മുൻകൂട്ടി കാണാനാകാത്ത ചില കാര്യങ്ങളും ഒരു കരാറിൽ വിവരിക്കാം. ഈ രീതിയിൽ സമഗ്രമായി തയ്യാറാക്കുന്ന ഒരു കരാർ വ്യക്തികളുടെ മൂല്യങ്ങൾ സമാഹരിക്കാനും, അവരുടെ ബന്ധത്തിന്റെ ഗഹനമായ ഉൾക്കാഴ്ച നൽകാനും, അവരെ വളരാനും സഹായിക്കുന്നു. അതിനാൽ, സ്വന്തം ഭാഗധേയങ്ങൾ നിർവ്വചിക്കാനും, അന്യോന്യം കൂടുതൽ നന്നായി ഗ്രഹിക്കാനും പരസ്പരം സഹായിക്കുന്ന ഒരു ഉപാധി എന്നനിലയിൽ ആധുനിക ദമ്പതിമാർ ഇത്തരം വിവാഹകരാറുകളിൽ താല്പര്യം കാണിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല.

ഇപ്രകാരം, ഒരു സാമൂഹ്യയാഥാർത്ഥ്യമെന്നനിലയിൽ, മതനിരപേക്ഷിതമായ ഇന്നത്തെ നിരവധി

malankaralibrary.com

ദമ്പതിമാർക്ക് രണ്ടു ഇരുപക്ഷങ്ങൾക്കുമിടയിലുള്ള ഒരു സാമൂഹ്യ-സാമ്പത്തിക കരാറാണ് ദാമ്പത്യബന്ധം. എന്നാൽ മറ്റു ക്രിസ്ത്യാനികൾക്കിടയിലെ ഔദ്യോഗികമായ ഒരു സംയോജനമെന്നനിലയിൽ, കേവലം കരാർ എന്ന പദമുപയോഗിച്ച് വിവാഹബന്ധത്തെ വിവരിക്കാൻ കഴിയില്ല. "അവകാശങ്ങളും കർത്തവ്യങ്ങളും" വിവരിക്കുന്ന ഒരു വ്യവസ്ഥാപിത കരാർ എന്ന നിലയിലുള്ള സാമൂഹ്യധാരണ ഗ്രഹിച്ചുകൊണ്ടുതന്നെ, വിവാഹത്തിന്റെ ഒരു മതാധിഷ്ഠിതവീക്ഷണത്തിന്റെ വികസനത്തിനാണ് ഇന്ന് നാം ശ്രമിക്കുന്നതും സാക്ഷ്യംവഹിക്കുന്നതും. ദൈവശാസ്ത്രപരമായ പ്രസ്തുത വീക്ഷണത്തിൽ, ദാമ്പത്യബന്ധത്തെ "ഉടമ്പടി" എന്ന കൂടുതൽ അർത്ഥസമ്പുഷ്ടമായ പദംകൊണ്ട് നാം വിവരിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ ക്രൈസ്തവവിവാഹത്തെ, "ദാമ്പത്യജീവിതത്തിന്റെയും സ്നേഹത്തിന്റെയും ഏററവും അടുത്ത പങ്കാളിത്തം....റദ്ദുചെയ്യാനോ മാററാനോ സാദ്ധ്യമല്ലാത്ത വ്യക്തിപരമായ സമ്മതത്തിന്റെ ദാമ്പത്യ ഉടമ്പടിയിൽ വേരൂന്നിയിട്ടുള്ള ബന്ധം" എന്നു വിശേഷിപ്പിക്കുന്നു. 'പങ്കാളിത്തം', 'ഉടമ്പടി' എന്നിങ്ങനെ കൂടുതൽ ഗഹനവും കൂടുതൽ സുവിശേഷാനുസൃതവുമായ പദങ്ങൾ ഉപയോഗിച്ചുകൊണ്ട്, സ്ത്രീപുരുഷന്മാരുടെ ഇരുശരീരം ഒന്നായിത്തീരുന്ന ഐക്യത്തിന്റെ പ്രക്രിയയായി വിവാഹബന്ധത്തെ പ്രതിപാദിക്കുന്നു.

ഉടമ്പടിയെക്കുറിച്ചുള്ള നമ്മുടെ ഈ ധാരണ കിളുർന്നു വരുന്നത് ദൈവവും യഹൂദജനതയും തമ്മിൽ നടത്തിയ അതുല്യമായ വാഗ്ദാനത്തിൽനിന്നാണ്. അത് വെറുമൊരു പ്രതിജ്ഞയേക്കാൾ മഹത്തായ ഒരു ഉടമ്പടിയായിരുന്നു. അതിനു മുൻകൈ എടുത്തത് ദൈവമാണ്. ഉടമ്പടി എന്നാൽ ഒരു പ്രത്യേകനിശ്ചയം ഒരു സഖ്യം എന്നാണ് അർത്ഥം. യാഹോവയും അവിടുത്തെ ജനങ്ങളെ

malankaralibrary.com

ളും തമ്മിലുള്ള 'ഞാനും നീയും' എന്ന ഉററബന്ധത്തെയാണ് അതു വിവക്ഷിക്കുന്നതു്. ഈ ഐക്യത്തിലൂടെ ദൈവത്തോടു പ്രതിജ്ഞാബദ്ധരായവർ ഒരിക്കലും മററു ദൈവങ്ങളെ സേവിച്ച് യഹോവയെ ഉപേക്ഷിക്കാൻ പാടില്ലാ എന്ന കർത്തവ്യം ഇതിൽ ഉൾക്കൊള്ളുന്നു. അതേസമയംതന്നെ അവർ ഒരിക്കലും സ്വയംപര്യാപ്തരല്ല— അവർ പ്രപഞ്ചത്തിലെ സർവ്വശക്തികളും ആശ്രയിച്ചു നില്ക്കുന്ന ഏകദൈവത്തിന് അധികാരപ്പെട്ടവരുമാണ്. അതിനുപകരമായി, യഹോവ ഇസ്രായേൽജനതയെ തന്റെ സ്വന്തമായി സ്വീകരിക്കും.

ഈ ഉടമ്പടിബന്ധത്തെ വിവിധരീതിയിൽ വിവരിക്കാൻ പ്രവാചകന്മാർ ശ്രമിച്ചിട്ടുണ്ട്. ചിലർ ഇതിനെ 'ഇടയനും അവന്റെ ആടുകളും തമ്മിലുള്ള ബന്ധത്തോടു സാദൃശ്യപ്പെടുത്തുന്നു. അല്ലെങ്കിൽ 'പിതാവും അവിടുത്തെ പ്രിയപുത്രനും' തമ്മിലുള്ള ബന്ധത്തോട് ഉപമിക്കുന്നു. ഒരു മാതാവിന് അവളുടെ ശിശുവിനോടുള്ള ഊഷ്മളമായ സ്നേഹസാദൃശ്യവും ചിലർ ഈ ബന്ധത്തിൽ കാണുന്നു.

എന്നാൽ ദൈവത്തിന്റെ ഈ സ്നേഹബന്ധത്തെ വളരെ ആഴമായി, കുറെക്കൂടി സുവ്യക്തമായി, ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹസംയോഗത്തോടു ഉപമിക്കാം. ഹോസിയാ പ്രവാചകന്റെ കഥവഴി, ദൈവത്തിന്റെ നിരുപാധികസ്നേഹത്തെ ദാമ്പത്യബന്ധത്തിന്റെ പദങ്ങളിലൂടെ ഹൃദ്യമായി സുവിശേഷം വർണ്ണിച്ചിരിക്കുന്നു.

ഹോസിയായുടെ ഭാര്യ ഗോമെർ എന്ന ഒരു സ്ത്രീയായിരുന്നു. അദ്ദേഹം അവളെ ജീവനതുല്യം സ്നേഹിച്ചു. എന്നാൽ രണ്ടു പുത്രന്മാരും ഒരു പുത്രിയും ജനിച്ചശേഷം, ഗോമെർ അവളുടെ ഭർത്താവിനെയും കുടുംബത്തെയും ഉപേക്ഷിച്ച് മററു പല കാമുകന്മാരുടെയും പിന്നാലെ പോയി. ഹോസിയ അസഹിഷ്ണുവും കോപിഷ്ഠനുമായിത്തീർന്നു. അവളെ എന്നന്നേക്കുമായി പരിത്യജിക്കുന്നതിന്

അദ്ദേഹം ആഗ്രഹിച്ചു. ഇങ്ങനെയെല്ലാം സംഭവിച്ചെങ്കിലും, ആ ബന്ധം മുറിച്ചുകളയാൻ അദ്ദേഹം അശക്തനായിത്തീർന്നു. "അവളെ ഒരിക്കൽക്കൂടെ സ്നേഹിക്കുക" എന്നു ദൈവം തന്നോടു പറയുന്നതായി അദ്ദേഹത്തിനു തോന്നി.

അതുകൊണ്ട് ഹോസിയ [illegible] തന്റെ ഭാര്യയെ പിന്തുടരുവാൻ തീരുമാനിച്ചു. ഹോസിയയുടെ വികാരങ്ങൾ വി. ബൈബിളിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു: "...........ഞാൻ അവളെ വിജനപ്രദേശത്തേക്ക് ആകർഷിച്ചു കൊണ്ടുപോയി, അവളോട് ഹൃദ്യമായി സംസാരിക്കും...........അവൾ എന്നെ 'എന്റെ ഭർത്താവ്' എന്നു വിളിക്കും. അവൾ എന്നെ പിന്നീടൊരിക്കലും 'എന്റെ ബാലി' എന്നു വിളിക്കുകയില്ല........ ഞാൻ നിന്നെ വിശ്വസ്തതയോടെ എന്റെ ഭാര്യയായി സ്വീകരിക്കും" (ഹോസിയ 2: 14–20)

ഹോസിയയും അദ്ദേഹത്തിന്റെ അവിശ്വസ്തയായ ഭാര്യയും തമ്മിലുള്ള ദാമ്പത്യത്തിന്റെ അന്ത്യഫലം എന്തായിത്തീർന്നുവെന്ന് ആർക്കും അറിയില്ല. എന്നാൽ ഹോസിയ വ്യക്തിഗതമായ ഈ അനുഭവത്തിലൂടെ, ഇസ്രായേലിനോടുള്ള യഹോവയുടെ സ്നേഹത്തെക്കുറിച്ചുള്ള അഗാധമായ ഉൾക്കാഴ്ച നേടി. ഗോമെറുമായുള്ള അദ്ദേഹത്തിന്റെ സംഘർഷത്തിലൂടെ, ഹോസിയ ദൈവത്തിന് തന്റെ ജനങ്ങളോടുള്ള ബന്ധം പ്രതിബിംബിപ്പിക്കുന്നു.—വിശ്വസ്തത, മടുപ്പുകൾ, തന്റെ ഉടമ്പടിയിലെ പങ്കാളികളോടുള്ള നിരുപാധികമായ സ്നേഹസംരക്ഷണം.

ഹെൻറി നോവെൻ ഈ ബന്ധം ഇങ്ങനെ നിരീക്ഷിക്കുന്നു. "യഹോവ തന്റെ ജനങ്ങളുമായി ഒരു കരാറല്ല ഉണ്ടാക്കിയത്, ഒരു പരസ്പര ഉടമ്പടിയാണ്. ഒരു കരാർ പങ്കാളികളിലൊരാൾ തന്റെ വാഗ്ദാനം മുറുകെ പിടിക്കാതിരിക്കുമ്പോൾ അവസാനിക്കുന്നു. ഒരി

malankaralibrary.com

ക്കൽ ഒരു രോഗി തന്റെ ഡോക്ടറിനു പ്രതിഫലമൊന്നും നൽകുന്നില്ലെങ്കിൽ, അയാൾക്കു പകരം മരുന്നുകൾ മുൻഗണന നൽകുന്നതിനു് ഡോക്ടർക്കു് സ്വാതന്ത്ര്യമുണ്ടു്. അതുപ്രകാരം ഒരാൾ തന്റെ മനഃശാസ്ത്രജ്ഞനോടുള്ള നിയോഗം പാലിക്കുന്നില്ലെങ്കിൽ, മനഃശാസ്ത്രജ്ഞൻ അയാളെ സന്ദർശിച്ചു് എന്തുകൊണ്ടു അയാൾ വന്നില്ലെന്നു ചോദിക്കാനുള്ള കടമയുള്ളതായി വിചാരിക്കുകയില്ല. ഉടമ്പടിയിൽ വിശ്വസ്തതയ്ക്കു് യാതൊരു ബാധ്യതയും അടിച്ചേല്പിക്കുന്നില്ല, അതു്....നിരുപാധികമായ അർപ്പണമാണു്.

ഇപ്രകാരം ക്രൈസ്തവവിവാഹം ഉടമ്പടിയുടെ താത്വികവശം അതിന്റെ സജീവമാതൃകയായി ഉപയോഗിക്കുന്നു. ഉഭയസമ്മതപ്രകാരമുള്ള തൊഴിൽസംബന്ധമായ ഒരു കരാറിൽനിന്നും തികച്ചും ഭിന്നമായ ഒരു ബന്ധമാണിതു്. ക്രൈസ്തവവിവാഹത്തിന്റെ അടിത്തറ 'അവകാശങ്ങളും ചുമതലകളും' പ്രഖ്യാപിക്കുന്ന അന്യോന്യമുള്ള ഒരു സാമ്പത്തികബന്ധമല്ല; പ്രത്യുത യാതൊരു വ്യവസ്ഥയും കൂടാതെ സ്നേഹിക്കുന്നതായ ഒരു ദൈവിക ഉടമ്പടിയാണു്.

ഈ വ്യത്യാസം ദൈവശാസ്ത്രജ്ഞനായ മോനിക്ക ഹെൽവിഗ്ഗ് ഇങ്ങനെ ആവിഷ്കരിക്കുന്നു. ''ഒരു കരാറിൽനിന്നും ഭിന്നമാണു ഒരു ഉടമ്പടി. കരാർ പ്രത്യേക കടമകളിലേയ്ക്കു വിരൽചൂണ്ടുന്ന പ്രതിജ്ഞകളുടെ അല്ലെങ്കിൽ കൃത്യനിർവഹണങ്ങളുടെ ഒരു കൈമാറ്റമാകുന്നു. ഓരോ വ്യക്തിക്കും എന്താണു് ഇതിൽ അന്തർഭവിച്ചിരിക്കുന്നതെന്നും, എന്താണു് തന്റെ ചുമതലകളെന്നും വ്യക്തമായി അറിയുന്നതിനുവേണ്ടി മുൻകൂട്ടി ചിത്രീകരിച്ചിട്ടുള്ള കടമകൾ. എന്നാൽ സഖ്യത്തിന്റെയും സൗഹൃദത്തിന്റെയുമായ ഉടമ്പടിയിൽ, പ്രതിജ്ഞ അതൊട്ടുകൂടി പരസ്യമായി അനുസന്ധാനിക്കുന്നു. പരിവർത്തന വിധേയവും മുൻകൂട്ടി പ്രവചിക്കാനാകാത്തതുമായ സാഹചര്യങ്ങളിൽപ്പോലും നിലനില്ക്കുന്ന വ്യക്തിപര

malankaralibrary.com

മായ വിശ്വസ്തതയുടെ നിത്യമായ പ്രതിജ്ഞയാണത്. ദാമ്പത്യം, തന്മൂലം ഒരു ഉടമ്പടിയാണ്. എന്നാൽ, വ്യക്തികളുടെ അന്യോന്യമുള്ള സമ്പൂർണ്ണ ആത്മസമർപ്പണമാണത്. പ്രത്യേക സാഹചര്യങ്ങളിൽപോലും ആ സമർപ്പണം സോപാധികവുമില്ല.”

## പത്ത്

# ദാമ്പത്യത്തിലെ ആത്മാർപ്പണം

പങ്കാളികളുടെ ആത്മസമർപ്പണവും ശാശ്വതമായ വിശ്വസ്തതയുമാണ് ദാമ്പത്യബന്ധത്തെ സൗഭാഗ്യകരവും ഫലപുഷ്ടിയുക്തമാക്കിത്തീർക്കുന്നത്. ഈ ആശയം ഒരു ഉദാഹരണംവഴി വ്യക്തമാക്കാം. ടോമി സമർത്ഥനായ ഡോക്ടറാണ്. അയാളുടെ സുന്ദരിയായ ഭാര്യ ഒരു കോളേജ് അദ്ധ്യാപികയും. പുറമെനിന്നു നോക്കുന്നവർ അവരെ അനുഗൃഹീതദമ്പതികളായി കണക്കാക്കുന്നു. വിജയകരമായ വിവാഹബന്ധം അവരിൽ നിലനില്ക്കുന്നുവെന്ന് എല്ലാവരും വിചാരിച്ചു.

ഒരിക്കലും തങ്ങൾക്കു സ്വന്തം കുഞ്ഞുങ്ങൾ ഉണ്ടാകേണ്ട എന്ന് ഇരുവരും അംഗീകരിച്ചു. എന്നാൽ, ഏതാനും വർഷം കഴിഞ്ഞപ്പോൾ അവൾ അസ്വസ്ഥയായി. അതിനെക്കുറിച്ച് അവൾ സ്വയം ചിന്തിക്കാൻ തുടങ്ങി. തനിക്കു കുഞ്ഞുങ്ങൾ ഉണ്ടാകണമെന്ന ആഗ്രഹം ഉള്ളതായി അവൾ കണ്ടെത്തി. ടോമിയുടെ ജീവിതം സൃഷ്ടിപരമായിരുന്നെങ്കിൽ, അവൾ തന്റെ ജീവിതം ശൂന്യമായും അപര്യാപ്തമായും കരുതി. ശിശുക്കളില്ലാത്ത ഭവനം വ്യക്തിപരമായ തന്റെ പരാജയമായി അവൾ ദർശിച്ചു. തൊഴിൽപരമായ വിജയം പുരുഷന്റെ

malankaralibrary.com

വിജയമായി കാണുന്നതുപോലെ, സ്ത്രീയുടെ വിജയത്തിന്റെ ലക്ഷ്യമാണ് 'അമ്മയായിത്തീരുക' എന്നു് അവൾക്കു ബോദ്ധ്യമായി. അവരുടെ 10-ാം വിവാഹവാർഷികദിനം അമിതമായി മദ്യപിച്ചുകൊണ്ടാണു് അവൾ ആഘോഷിച്ചതു്. ടോമി ആശുപത്രിയിൽനിന്നു് താമസിച്ചുവന്നതുകൊണ്ടും ഏകാന്തത ഒഴിവാക്കാനായി അവൾ മദ്യപാനം ഒരു ശീലമാക്കി വളർത്തിക്കൊണ്ടുവന്നിരുന്നു.

ഒരു ദിവസം ടോമി വീട്ടിൽ തിരിച്ചെത്തിയപ്പോൾ, നിശ്ശബ്ദമായ ഒരു വേദനയാണു അയാളെ എതിരേറ്റതു്—ഒഴിഞ്ഞ ഒരു ശയനമുറിയും. അവരുടെ ഇരുളടഞ്ഞ കിടക്കമുറിയിൽ അനുവിന്റെ ഒരു കത്തുണ്ടായിരുന്നു. താൻ കോളേജിൽവച്ചു കണ്ടുമുട്ടിയ ഒരാളുമായി പുതിയൊരു ജീവിതം നയിക്കാൻ സ്ഥലം വിടുകയാണെന്നു് അവൾ അതിലെഴുതിയിരുന്നു. ''ദയവായി എന്റെ പിന്നാലെ വരരുതു്. ഈ വേദന ഇനിയൊട്ടും എനിക്കു സഹിക്കാനാവില്ല'' അവൾ എഴുതി.

ടോമി ആദ്യം നിശ്ശബ്ദമായി ഞെട്ടി. അനന്തരം കോപത്തോടെ, പിന്നീടു് അഗാധമായ ദുഃഖത്തോടെയും ഇതിനോടു പ്രതികരിച്ചു. 'അനു മറ്റൊരു പുരുഷന്റെ കൈകളിൽ.' ചിന്തിച്ചപ്പോൾ അയാൾക്കു സഹിക്കാൻ കഴിഞ്ഞില്ല. അയാൾ എപ്പോഴും വിശ്വസ്തനായിരുന്നു. എന്നാൽ അവൾ തന്റെ പ്രതിജ്ഞകൾ ലംഘിച്ചു. ടോമിയുടെ ഉറ്റ സുഹൃത്തുക്കൾ അത്ഭുതപ്പെട്ടു. സഹതാപം പ്രകടിപ്പിച്ചു. ഒരു വിവാഹമോചനത്തിനു ശ്രമിക്കാൻ അവർ അയാളെ നിർബന്ധിച്ചു. അനുവിനാൽ നിരാകരിക്കപ്പെട്ട ടോമിക്കു്, തന്റെ സ്വന്തം ജീവിതം പുനർനിർമ്മിക്കാനും പുതിയതൊന്നാരംഭിക്കാനും എല്ലാ അവകാശങ്ങളുമുണ്ടെന്നു് അയാളുടെ സുഹൃത്തുക്കൾ വിചാരിച്ചു.

ദിവസങ്ങൾ കടന്നുപോയി. ടോമിയുടെ ഹൃദയവ്യഥ കുറഞ്ഞു. എന്നാൽ ഓർമ്മകൾ അയാളെ വേട്ടയാടി.

malankaralibrary.com

താൻ ആദ്യമായി അനായിനെ കണ്ട ദിവസം തന്റെ ഹൃദയം കൂടുതൽ മിടിച്ചതിനെക്കുറിച്ചുള്ള സ്മരണകളും, അവരുടെ വളർന്നുവന്ന അടുപ്പം, താൻ അവളോടു വിവാഹവാഗ്ദാനംചെയ്ത രാത്രി, എല്ലാം അയാൾ ഓർത്തു. അവരുടെ വിവാഹരാത്രിയെക്കുറിച്ചും അയാൾ അനുസ്മരിച്ചു—അന്നു കൈമാറിയ പ്രതിജ്ഞകളും, താൻ അവൾക്കു നൽകിയ വാഗ്ദാനങ്ങളും. അവൾ തന്നോടു് അവിശ്വസ്തയായിത്തീരുന്നതിനുമുമ്പു്, തന്റെ വികാരങ്ങൾ അവളോടു പ്രകടിപ്പിക്കുന്നതിൽ താൻ പരാജയപ്പെട്ടുവെന്നു് അയാൾ മനസ്സിലാക്കി. എങ്കിലും താൻ ഇപ്പോഴും അനായിനെ സ്നേഹിക്കുന്നതായി അയാൾ ഗ്രഹിച്ചു.

ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ടോമിക്കു് അനായിന്റെ പുതിയ മേൽവിലാസം എങ്ങനെയോ മനസ്സിലാക്കാൻ കഴിഞ്ഞു. അയാൾ അവൾക്കു് എഴുതി: ''എന്തുകൊണ്ടാണെന്നു് അറിയില്ലെങ്കിലും, ഞാൻ വെറുമൊരു മൂഢനായിരുന്നുവെന്നു് ഇപ്പോൾ മനസ്സിലാക്കുന്നു. ഞാൻ ഇപ്പോഴും നിന്നെ സ്നേഹിക്കുന്നു. എപ്പോഴും നിന്നെ ഞാൻ സ്നേഹിക്കും. എപ്പോഴെങ്കിലും നിനക്കു് എന്റെ ആവശ്യമുണ്ടെങ്കിൽ, ഞാൻ കാത്തിരിക്കും.''

അയാൾ മറുപടി പ്രതീക്ഷിച്ചില്ല. മറുപടി വന്നുമില്ല. രണ്ടുവർഷങ്ങൾ കടന്നുപോയി. ടോമി ആത്മരോദനത്തിൽ മുഴുകി സർവ്വും മറക്കാൻ ശ്രമിച്ചു. എന്നാൽ അവരുടെ വേർപാടിനു കൃത്യം രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ഒരു ദിവസം വളരെ ദൂരത്തിൽനിന്നു് ടോമിക്കു് ഒരു ഫോൺ സന്ദേശം ലഭിച്ചു. അനാ കരയുകയായിരുന്നു. അവൾ അല്പം മദ്യപിച്ചിരുന്നെങ്കിലും അവൾക്കു് തികച്ചും ബോധമുണ്ടായിരുന്നു. ''ടോമി, എനിക്കു് നിങ്ങളെ വേണം'' അവൾ പറഞ്ഞു. ''ദയവായി എന്നെ തിരികെ വീട്ടിലേയ്ക്കു കൊണ്ടുപോവുക.'' ടോമി അപ്പോൾതന്നെ അങ്ങോട്ടു പുറപ്പെട്ടു.

malankaralibrary.com

കഴിഞ്ഞ ഏതാനും വർഷങ്ങൾ ടോമിക്കും ആനിനും അത്ര എളുപ്പമായിരുന്നില്ല. എങ്കിലും അവർ ഈ ദിവസങ്ങളിൽ ധാരാളം സംസാരിച്ചു. തെറ്റിദ്ധാരണകൾ നീക്കാൻ ശ്രമിച്ചു. അന്യോന്യം വികാരങ്ങൾ പങ്കിട്ടു. അവർ പരസ്പരമുള്ള ആവശ്യങ്ങൾ നന്നായി ഗ്രഹിച്ചു. തന്റെ പങ്കാളിയെ കൂടുതൽ അടുത്തറിയാനും അവർക്കു കഴിഞ്ഞു. ടോമി തന്റെ വൈദ്യസേവനത്തിന്റെ സമയം വെട്ടിച്ചുരുക്കി. മിക്കവാറും എല്ലാദിവസവും രാത്രിയിൽ അയാൾ വീട്ടിലുണ്ടാകും. ആൻ കുടി നിർത്തി. അവൾ എങ്ങനെയായിരുന്നോ അതുപോലെതന്നെ സ്വയം അംഗീകരിക്കാൻ ആൻ തീരുമാനിച്ചു. മുറിവുകൾ ഉണങ്ങി. കഴിഞ്ഞുപോയതെല്ലാം മറന്നു. മാപ്പു നൽകേണ്ടതിനെല്ലാം മാപ്പു കൊടുത്തു. അവർ ഹൃദയശുദ്ധിയുള്ളവരായിത്തീർന്നു. അവരുടെ ജീവിതം സമ്പന്നമായിത്തീർന്നു. പരസ്പരമുള്ള അവരുടെ സ്നേഹം വളരെ ആഴത്തിൽ വളർന്നു. ഇംഗ്മർ ബർഗ്മാന്റെ വാക്കുകളിൽ പറഞ്ഞാൽ, "അവർ കണ്ണുനീരിന്റെ താഴ്വരയിൽക്കൂടി നടന്ന് അതിനെ സമൃദ്ധമായ വസന്തമാക്കിത്തീർത്തു." അവരുടെ ജീവിതത്തെ സ്വാദിഷ്ഠഫലങ്ങൾകൊണ്ട് സമൃദ്ധമായ, ആസ്വദിക്കാൻ വിഭവങ്ങൾ ധാരാളമുള്ള ഫലഭൂയിഷ്ഠമായ ഐശ്വര്യംകൊണ്ട് നിറച്ചു.

ഒരു കരാറും ടോമിദമ്പതിമാരുടെ ബന്ധവും തമ്മിൽ തികഞ്ഞ അന്തരമുണ്ട്. സാമൂഹ്യയാഥാർത്ഥ്യമെന്ന നിലയിലുള്ള കരാർ വിവാഹങ്ങൾ, "അവകാശങ്ങളും ചുമതലകളും", പങ്കുകളും കർത്തവ്യങ്ങളും എന്നരീതിയിലുള്ള ഒരു ബന്ധത്തെക്കുറിച്ചും ദമ്പതികളെ ഓർമ്മിപ്പിക്കുന്നു. എന്നാൽ ഒരു ദാമ്പത്യബന്ധത്തിലേയ്ക്ക് ഇരു പങ്കാളികളും കൊണ്ടുവരേണ്ടത് 'ആത്മാർപ്പണം' ആണെന്ന് കാൾ റോജേഴ്സ് ചൂണ്ടിക്കാണിക്കുന്നു.

"അർപ്പണം വ്യക്തിപരമാണ്. എന്നാൽ ശാശ്വതമായ, പ്രയാസമേറിയ, അപകടകരമായ ജോലിയാ

malankaralibrary.com

ണ്....ഒരുമിച്ചു നിർവഹിക്കപ്പെടേണ്ട, ഒഴിച്ചുകൂടാനാവാത്ത പ്രയത്നമാണ്. ഒരു ബന്ധം ശാശ്വതമായി നിലനിൽക്കുന്നതാകണമെങ്കിൽ, അതു് വർത്തമാനകാലനിമിഷത്തിൽ ദൃഢമായി നിൽക്കുന്ന തരത്തിലുള്ളതാകണമെന്നു് ഇതു് ഗ്രഹിപ്പിക്കുന്നു. അതു് കഴിഞ്ഞകാലത്തിലെയോ ഭാവിയിലെയോ ബുദ്ധിമുട്ടുകളെ നിശ്ശേഷം ഇല്ലാതാക്കുന്നതിനുള്ള കാര്യമായ ശ്രമമൊന്നും നടത്തുന്നില്ല—അതിനു ശ്രമിച്ചാൽ ഇപ്പോഴും തുടങ്ങി ഇരുവർക്കും ജീവിതം അസംതൃപ്തിയുള്ളതാക്കിത്തീർക്കാമെന്നതൊഴികെ പ്രയോജനവുമില്ല. അതു് അരുവിപോലെ പ്രവഹിക്കുന്ന ബന്ധത്തെ കാണുന്നു; നിശ്ചലഘട്ടങ്ങളെയല്ല. അതു് തന്നിലോ വ്യക്തിയിലോ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ല....പ്രത്യുത, രണ്ടുപേർതമ്മിൽ നിലനിൽക്കുന്ന തൊട്ടടുത്ത ബന്ധത്തിന്മേൽ ശ്രദ്ധിക്കുന്നു. അതുപോലെ സാന്ദർഭികമായി അത്യുത്തമമായ ഒരു പ്രത്യേക ധർമ്മം അതു നേടുന്നു. ബൂബർ ഈ ആശയം നന്നായി ഇപ്രകാരം വിവരിക്കുന്നു:....''മുഴുവൻ അസ്തിത്വത്തോടുകൂടെ മാത്രമേ 'ഞാൻ–നീ' എന്ന പ്രഥമപദം സംസാരിക്കുന്നുള്ളൂ. നീ എന്നു പറയുമ്പോൾ, സംഭാഷകനു് തന്റേതായി യാതൊരു വസ്തുവും ഉണ്ടായിരിക്കില്ല....അയാൾ പരസ്പരബന്ധത്തിലൂടെ തന്റെ നില സ്വീകരിക്കുന്നു....നീ എന്നതിനു് യാതൊരു പരിധിയുമില്ല....ഇവിടെ യാതൊരു പരിയും നുഴഞ്ഞുകയറുന്നില്ല; ഇവിടെയാണു് യഥാർത്ഥജീവിതത്തിന്റെ തൊട്ടിൽ.''

ഈ വാദത്തിൽ ദാമ്പത്യജീവിതത്തെ അർപ്പണവും നിത്യപ്രതിജ്ഞയുമായി കാണുന്നവരെങ്കിൽ, ശൃംഖലകളുപോലെ ബന്ധപ്പെട്ട പങ്കാളികൾക്കും വളർച്ച ആരംഭിക്കാൻ കഴിയുമെന്നു് റോജേഴ്സ് ഉപസംഹരിക്കുന്നു.

കാൾ റോജേഴ്സ് വിവരിക്കുന്ന വിവാഹബന്ധത്തിന്റെ ആത്മീയമായ 'അർപ്പണം' എന്ന ആശ

യം 'സ്നേഹിക്കുന്ന വിശ്വസ്തത' എന്ന സാങ്കേതിക സംജ്ഞകൊണ്ട് ലൗകികമായി വ്യവഹരിക്കാം.

ഷെറോം പാമർ ഉടമ്പടിയും കരാറും തമ്മിലുള്ള വ്യത്യാസം കുറേക്കൂടെ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. ''ഒരു ഉടമ്പടി അപരനെ കേന്ദ്രമാക്കിയാണെങ്കിൽ, ഒരു കരാർ സ്വാഭാവികമായും വ്യക്തിപരമായ അവകാശങ്ങൾക്കുവേണ്ടി നിലനിൽക്കുന്നു. ഉടമ്പടി വ്യക്തികളെ ഒരുകാര്യം ചെയ്യുന്നു. കരാർ പ്രത്യക്ഷമായും സേവനങ്ങളെ ലക്ഷ്യമാക്കുന്നു. ഉടമ്പടി ആത്മസമർപ്പണം ഉൾക്കൊള്ളുന്നു. കരാർ സാഹചര്യങ്ങൾ പ്രസ്താവിക്കുന്നു. ഉടമ്പടി ശാശ്വതമാണ്, എന്നാൽ കരാർ അവസാനിപ്പിക്കാം. ഉടമ്പടിയിൽ പ്രായപൂർത്തിയായവർ മാത്രം പ്രവേശിക്കുമ്പോൾ, കുട്ടികൾക്കുപോലും കരാർ ഉണ്ടാക്കാൻ കഴിയും. ഉടമ്പടി പരസ്പരബന്ധം ഊന്നിപ്പറയുന്നു; കരാർ കർത്തവ്യങ്ങൾ ഉറപ്പിക്കുന്നു. ജീവിതകാലം മുഴുവൻ ദമ്പതിമാർ കഠിനമായി അദ്ധ്വാനിക്കുന്നതായ വിശ്വാസമാണ് ഉടമ്പടി. ഏതാനും ദിവസങ്ങൾകൊണ്ടോ അല്ലെങ്കിൽ മണിക്കൂറുകൾകൊണ്ടോ കരാറിനു പരസ്പരധാരണയിലെത്തുവാൻ കഴിയും.''

തങ്ങളുടെ സ്വന്തം ദാമ്പത്യത്തെ കരാറിന്റെയോ അല്ലെങ്കിൽ ഉടമ്പടിയുടെയോ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീയും പുരുഷനും എങ്ങനെ വിലയിരുത്താനാകും. ഈ മൂല്യനിർണ്ണയം അനവധി ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

1. ചില ദമ്പതിമാർക്ക് ഒരു ലിഖിത കരാറ് തങ്ങളുടെ ദാമ്പത്യബന്ധത്തിന്റെ വളർച്ചയിൽ ഒരു ക്രിയാത്മക നടപടിയായിരിക്കും. അത് അപര്യാപ്തമോ അപൂർണ്ണമോ ആയാലും ഇത്തരം കരാറുവഴി തങ്ങളുടെ പങ്കുകൾ നിർവചിക്കാൻ ദമ്പതിമാർക്ക് കഴിയുന്നു. അതവർ സ്വയം ഗ്രഹിക്കാൻ ശ്രമിക്കുന്നുവെന്നത് വളരെ പ്രധാനമാണ്. നവചൈതന്യവും ഓജസ്സും നിലനിറുത്തേണ്ടതായ തങ്ങളുടെ ബന്ധത്തെപ്പറ്റി ഇപ്രകാരം ഒരു

malankaralibrary.com

യാഥാർത്ഥ്യബോധവും ലക്ഷ്യഗൗരവവും സമ്പാദിക്കാൻ അതവരെ സഹായിക്കുന്നു.

കരോളിനെയും ഗ്രിഗറിയെയുംപോലുള്ള വിവാഹിതർക്കു് ഒരു ദാമ്പത്യകരാർ, അവരുടെ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ, മററുള്ളും കിളന്നുവന്ന പുതിയ പ്രശ്നങ്ങളും തിരിച്ചറിയാനും അഭിമുഖീകരിക്കാനും, അവരുടെ ബന്ധം പുതുക്കായി നിർണ്ണയിക്കാനും അവരെ സഹായിച്ചതായി നാം കണ്ടതാണല്ലോ. അവരുടെ ദാമ്പത്യത്തിന്റെ തന്നെ ഭീഷണിയെ ക്രമീകരിക്കാനും അതവരെ പ്രാപ്തരാക്കി.

2. ചില ദമ്പതിമാരെ സംബന്ധിച്ചു് അത്തരമൊരു കരാറു് പഴയ നിഷ്ക്രിയമായ നിയമവിധേയത്വങ്ങളിൽ ഒരു പുതിയ പതിപ്പായിത്തീരുന്നു. അത്തരത്തിലുള്ള കരാറു് പരസ്പരം ശത്രുതയുള്ള ബന്ധത്തിലേയ്ക്കു അവരെ നയിക്കുന്നു. അല്ലെങ്കിൽ കെണിയിൽ അകപ്പെടുത്തുന്നു. അതു് അവരെ വളർച്ചയിലേയ്ക്കു് സ്വാതന്ത്ര്യമായി വിടുന്നില്ല. ആ കരാറു് അവരെ പുതിയ തർക്കങ്ങളിലേയ്ക്കും അന്തമില്ലാത്ത കശപിശയിലേയ്ക്കും നയിക്കുന്നു.

വിവാഹത്തെ ഒരു മനുഷ്യബന്ധമായി ദമ്പതിമാർ കാണണം. അതിന്റെ വിജയത്തിനു് സ്വാതന്ത്ര്യം സ്വാത്മപ്രചോദനം, പരസ്പരവിശ്വാസം എന്നിവ ആവശ്യമാണു്. ചിലപ്പോൾ ദമ്പതിമാർക്കു് "പരസ്പരം തെളിവു ലഭിക്കുന്നതിനുമുമ്പുതന്നെ ശരിയെന്നു് അംഗീകരിക്കേണ്ട" സാഹചര്യങ്ങൾ ഉണ്ടാകും. അംഗീകാരവും പരസ്പരധാരണയുംപോലുള്ള കാര്യങ്ങൾ അവരുടെ ബന്ധത്തിൽ കണക്കിലെടുക്കേണ്ടതുണ്ടു്. എന്നാൽ അതേതുമെന്നു വിചാരിക്കുന്ന ഒരു കരാറിൽ പ്രശ്നമുണ്ടായാൽ വീണ്ടുംവീണ്ടും അവർക്കു് വൈകാരികക്കോളിളക്കം ചെലവഴിക്കേണ്ടതായി വരുന്നു.

3. ക്രൈസ്തവവിവാഹത്തിന്റെ മാതൃക ഉടമ്പടിയാണു്; കരാറല്ല. അവരുടേതു് മറ്റുള്ളവരുടേതുപോലും വെല്ലുവിളി

malankaralibrary.com

കുന്ന ശക്തമായ സ്നേഹബന്ധമാണ്. സഹിക്കാനുള്ള അതിന്റെ ശക്തിക്കും പ്രത്യാശക്കും പരിധിയുമില്ല. ഒരു ഉടമ്പടിയിലെ സ്നേഹം, വിശ്വസ്തതയും മഹത്തായ പവിത്രതയും ഉൾക്കൊള്ളുന്നു. മറ്റൊരു വ്യക്തിയുടെ ജീവിതത്തോടുള്ള നീണ്ടകാലത്തെ അർപ്പണവും അതിൽ അന്തർഭവിച്ചിട്ടുണ്ട്.

എന്നാൽ കൺസ്യൂമറിസത്തിന്റെയും വൈകാരിക പ്രേരണങ്ങളുടെയും പശ്ചാത്തലത്തിൽ ആധുനിക ദാമ്പത്യത്തെ ഒരു ഉടമ്പടിയുടെ ആശയവുമായി ബന്ധപ്പെടുത്തി ചില ദമ്പതിമാർക്ക് മനസ്സിലാക്കാൻ പ്രയാസം തോന്നിയേക്കാം. എന്നിരുന്നാലും ഉടമ്പടിയെന്ന നിലയിൽ ദമ്പതികൾക്ക് വളർത്തിക്കൊണ്ടുവരാവുന്ന ഒരു ലക്ഷ്യമാണെന്ന് മനസ്സിലാക്കാം. ഇത് ദീർഘകാലം നീണ്ടുനിൽക്കുന്ന ഒരു അർപ്പണമാണ്. ''എനിക്കു കഴിയും'' എന്ന് വിവാഹദിവസം പറയുന്നതിന്റെ തുടർച്ചയാണ്.

വിവാഹത്തിന്റെ പ്രഥമരാത്രിയിൽ തോബിയാസ് തന്റെ ഭാര്യ സാറായോടുകൂടെ പ്രാർത്ഥിച്ചുകൊണ്ട് അവളോടുള്ള തന്റെ ബന്ധം ഇങ്ങനെ വ്യക്തമാക്കി. ''ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ, ....അങ്ങ് കളിമണ്ണുകൊണ്ട് ആദത്തെ സൃഷ്ടിച്ചു. ഹവ്വയെ ആദത്തിനു സഖിയും സഹായിയുമായി അവിടുന്നു നൽകി. അവരിൽ നിന്നാണല്ലോ മനുഷ്യസമുദായം വർദ്ധിച്ചത്. 'മനുഷ്യൻ ഏകനായി കഴിയുന്നതു നന്നല്ല' എന്ന് അങ്ങ് പറഞ്ഞിട്ടുണ്ടല്ലോ. ജഡികമോഹം കൊണ്ടല്ല, പ്രത്യുത, അങ്ങയുടെ നാമം എന്നേക്കും പ്രകീർത്തിക്കുന്ന അനന്തര തലമുറയെ പ്രതീക്ഷിച്ചാണ്, ഞാൻ ഇവളെ ഭാര്യയായി സ്വീകരിക്കുന്നതെന്ന് അങ്ങേക്ക് അറിയാമല്ലോ. എനിക്ക് കരുണ കണ്ടെത്താനും അവളോടുകൂടെ സുഖത്തോടെ വാർദ്ധക്യം പ്രാപിക്കാനും അങ്ങ് അനുവദിക്കണമേ'

malankaralibrary.com

"അവർ ആമേൻ എന്നു പറഞ്ഞു. അനന്തരം അവർ രാത്രിയിൽ ഉറങ്ങാൻപോയി" (തോബി 8: 5–9)

വിവാഹഉടമ്പടിയെ 'നന്മയിലും' അല്ലെങ്കിൽ 'തിന്മയിലും' മരണംവരെ വേർപിരിയാത്ത ഒരു ബന്ധമായി വിശേഷിപ്പിക്കുന്നു. എന്നാൽ തോബിയാസിന്റെ പ്രാർത്ഥനയിൽ വിവരിക്കുന്നതുപോലെ, സഖിയോടുകൂടെ സൗഖ്യത്തോടെ വാർദ്ധക്യം പ്രാപിക്കാനുള്ള "ഒരു ബന്ധമാണ്" അതെന്ന് വിവരിക്കുന്നതാണ് ഏററവും കൂടുതൽ ഉചിതമെന്നു പറയാം. അതായിരിക്കട്ടെ, ഓരോ ദമ്പതിമാരുടെയും ലക്ഷ്യം!

## പതിനൊന്ന്

# ദാമ്പത്യബന്ധത്തിലെ തളർച്ചയും വളർച്ചയും

വിവാഹിതരെപ്പോലെ തന്നെ വിവാഹിതരാകാൻ ആഗ്രഹിക്കുന്നവരും വൈവാഹിക ജീവിതത്തിന്റെ സൗമ്യമായ നിർവ്വഹണത്തിലും അതിന്റെ മാതൃകയിലും ചില ഉൾക്കാഴ്ചകൾ നേടേണ്ടത് അനിവാര്യമാകുന്നു. കാലാകാലങ്ങളിൽ തിരിഞ്ഞുനോക്കാനും, പുതിയൊരു ധാരണ നേടാനും, തങ്ങളുടെ പെരുമാററ ശൈലിയുടെയും ജീവിതരീതിയുടെയും രൂപം കണ്ടെത്താനും ഇത്തരം ആത്മജ്ഞാനം ആവശ്യമാണ്. നമ്മുടെ വ്യക്തിത്വങ്ങളെക്കുറിച്ചും നല്ലൊരു ജ്ഞാനം നമുക്കില്ലെങ്കിൽ നാം ഒരേ തെററുകൾ ആവർത്തിക്കും; നമ്മുടെ ജീവിതം കേവലം നൈമിഷികമായ അഭിനയപാത്രങ്ങളുടെ വിരസമായ തുടർച്ചമാത്രമായിത്തീരും. അനുഭവങ്ങളിലൂടെ നാം സ്വായത്തമാക്കുന്ന ആത്മവിജ്ഞാനവും

malankaralibrary.com

ഉൾക്കാഴ്ചയുമാണ് ഭാവിയെ സമ്പന്നമാക്കാൻ സഹായിക്കുക.

ഉദാഹരണമായി, ഒരേ രാഗം ആവർത്തന വിരസമായി തുടർന്ന വെറും അവസാനമില്ലാത്ത ഓട്ടമായിരുന്നു മോളിയുടെ ദാമ്പത്യജീവിതം. അവൾക്ക് സ്വന്തം അനുഭവത്തിലൂടെ യാതൊന്നും പഠിക്കാൻ കഴിഞ്ഞിരുന്നില്ല. അവളുടെ ഭർത്താവ് സ്ഥിരം മദ്യപാനിയായിരുന്നു.—സ്വയം കുടിച്ചുമരിക്കുന്നവൻ. ഇതു് അവളുടെ ജീവിതത്തിൽ പ്രതിസന്ധികൾ വാരിവിതറി. ഓരോ പ്രതിസന്ധിഘട്ടത്തിലും സഹതാപത്തിനും സാന്ത്വനത്തിനും ഉപദേശത്തിനുമായി മോളി തന്റെ ആത്മീയാചാര്യനായ ഇടവകവികാരിയെ കാണുക പതിവായിരുന്നു.

ഒരിക്കൽ അദ്ദേഹം അവളോടു ചോദിച്ചു: ''വേണ്ടത്ര അനുഭവിച്ചുവെന്ന് നിനക്കു തോന്നുന്നില്ലേ?'' അവൾ തലകുലുക്കിക്കൊണ്ട് സമ്മതിച്ചു. എങ്കിലും ഏതാനും ദിവസങ്ങൾക്കകം, ഒരിക്കൽക്കൂടെ എല്ലാം 'പൊറുത്തുനില്ക്കാൻ' അവൾ തീരുമാനിക്കും. 'കുട്ടികളുടെ രക്ഷയ്ക്കുവേണ്ടിയാണ്' താൻ ഈ തീരുമാനമെടുക്കുന്നതെന്നവൾ വിശദീകരിക്കുന്നു.

അമിത മദ്യപാനികളെ പിടികൂടുന്ന കരൾപഴുപ്പു ബാധിച്ച് മോളിയുടെ ഭർത്താവ് അന്ത്യശ്വാസം വലിക്കുന്നു. ശവസംസ്കാരം കഴിഞ്ഞപ്പോൾ മോളിയുടെ കുഴപ്പങ്ങൾ അവസാനിച്ചല്ലോ എന്നോർത്ത് ആ വൈദികൻ നെടുവീർപ്പിട്ടു. ഒരു കൊല്ലം കഴിഞ്ഞു് അവൾ വീണ്ടും വിവാഹിതയായപ്പോൾ അദ്ദേഹം സന്തോഷിക്കുകയും ചെയ്തു. ജീവിതത്തിൽ കുറേക്കൂടെ വളരെ നല്ലതു ലഭിക്കാൻ മോളി അർഹയാണെന്ന് അദ്ദേഹം ആത്മാർത്ഥമായി വിശ്വസിച്ചു.

ഏതാനും മാസങ്ങൾ ശാന്തമായി കടന്നുപോയി. ഒരു ദിവസം രാത്രി മോളി വീണ്ടും അച്ചന്റെ മുറിയു

malankaralibrary.com

ടെ വാതില്ക്കൽ മുട്ടി. എന്താണവളുടെ പ്രശ്നം? പുരോഹിതൻ വിസ്മയിച്ചു. അവളുടെ രണ്ടാമത്തെ ഭർത്താവും കുടിയനായിരുന്നു. മോളിയുടെ കണ്ണുനീരും ശോചനീയാവസ്ഥയും ആ വന്ദ്യവയോധികന്റെ കണ്ണുനനച്ചു. അവൾ അയാളെ ഉപേക്ഷിക്കണമോ? അദ്ദേഹം ചിന്താമഗ്നനായി. എന്നാൽ അവളുടെ കണ്ണുനീർ തോർന്നപ്പോൾ 'കുട്ടികളുടെ രക്ഷയ്ക്കുവേണ്ടി' ഒരിക്കൽക്കൂടി തന്റെ ദാമ്പത്യം നിലനിർത്താൻ അവൾ തീരുമാനിക്കുകയാണുണ്ടായതു്,

മദ്യപന്മാരായ ആ രണ്ടു ഭർത്താക്കന്മാർ, തങ്ങളുടെ ഭാര്യയിൽനിന്നു ലഭിച്ച ഒരേപോലുള്ള പ്രതികരണം വെളിപ്പെടുത്തുന്നു. ഇതു് ആകസ്മികമായി സംഭവിച്ചതാണോ? അല്ലെങ്കിൽ വ്യക്തിപരമായ ഏതെങ്കിലും ശീലത്തോടുബന്ധപ്പെട്ട ആവർത്തനരൂപമാണോ? വിവാഹബന്ധങ്ങളെ വിശദമായി പരിശോധിക്കുന്ന വിദഗ്ദ്ധരും കുടുംബ ഉപബോധകരും മോളിയുടെ പ്രശ്നം ആകസ്മികമായി സംഭവിച്ചതാണെന്നു കരുതുന്നില്ല. അർത്ഥപൂർണ്ണമായ വ്യക്തിഭാവങ്ങളോടു ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ ആ ബന്ധത്തിൽ അന്തർഭവിച്ചിട്ടുള്ളതായി അവർ ഗണിക്കുന്നു.

ഒരു ദാമ്പത്യത്തിലെ ബന്ധമാതൃക എന്തെല്ലാമാണു്? ചില ഭർത്താക്കന്മാരും ഭാര്യമാരും എന്തുകൊണ്ടാണു്, വ്യക്തിപരമായ അല്ലെങ്കിൽ കൂട്ടായ വളർച്ചയിൽനിന്നു് ഒഴിഞ്ഞുനില്ക്കുന്നതു്? മറ്റുചിലർ എന്തുകൊണ്ടു് വളർച്ചയും വികാസവും ഒരിക്കലും അവസാനിപ്പിക്കുന്നില്ല? ഒരിക്കൽ വളരെയധികം ആവേശം കണ്ടെത്തിയ ഭർത്താക്കന്മാരോടു് ചില സ്ത്രീകൾ എന്തു കൊണ്ടാണു് പിന്നീടു് മുഷിപ്പുള്ളവരായിത്തീരുന്നതു്? ഒരേ പ്രശ്നങ്ങൾ ഇടവിട്ടു് വിഷമിപ്പിച്ചിട്ടും ചില ഭാര്യമാർ എന്തുകൊണ്ടാണു് 'ഉന്തരംഗങ്ങൾ' നിലനിർത്താൻ പ്രേരിതരാകുന്നതു്? പങ്കാളികളുടെ പെരുമാറ്റശൈലികളും അവരുടെ ദാമ്പത്യമാതൃകകളും വ്യക്തി

malankaralibrary.com

ശതമായ അവരുടെ ഭാവങ്ങളുമാണ്‌ ഈ പ്രശ്നങ്ങളുടെ അടിസ്ഥാനം.

ഈയിടെ ഏറ്റവും ഉപബോധകരവും ചില ദമ്പതിമാരും ദാമ്പത്യമാതൃകകളും തദ്ഫലമായി ഉത്ഭവിക്കുന്ന പ്രശ്നങ്ങളും ഗ്രഹിക്കാനുള്ള ആവേശജനകമായ ഒരു സാങ്കേതികമാർഗ്ഗം കണ്ടെത്തിയിട്ടുണ്ട്; 'വ്യക്തിബന്ധാപഗ്രഥനം'. ഇതു് ഉത്കർഷത്തിനുള്ള മാർഗ്ഗമാണ്. തങ്ങളുടെ പെരുമാററങ്ങളുടെയും, കൃത്യങ്ങളുടെയും ഇടപാടുകളുടെയും, പ്രവൃത്തികളുടെയും, അനുഷ്ഠാനങ്ങളുടെയും ഒരു വിശകലനപ്രക്രിയയാണിതു്. സ്വന്തം വികാരങ്ങളുടെ ഉറവിടം കണ്ടെത്താനും ദമ്പതിമാർ പതിവായി ബന്ധപ്പെടുന്ന സമ്പ്രദായം ഗ്രഹിക്കാനും ഈ അപഗ്രഥനം സ്ത്രീപുരുഷന്മാരെയും ദമ്പതിമാരെയും സഹായിക്കുന്നു. ടി. ഏ എന്ന ചുരുക്കപ്പേരിൽ ഈ അപഗ്രഥനരീതി ഇന്നു് പ്രസിദ്ധമാണ്. മനഃശാസ്ത്രപരമായ ഈ രീതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നു് മൂല്യവികാരം വ്യക്തിയിൽ ജനിപ്പിക്കുകയാണ്. ശൈശവഘട്ടത്തിൽ ചിലപ്പോഴും നാം സമ്പാദിച്ച 'ശരിയല്ല' എന്ന വികാരത്തിൽനിന്നു് നമ്മളെ മോചിപ്പിച്ച് 'ശരിയാണ്' എന്ന അവസ്ഥയിലേയ്ക്കു മാററുകയാണ് ഇതിന്റെ പരമമായ ലക്ഷ്യം. മനുഷ്യവ്യവഹാരങ്ങളുടെ സമഗ്രമായ ഗ്രഹണത്തിന്റെ പ്രായോഗികതയും അതിന്റെ സാധാരണ സംഭാഷണരീതിയുമാണ് ഈ രീതിക്ക് ഇത്രമാത്രം പ്രചുരപ്രചാരം ഉണ്ടാക്കുന്നതു്. കഴിഞ്ഞ കാലത്തിന്റെ ഇരുണ്ട മൂലയിലേയ്ക്കു പിൻവാങ്ങാൻ അതു് ആരെയും പ്രേരിപ്പിക്കുന്നില്ല. പ്രത്യുത, സമകാലിക സാഹചര്യങ്ങൾ അല്ലെങ്കിൽ മനുഷ്യന്റെ 'വ്യക്തിബന്ധങ്ങൾ' സ്വയം കണ്ടെത്തുവാൻ അതു വ്യക്തികളെ പ്രോത്സാഹിപ്പിക്കുന്നു. ഇതു് ഒരുതരം സ്വയം വ്യവഹാരദർശനം അഥവാ വ്യക്തിഭാവവിചാരണയാണ്; സ്വയം കേസുവിസ്താരം. വ്യവഹാരവിഷയം നാം തന്നെയാണ്. അതു് നാം സ്വയം നടത്തുന്നു.

malankaralibrary.com

"ഈവിന്റെ മൂന്നു മുഖങ്ങൾ" എന്ന ഒരു പ്രസിദ്ധ പുസ്തകം ഇംഗ്ലീഷിലുണ്ട്. ദക്ഷിണ അമേരിക്കയിലെ ഒരു യുവകുടുംബിനിയായ ഈവ്‌വൈററിന്റെ യഥാർത്ഥജീവിതകഥയാണ് ഇതിൽ അനാവരണം ചെയ്യുന്നതു്. ഒരു യുവതിക്ക് അനുയോജ്യമായ നടപടികളും, ഔചിത്യവും ലജ്ജാബോധവും ഉണ്ടായിരുന്ന ആ സ്ത്രീക്ക്, വേറൊരു വ്യക്തിത്വം ഉണ്ടായിരുന്നു — സംസ്കാരശൂന്യവും ഉത്തരവാദിത്വരഹിതവുമായ ഒരു വ്യക്തിത്വം. അതിനെ അവളുടെ ഡോക്ടർ ഈവ് ബ്ലാക്ക് (ഇരുണ്ട ഈവ്) എന്നു വിളിച്ചു. പകയുള്ള, ദോഷബുദ്ധിയായ, കറുത്ത പടച്ചട്ട ധരിച്ച ഈവിനെയാണ് ഇവിടെ നാം കാണുക. അവളുടെ ചികിത്സയുടെ കാലഘട്ടത്തിൽ, പക്വതയുള്ള, പ്രായപൂർത്തിയായ, നല്ലവണ്ണം സമതുലനം നേടിയ മൂന്നാമതൊരു വ്യക്തിത്വം കൂടെ അവളിൽ ഉടലെടുത്തു. ഈ വ്യക്തിത്വമാണ് ഈവ്‌വൈററായിത്തീർന്നതു്.

ഈവ് വൈററിന്റെ കഥയും അവളുടെ 'മൂന്നുമുഖങ്ങളും' മനോരോഗ ചികിത്സാചരിത്രത്തിൽ വളരെ അപൂർവമായ ഒരു സംഭവമാണ്. എന്നാൽ രോഗമില്ലാത്ത നമ്മുടെ സാധാരണ വ്യക്തിത്വത്തിൽപ്പോലും മനോസികമായ മൂന്നുഭാവങ്ങളുള്ളതായി മനുഷ്യന്റെ 'വ്യക്തിബന്ധാപഗ്രഥനം' വെളിപ്പെടുത്തുന്നു. ഈ മൂന്നു മാനസികഭാവങ്ങൾ അഥവാ വ്യക്തിഭാവങ്ങൾ വളരെ എളുപ്പത്തിൽ തിരിച്ചറിയാനും കഴിയും. മാതാപിതാക്കന്മാരിൽനിന്നും ആർജ്ജിക്കുന്ന വ്യക്തിഭാവം, ഇന്ന് അഭിമുഖീകരിക്കേണ്ട യാഥാർത്ഥ്യത്തോടു ബന്ധപ്പെട്ട പ്രായപൂർത്തിയായവന്റെ വ്യക്തിഭാവം, ശിശുവിന്റെ വ്യക്തിഭാവം എന്നിങ്ങനെയാണ് നമ്മുടെ വ്യക്തിത്വത്തിൽ അന്തർലീനമായിട്ടുള്ള ഈ മൂന്നു മാനസികനിലകളെ സാങ്കേതികമായി നാമകരണം ചെയ്യുന്നതു്. നമ്മളിലെല്ലാം — നമ്മുടെ ബാഹ്യമായ സംഭാഷണങ്ങളിലും അന്യോന്യമുള്ള നമ്മുടെ പെരുമാററങ്ങളിലും—

malankaralibrary.com

ഈ മൂന്നു വ്യക്തിത്വങ്ങളിൽ ഏതെങ്കിലുമൊന്നു് മിക്കപ്പോഴും അധീശത്വം പുലർത്തുകയും പ്രതികരിക്കുകയും ചെയ്യുന്നതായി കണ്ടേക്കാം—ഒന്നുകിൽ പിതൃഭാവം, അല്ലെങ്കിൽ പക്വതനേടിയ പ്രായപൂർത്തി വന്നവന്റെ ഭാവം. അതായതു് പക്വഭാവം, അല്ലെങ്കിൽ വെറുമൊരു ശിശുവിന്റെ പ്രകൃതം, അതായതു് ശിശുഭാവം.

നമ്മുടെ ദൈനംദിനാനുഭവങ്ങൾതന്നെ ഈ മൂന്നു മാനസികാവസ്ഥകളുടെ സാന്നിദ്ധ്യം ഉറപ്പിക്കുന്നതായിക്കാണാം. ചിലപ്പോൾ, ഉദാഹരണമായി, കുട്ടികളില്ലെങ്കിലും നാം മാതാപിതാക്കന്മാരുടെ ഭാവം സ്വീകരിക്കുന്നു. ഒരു കുടുംബസുഹൃത്തിന്റെ വീട്ടിൽ മരണമുണ്ടാകുമ്പോൾ നാം ഓടി എത്തി ദുഃഖിതരെ ആശ്വസിപ്പിക്കുന്നു. അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു. നമ്മുടെ ഒരു സഹപ്രവർത്തകൻ പ്രവർത്തനത്തിൽ പരാജയപ്പെട്ടപ്പോൾ അവനുനേരേ വിരൽചൂണ്ടി നാം പറയുന്നു: ''ഞാൻ നിന്നോടു് മുമ്പേ പറഞ്ഞില്ലേ. നൂറുപ്രാവശ്യം ഞാൻ നിന്നോടു പറയണോ? എന്നിട്ടും നീ.....!'' നമ്മുടെ ബസ്സു് താമസിച്ചാൽ, അല്ലെങ്കിൽ മാവേലിസ്റ്റോറിലെ ആളുകളുടെ നീണ്ടനിര കാണുമ്പോൾ, അടുത്തു നില്ക്കുന്നവനോടു നാം പറയുന്നു: ''ഇതു് ഭയങ്കരമല്ലേ? – യഥാർത്ഥത്തിൽ ഇതിനു് സർക്കാർ എന്തെങ്കിലും ചെയ്യണം!'' ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ ഏതൊരാളും ഒരു മാതാവിനെയോ പിതാവിനെയോ പോലെ പെരുമാറുന്നു, സംസാരിക്കുന്നു. നമ്മുടെ പിതൃഭാവമാണു് അതിനു നിദാനം.

എല്ലാക്കാര്യങ്ങളും തെററായി നടക്കുന്ന ചില ദിവസങ്ങൾ നമുക്കനുഭവപ്പെടാം. അപ്പോൾ നാം ഒരു കൊച്ചുകുട്ടിയുടെ വ്യക്തിത്വം ഏറെറടുക്കുന്നതായി തോന്നുന്നു. നമുക്കു് ക്ലാന്തത അനുഭവപ്പെടുന്നു. നാം ഒഴിവുകഴിവുകൾ പറയുന്നു. സ്വയം ദുഃഖിതരായി ഭാവിക്കുന്നു. വിമർശനംകൊണ്ടു് പെട്ടെന്നു നാം വാടുന്നു. എല്ലാവിധത്തിലുമുള്ള ചുമതലകളിൽനിന്നു് ഒഴിഞ്ഞുമാറാനും

malankaralibrary.com

എന്നെന്നേയ്ക്കുമായി മാറിയകലാനും നാം വെമ്പൽകൊള്ളുന്നു. നമ്മിലൊരു ശിശുഭാവം സ്ഥിതിചെയ്യുന്നുണ്ടെന്ന് ഈ പെരുമാററങ്ങൾ വ്യക്തമാക്കുന്നു.

നാം 'പക്വത' വന്നവരെപ്പോലെ പെരുമാറുമ്പോൾ വർത്തമാനകാലത്തിൽ ജീവിക്കുന്നു. വസ്തുതകളുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ എടുക്കുന്നു. നാം സാഹചര്യങ്ങളോട് ഉചിതമായി പ്രതികരിക്കുന്നു. പ്രായപൂർത്തിയായവരുടെ അനുഷ്ഠാനങ്ങളും പ്രതിപ്രവർത്തനങ്ങളുമാണ് ആരോഗ്യമുള്ള വ്യക്തിത്വത്തിന്റെ പ്രവൃത്തികളുടെ ഉറവിടം. ആ പ്രവൃത്തികൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുകയും ആത്മനിയന്ത്രണം പാലിക്കുകയും യുക്തിസഹമായി ചിന്തിക്കുകയും ചെയ്യുന്നു. എങ്കിലും ശിശുവിന്റെ ആഗ്രഹങ്ങൾക്കും ആവശ്യത്തിനും ചിലപ്പോൾ അത് വഴങ്ങിക്കൊടുക്കുന്നു. ശിശുവിനെപ്പോലെ അവൻ ജിജ്ഞാസുവാണ്; ജീവിതം ആവേശകരമായി കാണുന്നു. നർമ്മബോധം ഇഷ്ടപ്പെടുന്നു. എന്നാൽ മാതാപിതാക്കന്മാരുടെ നിഷേധാത്മകാവശ്യങ്ങളെ ആ വ്യക്തിത്വഘടന നിരോധിച്ചു നിർത്തുന്നതിൽ താല്പര്യം പ്രകടിപ്പിക്കുന്നു. പ്രത്യേകിച്ച്—അകാലികമായി ഉപദേശങ്ങൾ നൽകാനുള്ള പ്രവണത. സത്യസന്ധമായ വൈകാരികവളർച്ചയെ തടഞ്ഞുനിർത്താൻ പ്രേരിപ്പിക്കുന്നത് ഇത്തരം അമിതവും അനുചിതവുമായ ഉപദേശങ്ങളും പിതൃഭാവപ്രതികരണങ്ങളുമാണ്.

വ്യക്തിബന്ധാപഗ്രഥനത്തിന്റെ ലക്ഷ്യം സ്വന്തം ചികാരങ്ങളിലും പെരുമാററരീതികളിലും സ്വന്തം നിലപാടിലുമുള്ള വ്യത്യസ്ത വ്യക്തിഭാവങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുകയാണ്. പെരുമാററത്തിൽ ആവശ്യമായ മാററങ്ങൾ വരുത്താൻ ഇത്തരം ബോധം വ്യക്തിയെ സഹായിക്കുന്നു. ഈ പരിവർത്തനം മൂലം സ്വന്തം മാനസിക സംഘർഷങ്ങളെ ഒഴിവാക്കാമെന്ന് വ്യക്തി ഗ്രഹിക്കുന്നു. ആ ഗ്രഹണംമൂലം വ്യക്തിത്വ

ത്തിന്റെ ഈ മൂന്നു ഭാഗങ്ങൾ തമ്മിലുള്ള സമഞ്ജസമായ സഹവർത്തിത്വവും സാധിക്കുന്നു. എന്നാൽ ഒരു വ്യക്തിത്വഭാവത്തെയും അതു് നശിപ്പിക്കുകയോ നിഷ്പ്രഭമാക്കുകയോ ചെയ്യുന്നില്ല. എറിക് ബേൺ എന്ന മന:ശാസ്ത്രജ്ഞനാണു് ഇതിന്റെ ഉപജ്ഞാതാവു്. സാമൂഹ്യസമ്പർക്കങ്ങളുടെയും, സാമൂഹ്യസാഹചര്യങ്ങളിൽ വ്യക്തികളുപയോഗിക്കുന്ന 'കളികളുടേയും' ഒരു അപഗ്രഥനമാണു് ഈ രീതിയെന്നു പറയാം.

പന്ത്രണ്ടു്

# വ്യക്തിത്വഭാവങ്ങളും വിവാഹബന്ധങ്ങളും

നമ്മിലോരോരുത്തരിലും സ്ഥിതിചെയ്യുന്ന പിതൃഭാവം, നിരവധി ഉപദേശങ്ങൾ നൽകുന്നു. അവ ആവശ്യമുള്ളതാകാം, ആവശ്യമില്ലാത്തതാവാം. ഉദാഹരണം: 'റോഡു മുറിച്ചുകടക്കുമ്പോൾ, ഇരുവശവും ശ്രദ്ധിക്കുക' ''സത്യസന്ധത മഹത്തായ കാര്യമാണു്''; ''ഇണങ്ങാത്ത നായ്ക്കളെ ഓമനിക്കരുതു്''; ''ചൂടുള്ള സ്റ്റൗവിൽ തൊടരുതു്'' തുടങ്ങിയവ. ഇതുപോലെ ജീവിതത്തിലുടനീളം നമ്മെ സഹായിക്കാനുപകരിക്കുന്ന പല അറിവുകളും ഈ ഉപദേശങ്ങൾ ഉൾക്കൊള്ളുന്നുണ്ടു്. എന്നാൽ ചില ഉപദേശങ്ങൾ വിഡ്ഢിത്തമോ അബദ്ധമോ ആകാം; അനാവശ്യവും അമിതവുമായിരിക്കാം. ഇത്തരം സന്ദേശങ്ങൾ പക്വതവന്ന പ്രായപൂർത്തിയായവനുമാത്രമേ അവഗണിക്കാനാകൂ.

കുട്ടികളുടെ വ്യക്തിത്വഭാവം സന്ദേശങ്ങൾ നൽകുന്നില്ല. വെറും വികാരങ്ങൾ പുറത്തുവിടുന്നു—കഴിഞ്ഞ

malankaralibrary.com

കാലങ്ങളിലെ സംഭവങ്ങളോടും സുപരിചിത വ്യക്തികളോടുമുള്ള വൈകാരികപ്രതികരണങ്ങൾ വെളിപ്പെടുത്തുന്നു. ശൈശവത്തിലെ പരാജയത്തിന്റെയും ശിഥിലീകരണത്തിന്റെയും പഴയ രംഗങ്ങൾക്കു സമാനമായ ഒരു സാഹചര്യം ഒരു വ്യക്തി ഏതെങ്കിലുമൊരു അവസരത്തിൽ കണ്ടെത്തിയാൽ, വർത്തമാനകാലത്തിലും ആ വികാരങ്ങൾ പെട്ടെന്നു പ്രതിപ്രവർത്തിക്കുന്നു. മോഹഭംഗവും മൂല്യനഷ്ടവും അവനെ പിടികൂടുകയും ചെയ്യുന്നു.

ഉദാഹരണം, ഡേവിഡിന്റെ മാനസികനില. അയാൾ ഒരു സ്വകാര്യസ്ഥാപനത്തിലെ ഗുമസ്തനാണ്. ഓഫീസിലെ കസേരയിൽ സ്വസ്ഥനായിരിക്കുമ്പോൾ പോലും അയാൾ കണക്കിലേറെ വിഷണ്ണനും അസ്വസ്ഥനുമാണ്. ബോസ്സിന്റെ ചെറിയൊരു കണക്കുപരിശോധനപോലും തന്നെ നിസ്സാരനും നിഷ്ക്രിയനുമാക്കുന്നതായി അയാൾക്ക് അനുഭവപ്പെടുന്നു.

അയാളുടെ ഈ വൈകാരികാഘാതത്തിന്റെ ഉല്പത്തി ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ വികൃതികാട്ടിയതിനു് ഹെഡ്മാസ്റ്ററുടെ അടുക്കലേക്ക് അയാളെ അയച്ചതോടെയാണ്. കാലം ഏറെ കഴിഞ്ഞിട്ടും, അത്തരം ചില സാഹചര്യങ്ങൾ അയാളെ സ്കൂൾകാലഘട്ടത്തിലേയ്ക്കു തിരിച്ചുകൊണ്ടുപോകുന്നു. അന്നയാളുടെ മനസ്സിലേററ വൈകാരികാഘാതത്തെപ്പററിയുള്ള ശൈശവവികാരങ്ങൾ അയാളിൽ ഇപ്പോഴും സജീവമായി നിൽക്കുന്നുവെന്നാണ് ഇതു സ്പഷ്ടമാക്കുക.

എന്നാൽ നമ്മിലെ പ്രായപൂർത്തിയായവന്റെ മാനസികഭാവം പ്രവർത്തനനിരതമാകാൻ നാം അനുവദിക്കുകയാണെങ്കിൽ പിതൃ_ശിശു, ഭാവങ്ങളുടെ ശക്തി മിതമായി നിലനിർത്താൻ കഴിയും. നമ്മുടെ അഹംബോധത്തിന്റെ അവസ്ഥകൾക്കിടയിൽ ശരിയായൊരു സമതുലനം സ്ഥാപിക്കാനും, അവയുടെ അനാവശ്യമായ വൈകാരികാനിശ്ചിതത്വം ഇല്ലാതാക്കാനും ഇതു് നമ്മെ സഹായിക്കുന്നു. അപ്പോൾ ജീവിതസംഗീതത്തി

malankaralibrary.com

ന്റെ യഥാർത്ഥ സ്വരമാധുര്യം കേട്ട് ആസ്വദിക്കാൻ നമുക്കു കഴിയുന്നു—പക്വതവന്ന പ്രായപൂർത്തിയായ ഒരുവനെപ്പോലെ അപ്പോൾമാത്രം വർത്തമാന പരിതഃസ്ഥിതികളോടിണങ്ങി ജീവിക്കാൻ വ്യക്തിക്കു സാധിക്കുന്നു.

ഇതിന്റെ അർത്ഥം, നമ്മിലെ പ്രായപൂർത്തിയായവൻ മാതാപിതാക്കൾ നമുക്കു കൈമാറിയ മൂല്യങ്ങൾ ഒരിക്കലും ശ്രദ്ധിക്കുന്നില്ല, അല്ലെങ്കിൽ നമ്മിലെ ശൈശവാഭിലാഷങ്ങളോട് നാം നിശ്ശബ്ദത പാലിക്കുന്നുവെന്നല്ല. എന്തെന്നാൽ വികാരങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്. തീർച്ചയായും മാതാപിതാക്കന്മാരെപ്പോലെ നാം സമാശ്വസിപ്പിക്കുകയും അല്ലെങ്കിൽ പരിപോഷിപ്പിക്കുകയും ചെയ്യുന്ന നിമിഷങ്ങളുണ്ടാകും. ചിലപ്പോൾ ആറുവയസ്സുകാരനായ കുട്ടിയെപ്പോലെ എല്ലാ 'നിയന്ത്രണോപാധികളും' വലിച്ചെറിഞ്ഞു് ജീവിതത്തിന്റെ ദൈനംദിനമുറകളുടെ വിരസതകളിൽനിന്നു് ഒളിച്ചോടുന്ന അവസരങ്ങളും നമുക്കുണ്ടാകാം. എന്നാൽ മുഖ്യമായ സംഗതി പക്വതയുടേതാണ്. വ്യക്തിയുടെ പ്രായപൂർത്തിവന്ന വ്യക്തിത്വത്തിൽനിന്നുവരുന്ന സാധാരണ പെരുമാററശൈലികളാണ് പക്വത എന്നു് ഇവിടെ ഉദ്ദേശിക്കുന്നതു്.

തന്റെ സ്വന്തം പെരുമാററങ്ങൾ ഈ മൂന്നു വ്യക്തിത്വഭാവങ്ങളിൽ ഏതിൽനിന്നാണ് പുറപ്പെടുന്നതെന്നു വ്യക്തി തിരിച്ചറിയുമ്പോൾ, അതായതു് തന്നെപ്പററി സ്വയം ഗ്രഹിക്കാൻ ആരംഭിക്കുമ്പോൾ ആണ് വ്യക്തിബന്ധാപഗ്രഥനം ഏററവും ആവേശജനകമായി അനുഭവപ്പെടുക.

'പരുഷമായ നോട്ടം', നെററിചുളിക്കൽ, ഉയർന്ന ശബ്ദം, ചൂണ്ടാണിവിരൽ ചൂണ്ടിയുള്ള സംസാരം, തൊണ്ട ശരിപ്പെടുത്തൽ തുടങ്ങിയവ പിതൃഭാവത്തിന്റെ വാചികമല്ലാത്ത ചില പ്രതീകങ്ങളാണ്. ആ ഭാവത്തിന്റെ വാചികപ്രകടനങ്ങൾ 'എല്ലായ്പ്പോഴും', 'ഒരി

malankaralibrary.com

ക്കലും', 'ഇപ്പോൾ നിങ്ങൾ എന്നെ ശ്രദ്ധിക്കുക', 'ഞാനിതു പറയുന്നതു് നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണു്' തുടങ്ങിയ പദസഞ്ചയങ്ങൾ ഉൾക്കൊള്ളുന്നു.

ശിശുവ്യക്തിത്വത്തിന്റെ ശാരീരികഭാഷ, ദീനമായ നോട്ടം, വിറയ്ക്കുന്ന ചുണ്ടുകൾ, വിങ്ങിക്കരയൽ, പെട്ടെന്നുള്ള കണ്ണുനീർ, അക്ഷമയോടുകൂടിയ ഇടപെടൽ, ഉറയ്ക്കാത്ത കാൽവെപ്പ് എന്നിവയെല്ലാം ആണു്. അതിന്റെ വാക്കുകൾ, കൊഞ്ചിക്കുഴഞ്ഞുള്ള സംസാരം, 'ആരും എന്നെ ഇഷ്ടപ്പെടുന്നില്ല', 'എനിക്കു കഴിയില്ല', 'ഞാൻ വഷളനാണു്'' തുടങ്ങിയവയാണു്.

ഓരോ വ്യക്തിക്കും പ്രായമായവന്റെ മാനസികഭാവമുണ്ടു്. മിക്കവാറും ആളുകൾക്കു് പക്വതവന്നവനെപ്പോലെ ജീവിക്കാനും കഴിയും. നമ്മിലെ പ്രായപൂർത്തിയായവന്റെ വ്യക്തിത്വം യാഥാർത്ഥ്യത്തോടു സമ്പർക്കം പുലർത്തുന്നു. ഉത്തരവാദിത്വമുള്ള ചുമതലകൾ നിർവഹിക്കുന്നു. സാദ്ധ്യതകൾ കണക്കുകൂട്ടുന്നു. അനുഭവങ്ങളിലൂടെ വളരുന്നു. ആ മാനസികസ്ഥിതി ശിശുവിന്റെ ശബ്ദകോലാഹലം നിയന്ത്രിക്കുന്നു. അതിന്റെ അച്ചടക്കമില്ലാത്ത വികാരങ്ങൾ നിരോധിക്കുന്നു. അതേസമയം തന്നെ ശിശുവിന്റെ ജിജ്ഞാസയും ഉദ്വേഗത്തിനുള്ള അവസരവും അനുവദിക്കുന്നു.

ഡോ. ഹാരീസ് ഈ പട്ടിക ഇങ്ങനെ നീട്ടുന്നു. ''.... പ്രായപൂർത്തിവന്നവന്റെ മൗലിക പദസഞ്ചയത്തിൽ എന്തുകൊണ്ടു്, എന്തു്, എവിടെ, എപ്പോൾ, എങ്ങനെ, ആർ, എന്നിവ ഉൾപ്പെടുന്നു. മററു പദങ്ങൾ ഇവയാണു്: എത്ര, ഏതുവിധത്തിൽ, താരതമ്യേന, യഥാർത്ഥം, സത്യം, മിക്കവാറും, സാദ്ധ്യത, അജ്ഞാതം, വസ്തുനിഷ്ഠം, 'ഞാൻ വിചാരിക്കുന്നു.', ഞാൻ കാണുന്നു', 'ഇതു് എന്റെ അഭിപ്രായമാണു്'' തുടങ്ങിയവ. ഈ വാക്കുകളെല്ലാം പ്രായപൂർത്തിവന്നവന്റെ വിവരങ്ങൾ ശേഖരിക്കുന്ന നടപടിക്രമത്തെ സൂചിപ്പിക്കുന്നു. 'ഇതു് എന്റെ അഭിപ്രായമാണു്'' എന്ന ശൈലിയിൽ,

malankaralibrary.com

അഭിപ്രായം പിതൃഭാവത്തിൽനിന്നും വ്യുൽപാദിപ്പിച്ചതാകാം. എന്നാൽ പ്രസ്താവന പ്രായപൂർത്തിയായവന്റേതാണ്.''

വ്യക്തിയിൽ ലീനമായിട്ടുള്ള ഭിന്നവ്യക്തിത്വഭാവങ്ങൾക്ക് വൈവാഹികബന്ധത്തിന്റെ ഉൾക്കാഴ്ച ആർജ്ജിക്കാനുള്ള കഴിവുണ്ട്. സ്ത്രീപുരുഷന്മാർ പരസ്പരം പ്രതികരിക്കുന്ന ഭിന്നരീതികൾ, ദാമ്പത്യസംയോഗത്തിൽ ഉൾപ്പെട്ട ഭിന്നപങ്കാളികളുടെ വ്യക്തിത്വനിലവാരങ്ങൾ എന്നിവ ഗ്രഹിക്കാൻ വ്യക്തിബന്ധാപഗ്രഥനം സാദ്ധ്യമാക്കുന്നു. പങ്കാളികൾ ആശയവിനിമയം ചെയ്യുമ്പോൾ, ഒരാൾ മററയാളോട് വാചികമോ വാചികമല്ലാത്ത രീതിയിലോ ബന്ധപ്പെടുമ്പോൾ, ഓരോരുത്തരും ഏതു മാനസികഭാവത്തിൽ സ്ഥിതിചെയ്യുന്നുവെന്ന് ആ വിശകലനം നമ്മെ മനസ്സിലാക്കുന്നു. ഈ വ്യക്ത്യന്തര കൈകമാററങ്ങളുടെ വിശകലനമാണ് 'വ്യക്തിബന്ധാപഗ്രഥന'ങ്ങളുടെ സാങ്കേതികരീതി.

ഉദാഹരണമായി, ദമ്പതിമാരായ റോയിയും ജാനററും ഏതാനും സുഹൃത്തുക്കളോടുകൂടെ ഒരു രാത്രിയിൽ ഒരു പാർട്ടിയിൽ പങ്കെടുക്കുന്നു. റോയിയും ജാനററും അവരുടെ കൂട്ടുകെട്ട് പരസ്പരം ആസ്വദിക്കുന്നു. വിശ്രമിക്കുന്നു. മററുള്ളവരോട് പങ്കുചേർന്ന് ധാരാളം ചിരിക്കുന്നു. ഇരുവരും തമാശകളിൽ പങ്കുചേരുന്നു. അവരുടെ രണ്ടുപേരുടെയും അപ്പോഴത്തെ മാനസികഭാവം തികച്ചും ശിശുവിന്റേതായിരുന്നു. ആവശ്യത്തിലധികം മദ്യപിച്ചിരുന്നെങ്കിലും റോയി തന്റെ ഒഴിഞ്ഞ ഗ്ലാസ്സുമായി വീണ്ടും ജാനററിനെ സമീപിക്കുന്നു. ''ഇനിയുംവേണമോ?'' എന്നവൾ ചോദിച്ചെങ്കിലും, ജാനററ് അപ്പോൾ വീട്ടിലേയ്ക്കു പോകുന്നതിനെക്കുറിച്ചാണ് ഓർമ്മിക്കുന്നത്. അധികം മദ്യപിച്ചാൽ വീട്ടിലെത്താൻ കഴിയില്ലല്ലോ എന്ന് അവളുടെ പിതൃഭാവം ചിന്തിക്കാൻ തുടങ്ങി. അവൾ തന്റെ ശിശുഭാവത്തിൽനിന്നും പുറത്തു കടന്നിരുന്നു. എന്നാൽ അയാൾ

malankaralibrary.com

അപ്പോഴും തന്റെ ശൈശവപ്രകൃതം പരിത്യജിച്ചിരുന്നില്ല. അതുകൊണ്ട് അയാൾ പ്രതിവചിച്ചു: ''ഓ, എനിക്ക് ഒരു ഗ്ലാസ്സ്കൂടെ മതിയാകും.'' റോയിയും ജാനററും അവരുടെ '30കളു'ടെ മദ്ധ്യത്തിലായിരുന്നുവെങ്കിലും, റോയിയുടെ സംഭാഷണം ഏതാണ്ട് ഒരു ബാലൻ തന്റെ അമ്മയോടു ഒരു കഷണം കേക്കുകൂടി ചോദിക്കുന്നതിനു തുല്യമായിരുന്നു. അവർ ഈ വ്യക്തിഭാവങ്ങൾ തുടരുന്നിടത്തോളം അവരുടെ ആശയവിനിമയം സുഗ്രഹം തുടരും.

എന്നാൽ, ജാനററിന്റെ പിതൃഭാവം ഇങ്ങനെ ചോദിക്കുന്നുവെന്നിരിക്കട്ടെ: 'വളരെയധികം കുടിച്ചുവെന്ന് നിങ്ങൾക്കു തോന്നുന്നില്ലേ?' അപ്പോൾ റോയി തന്റെ വ്യക്തിത്വം പ്രായപൂർത്തിയായവന്റേതിലേയ്ക്കു പരിവർത്തിപ്പിക്കുകയും, പരിതഃസ്ഥിതി വിലയിരുത്തുകയും പക്വമായ ഒരു തീരുമാനം എടുക്കുകയും ചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞെന്നുവരും.

''ഞാൻ കാറിന്റെ താക്കോൽ നിന്നെ ഏല്പിക്കാം. അല്ലെങ്കിൽ ഇന്നു നാം വീട്ടിലെത്തില്ല'' അപ്പോൾ റോയിയുടെ പക്വഭാവം ജാനററിലെ പക്വമായ വ്യക്തിത്വത്തോടാണു സംസാരിക്കുക. അതേവരെ ശ്രദ്ധിക്കാതെ, തന്റെ പിതൃഭാവം തുടർന്നാൽ അവരുടെ പ്രതികരണം അന്യോന്യവിരുദ്ധമായിത്തീരുന്നു. മിക്കവാറും വിവാഹബന്ധങ്ങളിലെ പരസ്പരതെററിദ്ധാരണകൾക്കു കാരണമാകുന്നതു ഇത്തരം പ്രതികരണങ്ങളാണ്. ഈ സാഹചര്യത്തിൽ സംഭാഷണം തകരാറിലാകുന്നുവെന്നു മാത്രമല്ല, അതിനെ തുടർന്ന്, നിഷേധവികാരങ്ങളും ശിഥിലീകരണപ്രവണതകളും ഉണ്ടാകുകയും ചെയ്യുന്നു. അവസാനം അതു വഴക്കിൽ കലാശിക്കുന്നു.

അന്യോന്യം നല്ല അടുപ്പമുള്ള രണ്ടുവ്യക്തികൾക്ക് ഒരുനിമിഷത്തിൽ പല ഭാവങ്ങളും കൈമാറാൻ കഴിഞ്ഞേക്കും. എന്നാൽ ദാമ്പത്യബന്ധത്തിൽ ഒരു നിമിഷത്തിലെ സാന്ദർഭിക പ്രതികരണങ്ങളേക്കാൾ പ്രധാ

malankaralibrary.com

നം, പ്രതിദിനമുള്ള, ദീർഘകാലാടിസ്ഥാനത്തിലുള്ള ആ ബന്ധത്തിന്റെ പ്രത്യേക ശൈലിയാണ്. വ്യക്തിബന്ധാപഗ്രഥനം ദമ്പതികളെ തങ്ങളുടെ സ്വന്തം മാനസികഭാവങ്ങൾ മനസ്സിലാക്കാനും, അവർ പതിവായി പരസ്പരം ബന്ധപ്പെടുന്ന സഹജപെരുമാററരീതികൾ തിരിച്ചറിയാനും സഹായിക്കുന്നു. ഒരു ഭാര്യയും ഭർത്താവും അന്യോന്യമുള്ള. തങ്ങളുടെ പെരുമാററത്തിലെ മാനസികപങ്ക് ഗ്രഹിക്കുന്നത് വളരെ പ്രധാനമാണ്. എന്തെന്നാൽ പക്വമായ ഭാവങ്ങൾ തമ്മിലുള്ള ബന്ധത്തിൽ മാത്രമേ തുറന്ന, വളർച്ച നിറഞ്ഞ ഒരു ദാമ്പത്യം സംഭവിക്കുന്നുള്ളു.

ഏതാനും ചില ദാമ്പത്യപെരുമാററങ്ങളുടെ ശൈലികൾ പരിശോധിക്കുന്നത് ഇക്കാര്യം കൂടുതൽ വ്യക്തമായി ഗ്രഹിക്കാൻ സഹായിക്കാതിരിക്കില്ല.

പതിമൂന്ന്

# വ്യക്തിഭാവങ്ങൾ ഭിന്നമായിരിക്കുമ്പോൾ....

ഡേവിഡ് കോളജ് വിദ്യാഭ്യാസം ഉപേക്ഷിച്ചു ജോലിയിൽ പ്രവേശിച്ചു. ആയിടയ്ക്ക് ബസ്സിൽ വച്ചാണ് യാദൃച്ഛികമായി ലൂസിയെ പരിചയപ്പെട്ടത്. ഒരു ശിശുപാഠശാലയിലെ അദ്ധ്യാപികയായ ലൂസി പേടമാനിന്റെ മിഴികളുള്ള, ഒതുക്കവും ഇണക്കവുമുള്ള സുന്ദരിയായിരുന്നു. ആദ്യകൂടിക്കാഴ്ചയിൽത്തന്നെ ഇരുവരും പരസ്പരം ആകൃഷ്ടരായി. പിന്നീട് അവർ അന്യോന്യം അടുത്തു. ഡേവിഡിനും ലൂസിക്കും ഒരേ താല്പര്യങ്ങളാണുണ്ടായിരുന്നത്. പ്രകൃതിനിരീക്ഷണങ്ങൾ, വളർത്തുമൃഗങ്ങളോടുള്ള ഇഷ്ടം, എന്നിവയെല്ലാം അവരെ കൂട

malankaralibrary.com

തൽ അടുപ്പിച്ചു. ഇരുവർക്കും മാംസാഹാരം പഥ്യമായിരുന്നു. ഇങ്ങനെ പൊതുവായി തങ്ങളിൽ കണ്ട കാര്യങ്ങളാണു് അവരെ അന്യോന്യം അനുരക്തരാക്കിത്തീർത്തതു്.

താമസിയാതെ, മുറപ്രകാരം അവർ വിവാഹിതരായി. അവരുടെ ജീവിതം ഗ്രാമീണപരിശുദ്ധിപോലെ കളങ്കമററതും ക്ഷേമകരവുമായിരുന്നു. അവർ ചെറിയൊരു വീടുണ്ടാക്കി. സ്വന്തമായി കരകൗശലവസ്തുക്കളുടെ ഒരു വില്പനശാലയും തുടങ്ങി. ഇങ്ങനെ, ഡേവിഡ് ദമ്പതിമാരുടെ ജീവിതം സന്തോഷകരമായിരുന്നു, ഏതാനും നാളുകൾമാത്രം. കുറച്ചു കഴിഞ്ഞപ്പോൾ ഡേവിഡിനു് മടുപ്പുതോന്നി. അയാളുടെ ആന്തരികസംതൃപ്തി കുറഞ്ഞുവന്നു. അതിനാൽ ഒരിക്കൽ താൻ ഉപേക്ഷിച്ച കോളേജ്പഠനം പുനരാരംഭിക്കാൻ അയാൾ തീരുമാനിച്ചു.

ഇപ്പോൾ ഡേവിഡിനു് മഹത്തായ ആത്മസംതൃപ്തി അനുഭവപ്പെടുന്നു. എന്നാൽ കോളേജ് വിദ്യാഭ്യാസം അയാളുടെ ദാമ്പത്യജീവിതത്തിലും ലൂസിയോടുള്ള ബന്ധത്തിലും സമൂലമായ മാററമുണ്ടാക്കി. വലിയൊരു സമ്മർദ്ദം തന്നെ ബാധിക്കുന്നതായി അയാൾക്കുതോന്നി. ലൂസിയുടെ സസ്യശുശ്രൂഷയോടും കരകൗശലനിർമ്മാണത്തോടും കയററുപായവില്പനയോടും തനിക്കു് താല്പര്യം നഷ്ടപ്പെട്ടുവെന്നു് അയാൾ മനസ്സിലാക്കി. അയാൾ കോളേജിലെ സഹപാഠികളായ വിദ്യാർത്ഥിനികളോടു് തൻെറ ഭാര്യയെ താരതമ്യപ്പെടുത്തി നോക്കി. അവരുടെ പക്വതയോടെയുള്ള പെരുമാററവും വശ്യമായ പുഞ്ചിരിയും സംഭാഷണശൈലിയും അയാളുടെ മനസ്സിൽ കുളിർകോരിയിട്ടു. ലൂസിയുടെ കൊഞ്ചിക്കൊഞ്ചിയുള്ള വർത്തമാനവും പൂച്ചക്കുട്ടികളെ വളർത്തുന്നതുപോലുള്ള ബാലിശപ്രവൃത്തികളും അയാളെ അസഹിഷ്ണുവാക്കി.

malankaralibrary.com

''മുമ്പിലെപ്പോലെ നിങ്ങൾ എന്നെ സ്നേഹിക്കുന്നില്ല'' ലൂസി തന്റെ വിഷാദവും നീരസവും പ്രകടിപ്പിച്ചു. അയാൾക്കു അതു് നിഷേധിക്കാൻ കഴിഞ്ഞില്ല. ഇതിനുള്ള കാരണം അയാൾ തന്റെ ഉററ സുഹൃത്തിനോടു് ഇങ്ങനെ വെളിപ്പെടുത്തി.

''ഞാൻ ലൂസിയെ സ്നേഹിക്കാത്തതുകൊണ്ടല്ല, ഞാൻ പക്വത വന്ന ഒരു വ്യക്തിയായി വളർന്നു. എന്നിൽ വ്യക്തിവികാസം സംഭവിച്ചു. എന്നാൽ അവൾ ഒട്ടും തന്നെ വളർന്നിട്ടില്ല. ഇപ്പോഴും ചപലയായ ശിശുതന്നെ''.

ഡേവിഡും ലൂസിയും വിവാഹിതരാകുമ്പോൾ രണ്ടുപേർക്കും ശിശുവിന്റെ വ്യക്തിത്വമാണുണ്ടായിരുന്നതു്. അവരുടെ അഹംബോധം വെറും ശൈശവവികാരങ്ങൾകൊണ്ടു നിറഞ്ഞിരുന്നു. പക്വമായ ചിന്തകളും അവർക്കുണ്ടായിരുന്നില്ല. തന്മൂലം, അവർ പ്രധാന വ്യത്യാസങ്ങൾപോലും അവഗണിച്ചു. അഥവാ പരിഗണിച്ചില്ല. വിവാഹത്തിന്റെ യഥാർത്ഥലക്ഷ്യങ്ങൾ വിചിന്തനം ചെയ്തില്ല. പരസ്പരമുള്ള പ്രതീക്ഷകളും പ്രത്യാശകളും പരിശോധിക്കാതെ അവശേഷിക്കുകയും ചെയ്തു. ഇത്തരം ശൈശവ വ്യക്തിത്വമുള്ളവർ തമ്മിലുള്ള ബന്ധം ആന്തരികമായിരിക്കില്ല; കേവലം ഉപരിതലസ്പർശിയായ താല്പര്യങ്ങളിന്മേലാണു് കെട്ടിയുറപ്പിക്കുക. അതായതു്, ''ഞങ്ങൾ ഇരുവരും സംഗീതം ഇഷ്ടപ്പെടുന്നു''; ''ഞങ്ങൾക്കു രണ്ടുപേർക്കും മൃഗങ്ങളോടു് ഇഷ്ടമാണു്'''. അല്ലെങ്കിൽ, ഡേവിഡിന്റെയും ലൂസിയുടെയും ബന്ധംപോലെ, ''ഞങ്ങൾ രണ്ടുപേരും പ്രകൃതിയെ സ്നേഹിക്കുന്നു'' എന്ന രീതിയിലുള്ള പൊരുത്തമാണു് ദമ്പതികളെ ഒട്ടിപ്പിക്കുന്നതു്. ചിലപ്പോൾ ശൈശവജീവിതത്തോടു ബന്ധപ്പെട്ട ഈ മാനസികഭാവം, ലോകത്തോടും സ്വന്തം മാതാപിതാക്കന്മാരോടും അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക അധികാര സ്ഥാപനത്തോടുമുള്ള അബോധപൂർവമായ പ്രതിഷേധരൂപ

malankaralibrary.com

മായിരിക്കും. മററു ചിലപ്പോൾ, അതു് ജീവിത യാഥാർത്ഥ്യങ്ങളിൽനിന്നും കർത്തവ്യങ്ങളിൽനിന്നും സ്വയം രക്ഷപ്പെടുന്നതിനുള്ള ഉപായമായിരിക്കും—ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടം.

ഇത്തരം വിവാഹജീവിതം രക്ഷപ്പെടുത്താൻ കഴിയുമോ? ജീവിതത്തിൻെറ പ്രഥമനിയമമാണു് വളർച്ച. അതിനാൽ ഇണപങ്കാളികളും പ്രായപൂർത്തിവന്ന മാനസികനിലയിലേക്കു് ഒരുമിച്ചുവളരാൻ കഴിവുള്ളവരായിരിക്കണം. അല്ലെങ്കിൽ, അവരുടെ വർത്തമാനകാല പെരുമാററശൈലി പരസ്പരവിരുദ്ധമായിത്തീരും. അവരുടെ ബന്ധത്തിൽ വളരെയധികം യാതനകൾ സംഭവിക്കും. അതു് അററകുററപ്പണിചെയ്തു് രക്ഷപ്പെടുത്താൻ അവർക്കു് കഴിയുന്നില്ലെങ്കിൽ നാശമായിരിക്കും ഫലം. ഡേവിഡിൻെറയും ലൂസിയുടെയുംപോലുള്ള അപക്വമായ ദാമ്പത്യബന്ധത്തിൽ സംഘർഷങ്ങളുടെ കുരുക്കഴിക്കാനുള്ള കരുക്കളും വിരളമായിരിക്കും.

നാം നേരത്തേ കണ്ട മോളിയുടെയും അവളുടെ മുഴുക്കുടിയരായ രണ്ടു ഭർത്താക്കന്മാരുടെയും ബന്ധം ഒരിക്കൽകൂടി സൂക്ഷ്മമായി നമുക്കു പരിശോധിക്കാം. ഭർത്താക്കന്മാർ രണ്ടുപേരും ''പരാജിത''രുടെ ഗണത്തിൽപ്പെടുന്നു. തങ്ങളുടെ ശൈശവവ്യക്തിത്വത്തോടുകൂടെയാണു് അവർ ഇരുവരും മോളിയോടു് ബന്ധപ്പെട്ടതു്. ഉപയോഗശൂന്യതയുടെയും സ്വാനന്താപത്തിൻെറയും വികാരങ്ങളാണു് അവരെ നയിച്ചിരുന്നതു്. തങ്ങളുടെ വ്യക്തിത്വത്തെക്കുറിച്ചും തങ്ങളെക്കുറിച്ചും അവർക്കു് തീരെ ബോധമുണ്ടായിരുന്നില്ല. തങ്ങൾ മൂല്യമുള്ളവരാണെന്നു് അവർ കരുതിയിരുന്നുമില്ല. അവരുടെ ശിശുസഹജമായ ഈ വ്യക്തിത്വം പരുഷമായി നിന്ദിക്കപ്പെട്ടതുകൊണ്ടാണു് അവർ മദ്യപാനത്തിൽ അഭയംതേടിയതു്—ഒരു പ്രതിരോധമെന്നനിലയിൽ അവർ മദ്യപാനത്തിൽ ഉറച്ചുനിന്നു. അവരുടെ വൈവാഹിക ബന്ധത്തിൽ ആന്തരികമായും ബാഹ്യമായും മോളി ഒരു

malankaralibrary.com

'പിതൃഭാവ'മാണ് സ്വീകരിച്ചത്. അവളുടെ ഈ നില അവരെ ചൊടിപ്പിച്ചു. 'നിങ്ങൾ എന്നോടും കുട്ടികളോടും എന്തു കഷ്ടംകയ്യാണ് ചെയ്യുന്നതെന്ന് ചിന്തിക്കുന്നുണ്ടോ?'' കൂടെക്കൂടെ മോളി അവരെ ചോദ്യം ചെയ്തുകൊണ്ടിരുന്നു. തങ്ങളെ മാററാൻ ഉദ്യമിക്കുന്ന മോളിയിൽ അവർ അധികാരവും അമിതമായ ശാസനയും കാണിക്കുന്ന മാതാപിതാക്കന്മാരെ കണ്ടു. ഇങ്ങനെ അടിക്കടിയുള്ള ആരോപണങ്ങളും ശകാരങ്ങളും, മോളിയുടെ അധികാരഭാവവും, അവരിൽ സജീവമായി നിന്നിരുന്ന ശിശു വ്യക്തിത്വത്തിലെ അടിച്ചമർത്തപ്പെട്ട നിഷേധവികാരങ്ങൾ ഇളക്കിവിട്ടു—വെറുപ്പ്, വൈരാഗ്യം, പ്രതികാരം എന്നിവ അവരിൽ ആളിക്കത്തി. അവർ കൂടുതൽ കൂടുതൽ മദ്യത്തിലേയ്ക്കു മടങ്ങി. പൂർണ്ണമായും മദ്യത്തിനടിമകളുമായി.

അതേസമയം മോളിയിൽ സ്വന്തം സുരക്ഷിതത്വത്തെക്കുറിച്ചുള്ള വികാരം പൊന്തിവന്നു. തന്റെ ജീവിതത്തിന്റെ താങ്ങും തണലും നഷ്ടപ്പെട്ടതായി അവൾ വിചാരിച്ചു. അവളുടെ മനസ്സിൽ അരക്ഷിതത്വം അരങ്ങേറി. തന്മൂലം അവളിലെ പിതൃഭാവം ഒന്നുകൂടി സുശക്തമായി. അതിനോടു ബന്ധപ്പെട്ട പ്രശ്നങ്ങളും സങ്കീർണ്ണമായിത്തീർന്നു. തന്നോട് അനുസരണവും വിധേയത്വവുമുള്ള രണ്ടു ഭർത്താക്കന്മാരെ കണ്ടുപിടിച്ച് തെരഞ്ഞെടുത്തതുതന്നെ അവളിലെ മാതാപിതാക്കന്മാരുടെ വ്യക്തിത്വത്തിന്റെ അമിതമായ സ്വാധീനം വ്യക്തമാക്കുന്നു. ആ ഭാവം മററുള്ളവരെ പരിവർത്തിപ്പിക്കാനും ധാർമ്മിക സദാചാരങ്ങൾ പഠിപ്പിക്കാനും, സംരക്ഷിക്കാനും മാത്രമല്ല മററുള്ളവരിൽ സ്വന്തം അവകാശവും അധികാരവും ചെലുത്താനും ആഗ്രഹിക്കുന്നു. തന്നിലുള്ള കുറവുകൾ മനസ്സിലാക്കാതെ മററുള്ളവരുടെ കുററങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നു. ഈ പ്രകാരം, പിതൃഭാവവും ശിശുവ്യക്തിത്വവും ഉള്ള പങ്കാളികളുടെ ദാമ്പത്യബന്ധം രക്ഷിക്കാൻ വളരെക്കാലത്തെ കഠിനാദ്ധ്വാനം

malankaralibrary.com

വേണ്ടിവരുന്നു — ഗ്രൂപ്പുതെറാപ്പി, വ്യക്തിപരമായ കൗൺസലിംഗ് തുടങ്ങി നിരന്തരപ്രക്രിയകൾവഴി. ഇതിന് ഇണപങ്കാളികളുടെയും സമ്മതവും സഹകരണവും അത്യാവശ്യമാണ്. എന്നാൽ മാത്രമേ, ഭർത്താവിന്റെ അടിമത്തം കുറച്ചുകൊണ്ടുവരാനും അയാളെ പക്വതയുള്ള വ്യക്തിയായി സ്വയം വളർത്താനും കഴിയൂ. ശിശുവിൽനിന്ന് പ്രായപൂർത്തി പ്രാപിക്കേണ്ടുള്ള ഈ വളർച്ച അയാളുടെ മാനസികഭാവത്തിൽ സംഭവിക്കുമ്പോൾ, അയാൾ ഭാര്യയോടു പുതിയൊരു രീതിയിൽ ബന്ധപ്പെടുന്നു. ഇത് അയാളുടെ ഭാര്യയിലും പ്രശ്നങ്ങളുണ്ടാക്കാതിരിക്കില്ല. പുതിയ ബന്ധത്തിലും അവൾ ചിലപ്പോൾ തന്റെ സമരമുറ സ്വീകരിച്ചേക്കാം. അവളും പക്വതയുള്ള പ്രായപൂർത്തിയുള്ള വ്യക്തിത്വത്തിലേക്ക്, തന്റെ പുതിയ പങ്കിലേക്ക് വളരേണ്ടതുണ്ട്. അതിന് കഴിഞ്ഞില്ലെങ്കിൽ അവൾ ഇങ്ങനെ പറയുന്നതു കേൾക്കാം: "നിങ്ങൾ കുടിക്കുന്നതാണ് എനിക്കിഷ്ടം. അപ്പോഴാണ് എനിക്ക് നിങ്ങളോട് കൂടുതൽ സ്നേഹം തോന്നുന്നത്!"

ഹെൻറിക് ഇബ്സന്റെ മനോഹരമായ നാടകമാണ് "പാവക്കുട്ടിയുടെ വീട്" നോർവീജിയൻ ദമ്പതികളായ നോറയുടെയും ടോർവാൾഡ് ഹെമറുടെയും ദാമ്പത്യബന്ധത്തിന്റെ കഥയാണിത്. അതേസമയം തന്നെ, ഒരു സ്ത്രീയുടെ മാനസികശൈശവത്വത്തിൽനിന്ന് ആത്മസ്വാതന്ത്ര്യത്തിലേക്കുള്ള യാത്രയുടെ ആത്മാർത്ഥമായ പഠനംകൂടെയാണിത്.

കർട്ടൻ ഉയരുമ്പോൾ, നോറ കതിയാൻ ഉയർത്തി നിന്ന് ഭർത്താവ് മുറിയിലുണ്ടോ എന്ന് ഒളിഞ്ഞുനോക്കിയശേഷം, തന്റെ പോക്കറ്റിലുള്ള മിഠായിപ്പൊതിയെടുത്ത് കുസൃതിക്കാരനായ കുട്ടിയെപ്പോലെ രഹസ്യമായി ഭക്ഷിക്കുന്നു. രംഗം അവസാനിക്കുമ്പോൾ, ടോർവാൾഡ് ഭാര്യ നോറയെ ഭർത്താവിനോടും സ്വന്തം കുട്ടികളോടുമുള്ള അവളുടെ 'വിശുദ്ധമായ കർത്തവ്യങ്ങൾ'

malankaralibrary.com

അനുസ്മരിപ്പിക്കുന്നതാണ് നാം കാണുന്നത്. ഹെല്മറിനു പകരം അവൾ ഭാര്യയും അമ്മയുമാണെന്ന് അയാൾ പറയുമ്പോൾ നോറ പെട്ടന്നു പ്രത്യുത്തരിക്കുന്നു. "വിശുദ്ധമായ മററു ചില ചുമതലകളും എനിക്കുണ്ട്.... എന്നോടുതന്നെയുള്ള ചുമതലകൾ"

ഇവിടെ, ഭർത്താവിനോടുള്ള അവളുടെ ബന്ധത്തിനു മാററംവന്നതായി നമുക്കു കാണാം. അവൾ ബന്ധനത്തിൽനിന്നും മോചിപ്പിക്കപ്പെട്ടതിന്റെ ചില പ്രത്യക്ഷഭാവങ്ങളും അവളിൽ നാം തിരിച്ചറിയുന്നു. നോറ തന്റെ ശൈശവപ്രകൃതിതം ഉപേക്ഷിച്ച് പ്രായപൂർത്തിയായവളെപ്പോലെ സ്വന്തം ഭർത്താവിനോടു സംസാരിക്കുന്നതും നാം കാണുന്നു. അവൾ പറയുന്നു: "....ആതിനെക്കുറിച്ചു ഞാൻ തിരിഞ്ഞുനോക്കുമ്പോൾ, വെറും അനുതാപാർഹയായ ഒരു സ്ത്രീയെപ്പോലെയാണ് ഇവിടെ ഞാൻ കഴിഞ്ഞിരുന്നതെന്ന് ഇപ്പോൾ ഞാൻ ഗ്രഹിക്കുന്നു—കൈയിലുള്ളത് വായിൽവച്ച് ഭക്ഷിക്കുന്ന വെറുമൊരു അല്പമതിയായിരുന്നു ഞാൻ. ടോർവാൾഡ്, ഞാൻ നിങ്ങളോടു വെറും തന്ത്രങ്ങളാണ് പ്രവർത്തിച്ചിട്ടുള്ളത്. എന്നാൽ നിങ്ങളും അങ്ങനെതന്നെയായിരുന്നു. എന്റെ പിതാവും നിങ്ങളും എന്നോട് വലിയ അനീതിയാണ് ചെയ്തത്. എന്റെ ജീവിതത്തിൽ അല്പംപോലും ഞാൻ വളരാതിരുന്നതിന് നിങ്ങളാണ് കുററുകാർ.

അവൾ നന്ദിയില്ലാത്തവളായതിൽ ടോർവാൾഡ് അവളെ കുററപ്പെടുത്തുന്നു. അവരുടെ വീട്ടിൽ തീർച്ചയായും അവൾക്ക് സന്തോഷമുണ്ടായിട്ടുണ്ട്! എന്നാൽ സന്തോഷമുണ്ടായിട്ടില്ലെന്ന് നോറ തീർത്തു പറയുന്നു: "ഇല്ല. വെറും വിനോദം മാത്രം." അവൾ തുടർന്നു. "......നിങ്ങൾ സദാ എന്നോട് വളരെയേറെ ദയവുള്ളവനാണ്. എന്നാൽ നമ്മുടെ വീട് വെറുമൊരു കളിവിനോദസ്ഥലം മാത്രമായിരുന്നു. ഞാൻ നിങ്ങളുടെ 'പാവയായ ഭാര്യ'യും. എന്റെ പിതൃഭവനത്തിൽ ഞാൻ

malankaralibrary.com

പപ്പായുടെ ഒരു പാവക്കുട്ടിയായിരുന്നതുപോലെതന്നെ ഇവിടെ, കുട്ടികൾ നമ്മുടെ കളിപ്പാവകളായിരുന്നു. നിങ്ങൾ എന്നോടൊരുമിച്ച് കളികളിലേർപ്പെട്ടപ്പോൾ അത് വലിയൊരു തമാശയായി എനിക്കുതോന്നി— കുട്ടികളോടുചേർന്ന് നാം കളികളിൽ പങ്കെടുത്തപ്പോൾ അവർ നല്ലൊരു തമാശയായി അതു കരുതിയതുപോലെതന്നെ. ടോർവാൾഡ്, നമ്മുടെ വിവാഹബന്ധം ഇതല്ലാതെ മറ്റൊന്നല്ല.'

ഇതിൽനിന്ന് പ്രായപൂർത്തിവന്നവർ നിർമ്മിക്കുന്ന എല്ലാ അവസരങ്ങളും അവസാനം സ്വാതന്ത്ര്യത്തിന്റെ പക്വതയിലേക്കും ആത്മസാക്ഷാത്കാരത്തിലേക്കും നയിക്കുന്നില്ലെന്നു നമുക്കു മനസ്സിലാക്കാം. ചിലപ്പോൾ പക്വമായ തീരുമാനമെടുക്കുവാൻ സഹായിക്കുന്നത് ശിശുവിന്റെ വ്യക്തിത്വമായിരിക്കും. വനിതാവിമോചന പ്രവർത്തകരുടെ ചില ആത്മകഥകളെ ആസ്പദമാക്കി പ്രസിദ്ധ എഴുത്തുകാരനായ ജോവാൻ ഡിഡിയോൺ ഇതിനെസംബന്ധിച്ച് ഇങ്ങനെ നിരീക്ഷിക്കുന്നു. ''നിത്യമായ സ്നേഹം, പ്രണയം, വിനോദം, ആപ്പിൾപോലെയുള്ള സൗന്ദര്യം —ഇവയെല്ലാം യഥാർത്ഥമേന്യ പക്വതവന്ന പ്രായപൂർത്തിയായ വ്യക്തിത്വത്തിന്റെ സുസമ്മതമായ ക്രമീകരണത്തിൽ കേവലം അപൂർവമായ പ്രതീക്ഷകളാണെന്ന് എന്ന്.''

ഇത്തരം പ്രതീക്ഷകളും വികലമായ സങ്കല്പങ്ങളും വ്യക്തിയെ കുഴക്കുന്നു, സ്വാഭാവികജീവിതത്തോടുള്ള അരുചി, മറ്റുള്ളവരോടുള്ള അനിഷ്ടം. യഥാർത്ഥ സാഹചര്യങ്ങളോടുള്ള നിഷേധം, ന്യായാനുസൃതമായ പ്രത്യുല്പാദനത്തോടുള്ള വെറുപ്പ്, പക്വമായ ലൈംഗികജീവിതത്തോടുള്ള നിരാപ്പുക എന്നിവയും മേല്പറഞ്ഞ വികലസങ്കല്പങ്ങളോടു കൂടിച്ചേരുമ്പോൾ പക്വത വെറും 'മിഥ്യാദർശനമായി' അധഃപതിക്കുന്നു. തീർച്ചയായും, ഇത് ദാമ്പത്യബന്ധത്തിന്റെ തളർച്ചയ്ക്കു വഴിയൊരുക്കുന്നു.

malankaralibrary.com

പതിനാല്

---

# ദമ്പതിമാർ-സുഹൃത്തുക്കളും കാമുകീ കാമുകന്മാരും

ആധുനിക ദാമ്പത്യബന്ധം ഒരു പരിവർത്തനപ്രക്രിയയെ അഭിമുഖീകരിക്കുകയാണ് —അതിന്റെ നിർവചനങ്ങളിൽ, അതിന്റെ പങ്കുകളിൽ, അതിന്റെ പ്രതീക്ഷകളിൽ, മുൻകാലത്തെപ്പോലെ സമകാലിക ദാമ്പത്യം, നിലനിൽപ്പ്, ഐക്യം, വിദ്യാഭ്യാസം തുടങ്ങിയ 'അനിവാര്യസ്വഭാവങ്ങൾ'ക്ക് അത്രവലിയ പ്രാധാന്യം നൽകുന്നില്ല. അഥവാ അവയ്ക്കു സമാനമായ നിയോഗങ്ങളും കർത്തവ്യങ്ങളും ഒട്ടുംതന്നെ പരിഗണിക്കുന്നില്ല. അതിനാൽ ദാമ്പത്യകർത്തവ്യങ്ങളും ഭാഗഭാഗിത്വവും മാറുന്ന എന്നതല്ല പ്രശ്നം. മറിച്ച്, ആ മാറ്റത്തിന്റെ അർത്ഥവും കരുത്തുമാണ് പ്രധാനം. ആ മാറ്റങ്ങൾ വളർച്ചയാണോ അല്ലെങ്കിൽ തളർച്ചയാണോ സൂചിപ്പിക്കുക. വ്യവസ്ഥാപിത കുടുംബജീവിതം മഹത്തായ ഒരു സ്ഥാപനമെന്നനിലയിൽ നിലനിൽക്കുമോ? അല്ലെങ്കിൽ ദാമ്പത്യബന്ധം അമൂല്യമായ ഒരു മാനസികാനുഭവം എന്ന നിലയിൽ അവശേഷിക്കുമോ?

ഒരു സ്ഥാപനമെന്ന നിലയിൽ വിവാഹബന്ധവും കുടുംബജീവിതവും തികഞ്ഞ പരാജയമാണെന്ന് വളരെയധികം ആളുകൾ ആത്മാർത്ഥമായി ഇന്ന് വിശ്വസിക്കുന്നുണ്ട്. ''ദീർഘകാലം നിരോധിച്ചുനിർത്തുന്ന പാരമ്പര്യം'' എന്നാണ് ചില സ്ത്രീസ്വാതന്ത്ര്യ

malankaralibrary.com

വാദികൾ കോപത്തോടെ വിവാഹത്തെ വിളിക്കുന്നത്. എങ്കിലും ഇത്തരം വിമർശനങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ അവയെല്ലാം പരമ്പരാഗത ദാമ്പത്യബന്ധത്തെക്കുറിച്ചുള്ള ആശയങ്ങളെ കാര്യമായി എതിർക്കുന്നില്ലെന്ന് കാണാം. മാത്രമല്ല, അവർ അവയിൽനിന്ന് ചില ആശയങ്ങൾ സംഘടിപ്പിക്കാനും അവ സ്വന്തം ആവശ്യത്തിനുവേണ്ടി പുനർനിർവചിക്കാനുമാണ് ശ്രമിക്കുന്നത്. വിവാഹത്തിനുപകരം ഉപയോഗപ്പെടുത്താവുന്ന ചില ഏർപ്പാടുകളും ഇവർ ആവിഷ്കരിക്കാറുണ്ട്. ഇവയിൽ ഏറ്റവും പ്രചാരം ലഭിച്ചിട്ടുള്ളത് മൂന്ന് അഭിപ്രായങ്ങളാണ്. ഔദ്യോഗിക വിവാഹകർമ്മം കൂടാതെ തന്നെ ദമ്പതികൾ ഒരുമിച്ചു ജീവിക്കുക, പങ്കാളികളെ അന്യോന്യം കൈമാറ്റം ചെയ്യുവാൻ പൂർണ്ണസ്വാതന്ത്ര്യമുള്ള ദമ്പതികളുടെ സമൂഹവിവാഹങ്ങൾ, യാതൊരു കെട്ടുപാടുകളും ചരടുകളുമില്ലാത്ത 'സർവതന്ത്രസ്വതന്ത്ര്യരായ അവിവാഹിതർ.'

ഇത്തരം സമകാലികപ്രതിഭാസങ്ങൾ വിവാഹത്തിന്റെ അർത്ഥത്തെ സംബന്ധിച്ച് ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു. അവ കടന്നുപോകുന്ന കേവലമായ ആശയഭ്രാന്തു മാത്രമാണോ? അല്ലെങ്കിൽ ഭാവിയെ പുരസ്കരിച്ചുള്ള ഒരു ജീവിതശൈലി ഉൾക്കൊള്ളുന്നുണ്ടോ? ഇത്തരം പകരമേർപ്പാടുകൾ പരമ്പരാഗതദാമ്പത്യബന്ധത്തെ എങ്ങനെ എത്രത്തോളം ബാധിക്കുന്നു? ഇവ അല്പം വിശദമായി പരിശോധിക്കേണ്ടതുണ്ട്.

## 1. വിവാഹത്തിനുമുൻപ് ഒരുമിച്ചു ജീവിക്കൽ

ഇത്തരം പ്രതിഭാസങ്ങൾ നമ്മുടെ നാട്ടിൽ സാധാരണമായിത്തീർന്നിട്ടില്ലെങ്കിലും, പശ്ചിമജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ, ജപ്പാൻ തുടങ്ങിയ വികസിത രാഷ്ട്രങ്ങളിലെ മാതാപിതാക്കന്മാർ, വിവാഹമോതിരത്തിന്റെയോ അല്ലെങ്കിൽ ഔപചാരിക വിവാഹകർമ്മങ്ങളുടെയോ സഹായമില്ലാതെതന്നെ സ്വന്തം മക്കളെ സ്വയം

malankaralibrary.com

ഇണകളെ തേടിപ്പിടിച്ച് ദമ്പതിമാരായി ഒരുമിച്ചു ജീവിക്കുന്ന സമ്പ്രദായം വർദ്ധിച്ചുവരുന്നതുകണ്ട് അമ്പരക്കുന്നു. മാതാപിതാക്കന്മാർക്ക് ഉത്കണ്ഠയുണ്ടാക്കുന്ന ഇത്തരം സംഭവങ്ങളുടെ കണക്ക് സെൻസസ് ബ്യൂറോ അവതരിപ്പിക്കുന്നുണ്ട്. 1960 നും 1970 നും ഇടയിൽ വിവാഹിതരായ ദമ്പതിമാരുടെ എണ്ണം 10% വർദ്ധിച്ചു. എന്നാൽ വിവാഹിതരാകാതെ ഒരുമിച്ചു താമസിക്കുന്ന ദമ്പതിമാരുടെ സംഖ്യ 820% വർദ്ധിച്ചു. അനൗദ്യോഗികമായി ശ്രദ്ധിച്ചാലും ഇക്കാര്യം വ്യക്തമാകും: വെള്ളിയാഴ്ച രാത്രികളിൽ അല്ലെങ്കിൽ ഞായറാഴ്ച പ്രഭാതങ്ങളിൽ സൂപ്പർമാർക്കറ്റുകളിലും ഭോജനശാലകളിലും മറ്റും ഷോപ്പിംഗിനു ദമ്പതിമാർ ഒരുമിച്ചിറങ്ങിയിരിക്കുന്നതുകാണാം. ഇത്തരം ദാമ്പത്യജീവിതത്തിൽ ഉൾപ്പെട്ടുവരുണ്ട് അവരിൽ ഭൂരിഭാഗവും. അതേപോലെതന്നെ വിവാഹത്തിനുമുമ്പുള്ള കൗൺസലിംഗ് കോഴ്സിനു പേർ രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം വല്ലാതെ പെരുകിയിട്ടുണ്ട്—ഈ ദമ്പതിമാരുടെയെല്ലാം 'മേൽവിലാസം' ഒന്നുതന്നെയാണ്. സ്ത്രീയും പുരുഷനും വിവാഹത്തിനുമുമ്പ് വ്യത്യസ്ത മേൽവിലാസം ഇല്ലായെന്നതു തന്നെ അവർ ഒരുമിച്ചു താമസിക്കുന്നുവെന്നതിനു തെളിവാണ്. ഉദാഹരണമായി, ഒരു മുൻകോളേജ്‌വിദ്യാർത്ഥി തന്റെ മുൻകോളേജ് ചാപ്ലിന് അയച്ച കത്തിൽ തന്റെ വിവാഹത്തിന് മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എഴുത്തു തുടരുന്നു: ''ഞാനും ജൂഡിയും നേരത്തെതന്നെ സ്വയം വിവാഹിതരായിട്ടാണ് കഴിഞ്ഞിരുന്നത് എന്നുപറഞ്ഞാൽ അച്ചന് മനസ്സിലാക്കാൻ പ്രയാസമില്ലല്ലോ.''

വിവാഹത്തിനുമുമ്പ് ഒരുമിച്ചുകഴിയുന്ന ദമ്പതിമാരുടെ ജീവിതത്തെ പ്രസിദ്ധഗ്രന്ഥകാരനായ ഫാ. ജെ. മേറ എൽവുഡ് 'അനിശ്ചിതത്വത്തിന്റെ ഒത്തൊരുമ' എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ഈ പ്രതിഭാസം പരമ്പരാഗത ദാമ്പത്യബന്ധത്തിൽനിന്നുള്ള ഒരു മോച

malankaralibrary.com

നചിഹ്നമായി കണക്കാക്കാനാവില്ല. മറിച്ച് അത് അവരുടെ സന്ദിഗ്ദ്ധതയുടെ, പരാജയഭീതിയുടെ ഒരു സൂചനയാണെന്നുവേണം കാണാൻ.

ഇങ്ങനെ ഒരുമിച്ചു ജീവിക്കുന്നവരുടെ ക്രമീകരണങ്ങൾ, ഭയാനകമായവിധത്തിൽ മനുഷ്യത്വഹീനമായ അനുഭവങ്ങൾ ഉൾക്കൊള്ളുന്നതായി പറയപ്പെടുന്നു. മററു ചില സംഭവങ്ങളിൽ, ഇത്തരം ജീവിതത്തിൽ വ്യക്തമായ സംഘർഷലക്ഷണങ്ങൾ കാണുന്നുണ്ട്—ഐക്യത്തിനും പരസ്പരം അടുപ്പത്തിനുമുള്ള ആവശ്യങ്ങൾമൂലം, അവർ ശാശ്വതമായ അന്യോന്യാർപ്പണത്തിലേയ്ക്കും സുരക്ഷിതത്വത്തിലേക്കും തങ്ങളുടെ ബന്ധം വളരാനുള്ള 'ഇട'വും സമയവും അന്വേഷിക്കുകയാണ്. ഇതിന്റെ അർത്ഥം, ഇത്തരം ജീവിതത്തിൽനിന്ന് അവർക്ക് ആത്മാർത്ഥമായ സംയോഗവും പരസ്പരമുള്ള അടുപ്പവും വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ്.

മനഃശാസ്ത്രപരമായി ഒരു വസ്തുത ശ്രദ്ധേയമാണ്. മനുഷ്യന്റെ പ്രചോദനങ്ങൾ സങ്കീർണ്ണമാണ്. എളുപ്പത്തിൽ അപഗ്രഥിക്കാനാകുന്നതുമല്ല. പരസ്യമായി ഒരു മതപരമായ ചടങ്ങിൽ തങ്ങളുടെ വിവാഹപ്രതിജ്ഞ ഉറപ്പിക്കാനുള്ള ദമ്പതിമാരുടെ വൈമനസ്യത്തിന്റെ പിന്നിൽ വിവാഹ ഉടമ്പടിയുടെ പവിത്രതയേയും ഗൗരവത്തെയും കുറിച്ചുള്ള ബോധമാണ് അന്തർഭവിച്ചിരിക്കുന്നതെന്നു തോന്നുന്നു. പല ദമ്പതിമാരും വളരെയധികം ആഹ്ലാദത്തോടുകൂടെ അൾത്താരയിലേയ്ക്കു നടക്കുകയും ആത്മാർത്ഥമായി വിശുദ്ധ പ്രതിജ്ഞകൾ ഏററുചൊല്ലുകയും ചെയ്യുന്നുണ്ട്. അവരിൽ എത്രപേർക്ക് അവയുടെ ശരിയായ അർത്ഥബോധം ഉണ്ടെന്നതു് ശ്രദ്ധിക്കേണ്ട കാര്യമാണ്.

വിവാഹത്തിനുമുമ്പ് ഒരുമിച്ചുള്ള ജീവിതം തെരഞ്ഞെടുക്കുന്ന ദമ്പതിമാർ കാല്പനികമായ അനുരാഗത്തെ തഴുകുന്നവരാണെന്ന് പറയാനാവില്ല. എന്തെന്നാൽ, അത്തരം ബന്ധം 'ഒരുതരം അനിശ്ചിതത്വത്തിന്റെ സംയോഗ'മാണ്. ഭാവിയെക്കുറിച്ച് യാതൊന്നും പ്രവ

malankaralibrary.com

ചിക്കാനാവാത്ത, പങ്കാളികളുടെ വിശ്വസ്തതയെക്കുറിച്ച് യാതൊരു വാഗ്ദാനവുമില്ലാത്ത ഒരു ബന്ധമാണത്. എന്നാൽ വാസ്തവത്തിൽ ഇത്തരം 'ഏർപ്പാടുകൾ' ഇന്ന് വർദ്ധിച്ചുവരുന്നതിനു കാരണം, കാലത്തിന്റെ അരക്ഷിതത്വവും അനിശ്ചിതത്വവും മാത്രമല്ല; പരസ്പരം ഒരുമിച്ചുചേരുന്ന വ്യക്തികളുടെ മതാത്മകവും ധാർമ്മികവുമായ അവിശ്വാസവും പ്രധാനകാരണമാണ്. ചുമതലകളും കർത്തവ്യങ്ങളും കടമകളും നിറവേററുന്നുള്ള വൈമനസ്യവും, തന്നെക്കുറിച്ചുതന്നെയുള്ള ഉറപ്പില്ലായ്മയും ഇത്തരം അംഗീകൃതമല്ലാത്ത 'ഒരുമിച്ചുതാമസ'ത്തിനു കാരണമായി ചൂണ്ടിക്കാണിക്കാം.

## 2. സമൂഹവിവാഹ ജീവിതബന്ധങ്ങൾ

പരമ്പരാഗത വിവാഹബന്ധത്തിനുപകരം നിർദ്ദേശിക്കുന്ന മറെറാരേർപ്പാടാണ് സമൂഹവിവാഹം. റോബർട്ട് റിമ്മറിന്റെ നോവലുകളിൽ ഇണകളെ അന്യോന്യം കൈമാററംചെയ്യുന്ന ലൈംഗിക അരാജകത്വവാദികളുടെയും ലൈംഗികസ്വാതന്ത്ര്യത്തിന്റെ ആരാധകരുടെയും സാമൂഹ്യ പരീക്ഷണങ്ങൾ വിവരിച്ചിട്ടുണ്ട്. പാശ്ചാത്യനാടുകളിൽ വളരെയേറെ പരിഗണിക്കപ്പെടുകയും യൂണിവേഴ്സിററികളിൽപ്പോലും ഗൗരവമായ ചർച്ചയ്ക്ക് വിധേയമാക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ് 'വിവാഹത്തിനുപകര'മുള്ള ഇത്തരം പരീക്ഷണങ്ങൾ.

''അനേകം പങ്കാളികളുള്ള വിവാഹങ്ങൾ'' വിവരിക്കാനുള്ള ഒരു ശ്രമമാണ് ലാറിയുടെയും കോൺസ്റ്റന്റൈന്റെയും 'സമൂഹവിവാഹം എന്ന ഗ്രന്ഥം. അതിൽ ഇത്തരം 33 വിവാഹങ്ങളുടെ പഠനം അവർ നടത്തിയിരിക്കുന്നു. 11 സമൂഹദാമ്പത്യബന്ധങ്ങളുടെ സമഗ്രമായ അപഗ്രഥനവും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ വിഷയത്തെക്കുറിച്ച് ഗവേഷണം നടത്തുന്ന മറെറാരു ഗ്രന്ഥകാരനാണ് ലെസ്റ്റർ വേലി. 'തിരോഭ

malankaralibrary.com

വിക്കുന്ന കുടുംബസങ്കൽപം' എന്നൊരു ലേഖനത്തിൽ, കുടുംബസാമൂഹ്യശാസ്ത്രജ്ഞന്മാരുടെ സമ്മേളനത്തിൽ ഒരു പ്രാസംഗികൻ സമൂഹവിവാഹജീവിതത്തെക്കുറിച്ച് പ്രകടിപ്പിച്ച ചില ആശയങ്ങൾ അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്:

സമൂഹവിവാഹം, 'കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം അത്ഭുതകരമാണ്'. മാത്രമല്ല, തീർച്ചയായും അത് 'പ്രായപൂർത്തിയായവരെ വളരാൻ സഹായിക്കുന്നുണ്ട്'. ആ പ്രഭാഷകൻ തുടർന്ന് ഇങ്ങനെ പറഞ്ഞു.

അഞ്ചോ പത്തോ സംവത്സരങ്ങൾക്കിടയിൽ ''സമൂഹവിവാഹബന്ധം പരമ്പരാഗത ദാമ്പത്യബന്ധത്തെ സ്ഥാനഭ്രഷ്ടമാക്കി പകരം സ്വയം അവരോധിക്കുമെന്ന പറയാനായില്ല. എങ്കിലും അതിന്റെ നീക്കം ആ വഴിക്കാണ്.'' ഇത്തരം അവകാശവാദമുന്നയിക്കാൻ എന്താണ് തെളിവെന്ന ചോദിച്ചപ്പോൾ അത്തരം 12 സമൂഹവിവാഹങ്ങളെപ്പററി തനിക്കറിയാമെന്നും, പരസ്പരം ഇണകളെ കൈമാററംചെയ്യുന്ന മൂന്നുസംഭവങ്ങൾ താൻ നിരീക്ഷിച്ച പഠിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പ്രത്യുത്തരിച്ചുവത്രേ.

93 ദശലക്ഷം വിവാഹിതരായ അമേരിക്കൻ ദമ്പതിമാരുടെ ദൃഷ്ടിയിലൂടെ വീക്ഷിക്കുമ്പോൾ ഏകപത്നീവ്രതത്തിന്റെയും ഏകഭർത്തൃവ്രതത്തിന്റെയും മഹാസമുദ്രത്തിലെ വെറും നിസ്സാരമായ ഒരു തുള്ളി മാത്രമാണ് ഈ സമൂഹവിവാഹബന്ധങ്ങൾ എന്നു കാണാം. കോൺസ്റ്റന്റൈന്റെ ഗ്രന്ഥം വായിച്ച ഒരു വിമർശകൻ ഇപ്രകാരം അഭിപ്രായപ്പെട്ടു.

''എന്റെ സ്വന്തം മതിപ്പനുസരിച്ച്, സമൂഹവിവാഹങ്ങൾ അഭിലാഷപൂർത്തീകരണത്തിന്റെയോ അമിതമായ ലാളനത്തിന്റെയോ ഫലമായുള്ള ക്ഷണികവും ദുർബലവുമായ ആദർശഭ്രാന്താണ്; ഒരുതരം 'പിരിയിളക്കം' ആണ്. ക്ഷണഭംഗുരമായ അനുഭൂതികൾക്കു

malankaralibrary.com

വേണ്ടിയുള്ള ആസക്തിയാണ്. അവ ഉന്മത്തമായ ചില മനോഭാവങ്ങളുടെ പഠനാർത്ഥമുള്ള പരീക്ഷണനിരീക്ഷണമാണ്—നമ്മുടെ കാലഘട്ടത്തിന്റെ ആത്മാവിനെ കാർന്നുതിന്നുന്ന ചില ദർശനവിശേഷങ്ങളായ സംഘഷം, ആരും സ്നേഹാർഹരല്ലെന്ന ചിന്താഗതി, സ്വാതന്ത്ര്യത്തിന്റെ സ്വയം പരിധി എന്നിവ പ്രകടമാക്കുന്ന മനോഭാവങ്ങളാണ്,

ഞാൻ പ്രവചനത്തിനുള്ള ഒരു സാഹസിക സംരംഭത്തിൽ ഏർപ്പെടുന്നുവെന്നു കരുതുക—എങ്കിൽ ഇതൊരു ലക്ഷ്യമില്ലാത്ത, അപഥസഞ്ചാരത്തിന്റെ, പരീക്ഷണ പരിശോധനകളുടെ കാലഘട്ടമാണ്. അധികം താമസിയാതെ അന്ധകാരത്തിൽ തപ്പിത്തടയുന്ന ഈ കാലഘട്ടം സ്വയം അവസാനിച്ചുകൊള്ളും. 'വിശ്വാസ്യത' പോലുള്ള പദങ്ങൾ നാലക്ഷരമുള്ള വെറുമൊരു വാക്കല്ലെന്ന് ആളുകൾ പരിഗണിക്കുന്ന ഒരു സമയം വരും.

3. പൂർണ്ണസ്വതന്ത്രരായ അവിവാഹിതർ

നമ്മുടെ സമൂഹത്തിൽ തനിച്ചു താമസിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണക്കുകൾ കാണിക്കുന്നു—അതിൽ അവിവാഹിതർ, വിവാഹമോചിതർ, വിധവകൾ എന്നിവരുമുണ്ട്. 1975—ൽ തനിയെ താമസിക്കുന്നവർ 40 ദശലക്ഷമായിരുന്നെങ്കിൽ 1980—ൽ അവരുടെ സംഖ്യ 46 ദശലക്ഷമായി ഉയർന്നു. ഇവരിൽ പകുതിയിലേറെ ആളുകൾ 18—നും 29—നും ഇടയ്ക്കുപ്രായമുള്ളവരായിരുന്നു. ഇവരെയാണ് വട്ടംകറങ്ങുന്ന ഒററയാൻമാർ എന്നു വിശേഷിപ്പിക്കുന്നത്. ''ഇവരെല്ലാം വിമോചനത്തിന്റെ ജീവിതശൈലി'' തെരഞ്ഞെടുത്തു് തനിയെ താമസിക്കുന്ന പ്രായപൂർത്തിയായ ചെറുപ്പക്കാരാണ്. ഇവരെല്ലാം തനതായ സാമൂഹ്യസമ്പ്രദായങ്ങൾ, താല്പര്യങ്ങൾ, അഭിലാഷങ്ങൾ, ആഗ്രഹങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു ഉപ—സംസ്കാരത്തിന്റെ സന്തതികളാണ്. ഈ ഒററപ്പെട്ടവരുടെ പ്രത്യേക

malankaralibrary.com

ക്ലബുകളും പാശ്ചാത്യനാടുകളിൽ സർവസാധാരണമായിത്തീർന്നിട്ടുണ്ട്. ഈ ചെറുപ്പക്കാരുടെ ജീവിതശൈലിയുടെ ഏറ്റവും നിർബന്ധപൂർവമായ അടയാളം, അന്ധകാരം നിറഞ്ഞ മദ്യശാലയാണ്. പല കാര്യത്തിലും ഈ മദ്യശാല ഇന്ന് വളരെ പ്രസിദ്ധമാണ്. എന്തെന്നാൽ, സാമൂഹ്യവും ലൈംഗികവുമായ സമ്മർദ്ദങ്ങൾക്കടിമപ്പെട്ട്, സൗഹൃദത്തിനും പങ്കാളിത്തത്തിനുമുള്ള ദാഹശമനത്തിന് നിരാശാഭരിതമായ ഹൃദയത്തോടെ പരസ്യമാർക്കററിൽ അന്വേഷിപ്പിറങ്ങാൻ നിർബന്ധിതരാകുന്ന സ്ത്രീപുരുഷന്മാരിൽ ഭൂരിഭാഗവും ഈ ബാറിന്റെ ആരാധകന്മാരാണ്.

''നഗരമായ നൊമാഡുകൾ'' എന്ന ഗ്രന്ഥത്തിൽ അവിവാഹിതനായ ഒരു പുരുഷന്റെ സ്ഥിതി ജോർജ് ഗിൽഡർ വിശദീകരിക്കുന്നുണ്ട്. (പ്രറിസഞ്ചരിച്ചും കാലിമേച്ചും ജീവിക്കുന്ന ഒരു അപരിഷ്കൃത ജനവർഗ്ഗമാണ് നൊമാഡുകൾ. ഒരിടത്തും സ്ഥിരമായി താമസിക്കാത്ത അവർ തോന്നിയവാസ ജീവിതമാണ് നയിക്കുക). കല്യാണംകഴിക്കാത്ത പുരുഷന്റെ ഞെട്ടിപ്പിക്കുന്ന ഒരു ചിത്രം അദ്ദേഹം ഇതിൽ വരച്ചുവയ്ക്കുന്നു. അവിവാഹിതൻ വിവാഹിതനേക്കാൾ വളരെ കുറച്ചു സമ്പാദിക്കുന്നു. അവർ പരുഷമായി പെരുമാറുന്നു. ചുരുങ്ങിയത് രണ്ടുപ്രാവശ്യമെങ്കിലും കുററകൃത്യങ്ങൾ ചെയ്യുകയും ജയിലിൽ പോവുകയും ചെയ്യുന്നു. മാത്രമല്ല, അവർക്ക് അകാലമരണം സംഭവിക്കുന്നു. അല്ലെങ്കിൽ നിർദ്ദിഷ്ട സമയത്തിനുമുമ്പുതന്നെ മരിക്കുന്നു. അതുമാത്രമോ? അവിവാഹിതൻ സ്വാഭാവികമായി ശാരീരികവും മാനസികവുമായ രോഗങ്ങളാൽ ആക്രമിക്കപ്പെടുന്നു. ആത്മഹത്യചെയ്യാനും സാദ്ധ്യത വളരെ കൂടുതലാണ്. ഇങ്ങനെ ഒരു നിഷേധാത്മക പ്രതിച്ഛായ വരച്ചുവച്ചുകൊണ്ട്, ഒരു അവിവാഹിതന്റെ ജീവിതം, ഒരു പ്രതിജ്ഞ നിലനിറുത്താനുള്ള അയാളുടെ അപ്രാപ്തിയും ഭാവിയുടെനേർക്കുള്ള ലക്ഷ്യസാക്ഷാൽ

കാരത്തിന്റെ അഭാവവുമാണ് സൂചിപ്പിക്കുന്നതെന്ന് ഗിൽഡർ വ്യക്തമാക്കുന്നു. ഒരു നഗരത്തിൽനിന്ന് മറ്റൊരു നഗരത്തിലേയ്ക്കും ഒരു ജോലിയിൽനിന്ന് മറ്റൊരു ജോലിയിലേയ്ക്കും, ഒരു സ്ത്രീയുടെ ശയ്യയിൽ നിന്ന് മറ്റൊരു ശയ്യയിലേയ്ക്കും മാറിമാറി നീങ്ങാനുള്ള പ്രേരണയും വാസനയും പ്രകടിപ്പിക്കുന്നവനാണ് അവിവാഹിതൻ എന്ന് അദ്ദേഹം ഉറച്ചു വിശ്വസിക്കുന്നു.

ജൂഡിത്ത് റോസ്നെറുടെ സുപ്രസിദ്ധമായ 'ബാറിലെ ഉല്ലാസപ്രദമായ കൂട്ടുകെട്ടിനുള്ള അന്വേഷണം' എന്ന നോവലിൽ തെരീസ ഡൺ എന്നൊരു അവിവാഹിത വനിതയുടെ ജീവിതം വിവരിക്കുന്നു. അവൾ പകൽമുഴുവൻ തികഞ്ഞ ആത്മാർത്ഥതയോടെ ഒരു വിദ്യാലയത്തിൽ അദ്ധ്യാപികയായി പ്രവർത്തിക്കുന്നു. രാത്രിയിൽ ന്യൂയോക്കിലെ അവിവാഹിതരുടെ ബാറുകളിൽ പര്യടനം നടത്തുന്നു. എല്ലാ ദിവസവും രാത്രിയിൽ അവൾ തനിയെയാണ് മദ്യശാലയിലെത്തുന്നതെങ്കിലും തിരിച്ചുപോകുമ്പോൾ ഏതെങ്കിലും ഒരുത്തനെ കൂട്ടിനു തെരഞ്ഞെടുക്കുക പതിവായിരുന്നു. ഒരു രാത്രിയിൽ കൂട്ടിനു തെരഞ്ഞെടുത്തവന്റെ കരങ്ങളാൽത്തന്നെ അവൾ ക്രൂരമായി വധിക്കപ്പെടുന്നതാണ് തെരീസയുടെ ജീവിതത്തിലെ അന്ത്യരംഗം.

ഈ ഗ്രന്ഥത്തിൽ ന്യൂയോർക്കിലെ അവിവാഹിതരുടെ വൃത്തികെട്ട ബാർരംഗങ്ങൾ വർണ്ണിക്കുന്നു; ഒറ്റപ്പെട്ടവരും അവിവാഹിതരുമായ ഏതാനും സ്ത്രീകളുടെ തമോമയമായ ജീവിതവശങ്ങൾ പുനരാവിഷ്ക്കരിക്കാൻ ശ്രമിക്കുന്നു. അവരുടെ ഇണകളെത്തേടിയുള്ള പരക്കംപാച്ചിൽ, അരക്ഷിതത്വം, ഏകാന്തത എന്നിവയെല്ലാം ഏററവും ഭീതിജനകമായി യാഥാർത്ഥ്യബോധത്തോടെ ഇതിൽ വിവരിക്കുന്നു.

malankaralibrary.com

അവിവാഹിതരെല്ലാം ചഞ്ചലമനസ്സരോ പ്രതിജ്ഞനിറവേററാനാവാത്തവരോ അല്ലെങ്കിൽ ലൈംഗിക അരാജകത്വവാദികളോ ആണെന്നല്ല ഇതിനർത്ഥം. എന്നാൽ ചിലർക്കു് ഒരു പ്രതിജ്ഞ ചെയ്യുന്നതിനോ അല്ലെങ്കിൽ ''ഞാൻ നിന്നെ സ്നേഹിക്കുന്നു'' എന്നു പറയുന്നതിനോ പ്രയാസമനുഭവപ്പെടുന്നു. ആ കഴിവില്ലായ്മയാണു്, വിവാഹത്തിനുപകരം ''സർവസ്വാതന്ത്ര്യമായ അവിവാഹിത'' ജീവിതശൈലി എന്ന മുഖംമൂടിയണിയാൻ അവരെ പ്രേരിപ്പിക്കുന്നതു്. അവിവാഹിതസമൂഹത്തിനു് 'വിമോചനത്തിന്റെ ഭാഷ'ശൈലി വളരെ പ്രിയമുള്ളതാണു്. ''ഈ ഘട്ടത്തിൽ സ്വയം ബന്ധിതനായിത്തീരാൻ ഞാൻ ആഗ്രഹിക്കുന്നില്ല''; ''വളരാൻ എനിക്കു സ്വാതന്ത്ര്യം വേണം''; ''ഞാൻ എപ്പോഴും സ്വതന്ത്രനായിരിക്കാൻ ആഗ്രഹിക്കുന്നു''–ഇതെല്ലാം മൗലികമായ ഐക്യബോധത്തിന്റെ, മററുള്ളവരുമായി താദാത്മ്യം പ്രാപിക്കാനുള്ള കഴിവിന്റെ അഭാവത്തെ സൂചിപ്പിക്കുന്ന പ്രസ്താവനകളാണു്.

വില്യം ചാഡിക്കു് എന്ന മനഃശാസ്ത്രജ്ഞൻ എഴുതിയ 'ഐക്യവും അടുപ്പവും' എന്ന കൃതിയിൽ, സ്നേഹിക്കാനും പ്രതിജ്ഞ നിർവഹിക്കാനുമുള്ള കഴിവു്, പ്രധാനമായും താദാത്മ്യത്തെക്കുറിച്ചുള്ള അടിസ്ഥാനബോധത്തെ ആശ്രയിച്ചിരിക്കുന്നതായി സൂചിപ്പിക്കുന്നു. ഐക്യം സ്നേഹത്തെ പിൻതുണയ്ക്കുന്നു. ഐക്യം കൂടാതെയുള്ള പ്രതിജ്ഞകൾ അർദ്ധമനസ്സോടെയുള്ളവയാണു്– ഐക്യമില്ലെങ്കിൽ നാം ലക്ഷ്യമില്ലാതെ വലിച്ചിഴയ്ക്കപ്പെടുന്നു. ഐക്യത്തിന്റെ അഭാവത്തിൽ അടുപ്പം സംഭവിക്കുന്നില്ല. നാം വിശ്വസിക്കാൻ പ്രാപ്തിയില്ലാത്തവരായിത്തീരുന്നു. സ്വതവേതന്നെ കുറച്ചുമാത്രം നമുക്കവകാശപ്പെടാവുന്ന സ്വന്തം വ്യക്തിത്വബോധം ഭയത്തിൽ മുങ്ങിത്താഴുന്നു. മറെറാരാളുമായുള്ള ഉററ സൗഹൃദബന്ധം ഭയം പ്രതിരോധിച്ചുനിർത്തുന്നു. സംശയവും ആശങ്കയും ഉടലെടുക്കുന്നു.

malankaralibrary.com

വിവാഹത്തിന്റെയും കുടുംബത്തിന്റെയും വിമർശകർ, സമൂഹത്തിലെ മൗലികസ്ഥാപനങ്ങളെ സംബന്ധിച്ച് വീണ്ടും വീണ്ടും വിലയിരുത്താൻ ശ്രമിക്കുന്നുണ്ട്. എന്നാൽ അവ ഒട്ടും പുതിയതല്ല. മാനവചരിത്രത്തിലെ പരിവർത്തനഘട്ടങ്ങളിൽ സംഭവിക്കാവുന്നവ മാത്രമാണവ. എന്നാൽ ദാമ്പത്യബന്ധത്തിനു പകരം ഈ വിമർശകർ നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ രോഗശമനത്തേക്കാൾ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നതെന്നു തോന്നുന്നു. യഥാർത്ഥത്തിൽ ദാമ്പത്യബന്ധത്തിൽ പുഴക്കുത്തുകൾ വരാതെയും അതിനെ രോഗസംക്രമണം കൂടാതെ പരിരക്ഷിക്കുകയുമാണ് അഭികാമ്യം.

—00—

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# വ്യക്‌തിയും കുടുംബവും

**കെ. പി. വർക്കി കുന്നേൽ**

വ്യക്തി രൂപപ്പെടുന്നതും വളർന്നു് ആളായിത്തീരുന്നതും കുടുംബത്തിലൂടെയാണു്. അവൻ തുടങ്ങുന്നതു് കുടുംബത്തിൽ നിന്നാണു്. അവിടെ അവൻ ആദരിക്കപ്പെടുന്നു. ആദരിക്കാൻ പഠിക്കുകയും ചെയ്യുന്നു. ശുശ്രൂഷ സ്വീകരിക്കുന്നു. ഒപ്പം കൊടുക്കുന്നു. അവിടെ അവൻ ഒരു സ്ഥാനം വഹിക്കുന്നു. അവിടെത്തന്നെ അവൻ മേലധികാരിയാണു്; ഒപ്പം അനുസരിക്കുകയും ചെയ്യുന്നു.

ബന്ധങ്ങളിൽക്കൂടിയാണു് വ്യക്തി വളരുന്നതു്. ബന്ധമില്ലായ്മ അനാഥബോധം ജനിപ്പിക്കുന്നു. ശൂന്യതയുടെ മാരകമുറിവ് മനസ്സിൽ ഏററു് വിങ്ങുന്ന ജീവിതം നരകിച്ചു് തീർക്കാൻ ബന്ധമില്ലാത്തവൻ നിർബ്ബന്ധിതനായിത്തീരുന്നു. വ്യക്തിബന്ധങ്ങളെ നന്നായി വിലയിരുത്തി കുടുംബജീവിതത്തിനു് വ്യക്തമായ കാഴ്ചപ്പാടു നല്കുന്ന ഒരു കൃതിയാണിതു്. അനുഭവങ്ങളിലൂടെ ആശയങ്ങൾ ആഴമായി ഹൃദയത്തിൽ പതിക്കാൻ ശ്രദ്ധേയമായ ശ്രമം ഇതിന്റെ വരികളിൽ കാണാം.

*കുടുംബ ജീവിത പരമ്പര - 6*

വിതരണം

**ജനത ബുക്ക്സ്റ്റാൾ**

തേവര — എറണാകുളം — ആലുവ — ചേർത്തല

Cover Printed at K. C. M. Press, Cochin - 682 011

malankaralibrary.com